
പരിസ്ഥിതി – ജനകീയസമരങ്ങൾ

2012 നവംബർ / വോള്യം 4 / ലക്കം 5/ വില ₹15

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത




**ജാഗ്രത**

സുഗതകുമാരി





# സംഘടിത

നവംബർ 2012 - വാല്യം 4-ലക്കം 5


# ഉള്ളടക്കം




ജാഗ്രത **8**
സുഗതകുമാരി



11. വയലുകളും ഭക്ഷ്യ പരമാധികാരവും - **ഉഷ.എസ്**
13. വിഴുപ്പു ചുമക്കാൻ വിളപ്പിൽ ജനതയില്ല..- **നിഹാല നാസർ**
21 എൻഡോസൽഫാൻ ദുരിതബാധിതരോടുള്ള
അവഗണനതുടരുന്നു - **ടി.ശോഭന**
24. പ്ലാസ്റ്റിക് എന്ന നിശ്ശബ്ദകൊലയാളി - **ആശ ഹരി**
28. ഇതായിരിക്കില്ല എന്റെ മേഴ്സി - **അലിഷ ബേബി**
31 നഴ്സിംഗ് മേഖല
നേരിടുന്ന വെല്ലുവിളികൾ - **അഡ്വ. ടി. ബി. മിനി**
37 കണ്ടൽക്കാടുകൾ - അന്യമായിക്കൊണ്ടിരിക്കുന്ന
ആവാസവ്യവസ്ഥ - **അനുമോൾ ജോയ്**
39 പുഴകൾ നിശ്ശബ്ദമാക്കപ്പെടുന്നതിന് മുൻപ് - **ഡോ. എ. ലത**
43 ജൈവനീതി ജീവാവകാശം - **ഡോ. പി. കെ. ഭാഗ്യലക്ഷ്മി**
45 ബി.ര.ടിക്കെതിരായ സമരം തുടരുന്നു - **ജ്യോതി നാരായണൻ**
52 അണുഗുണ്ട് - ഇടപെടലിന്റെ തീവ്രരാഷ്ട്രീയം - **അഖില മാണിക്കുട്ടി**
56 വൈവാഹികപരമായ സ്വത്തുക്കളുടെ മേലുള്ള
അവകാശങ്ങളെ സംബന്ധിച്ചുള്ള ഏകദിനശില്പശാല -
**- അഡ്വ. സന്ധ്യാരാജു**
57 അന്വേഷി വാർത്തകൾ
58. പുസ്തകപരിചയം, കാർട്ടൂൺ






**ഡെയ്സി ഫ്രാൻസിസ് -**
**കാതിക്കുടം സമരനായിക** **17**
- സോജ പി.എസ്, നീനാഭരത്





**ജനകീയസമരങ്ങളും**
**എൻ. എ. പി. എം സാധ്യതകളും** **26**
**- കുസുമം ജോസഫ്**


**കവിതകൾ**


**'നിനക്കെത്ര വയസ്സായി?' ഗീതാമണി**
**ഇമ - ശോഭാ ജോഷി**
**പെൺകവിത :കവി സംവാദം - സാവിത്രി രാജീവൻ**
**മഴ പറയുന്നത് - പി. ലിസ**
**ഭൂമിയൊന്നാകെ - ആർ. ശ്രീലതാ വർമ്മ**



എഡിറ്റർ : സാറാജോസഫ്
മാനേജിംഗ് എഡിറ്റർ : കെ.അജിത
എക്സി.എഡിറ്റർ : രാജലക്ഷ്മി.കെ.എം.
ഗസ്റ്റ് എഡിറ്റേഴ്സ് : കുസുമം ജോസഫ്, എം.സുൽഫത്ത്
പത്രാധിപ സമിതി : ഡോ. ജാൻസി ജോസ്, ദീദി, സി.എസ്.മീനാക്ഷി, ഗിരിജ.പി.പാതേക്കര, ജ്യോതി നാരായണൻ, ഡോ.കെ.എം.ഷീബ, ഡോ.മിനി പ്രസാദ്, ഡോ.പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത. ടി.വി., കെ.കെ.സാവിത്രി, കെ.കെ.പ്രീത
സർക്കുലേഷൻ മാനേജർ : ചാരുലത എ.എസ്.
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ.എം. ലീലാവതി, ഡോ.ശാരദാമണി, ഡോ.മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സുവിജ
പ്രിന്റിംഗ് : ഏ - വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com
www.anweshi.org + www.sanghaditha.com

സുഗതകുമാരി

# കരയുക മോശം, ചിരിക്കട്ടേ ഞങ്ങൾ....

**കരയുക** മോശം, ചിരിക്കട്ടേ ഞങ്ങൾ....
..........................................................
മുടിയുന്ന സസ്യമുടികളെ നോക്കി-
ക്കെടുതിയേറുമീ നിറമണ്ണും നോക്കി
വിഷമൊലിക്കുന്ന പുഴകളെ നോക്കി
മുറിച്ചു വീഴ്ത്തുന്ന വനങ്ങളെ നോക്കി
നെടുംകൈകൾ വിണ്ണിലുയർത്തിക്കേണു നി-
ന്നെരിഞ്ഞിടുന്ന വന്മരങ്ങളെനോക്കി
ചതിയിൽ വീഴുന്ന കരികൾ തന്റെ ചെ-
ന്നിണമുണങ്ങിയ വെളുത്ത കൊമ്പുകൾ
നിരത്തിവെച്ചതിന്നിടയിൽ കണ്ട ര-
ണ്ടിളം കൊമ്പിൻ പിഞ്ചുമുളകളെനോക്കി
കരയുക മോശം, ചിരിക്കട്ടേ ഞങ്ങൾ

# പ്രതിജ്ഞ

ഗീതാ നസീർ

**മണ്ണും** ജലവും സംരക്ഷിക്കാൻ
മനുഷ്യകുലം നിലനിൽക്കാൻ
നമുക്കുമുൻപിലുള്ള ഈ മനോഹര ഭൂമി
ആർക്കും വിട്ടുകൊടുക്കില്ലെന്ന്
ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു
ഇത് പ്രകൃതിയുടെ നേർ പെങ്ങൾമാരായ
സ്ത്രീകളുടെ ദൃഢ പ്രതിജ്ഞ.
ഞങ്ങളുടെ അവസാനശ്വാസംവരെ
ഭൂമിക്കും ജലത്തിനും വേണ്ടി പോരാടും.
ഒരു കോർപ്പറേറ്റ് മാഫിയ സംഘത്തിനും
കവർന്നെടുക്കാൻ ഒരു തരി മണ്ണും
ഞങ്ങൾ വിട്ടു കൊടുക്കില്ല.
ആറന്മുളയുടെ മണ്ണ് ആറന്മുളക്കാർക്ക് സ്വന്തം
ഈ പോരാട്ടത്തിൽ നമ്മൾ ഒരുമിച്ച്
സത്യം, സത്യം, സത്യം





സാറാജോസഫ്

# മുഖപ്രസംഗം

**ജനങ്ങളുടേയും** പരിസ്ഥിതിയുടേയും പക്ഷത്തുനിന്നുകൊണ്ട് വികസനത്തെ/അതിന്റെ ഇരുണ്ടവശങ്ങളെ വിലയിരുത്തുകയാണ് ഈ ലക്കം സംഘടിത. കാസർകോടു മുതൽ തിരുവനന്തപുരം വരെ വിവിധ ജില്ലകളിലെ പരിസ്ഥിതി പ്രവർത്തകരും ജനകീയ സമരനേതാക്കളും എഴുത്തുകാരും സാംസ്കാരിക പ്രവർത്തകരുമായ സ്ത്രീകളാണ് ഇതിൽ പങ്കെടുത്തിട്ടുള്ളത്. സർക്കാരിന്റെ ഭാഗത്തു നിന്നും നടത്തുന്ന പരിസ്ഥിതി ആഘാത പഠനപ്രഹസനങ്ങൾ തള്ളിക്കളഞ്ഞുകൊണ്ട് ശാസ്ത്രീയമായും വസ്തുതാപരമായും നടത്തപ്പെടുന്ന സമാന്തരപഠനങ്ങൾ ശക്തിയാർജ്ജിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണ് ഇത്. പ്ലാച്ചിമടയിലും അതിരപ്പിള്ളിയിലും കൂടംകുളത്തുമൊക്കെ നമ്മൾ അത് കാണുന്നു. ജനകീയ സമരങ്ങൾക്ക് ബലവത്തായ അടിത്തറ നൽകുന്നതിനും കൃത്യമായ ദിശാബോധം ഉണ്ടാക്കുന്നതിനും ഈ പഠനങ്ങൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. സർക്കാർ ഏജൻസികൾ പക്ഷപാതിത്വത്തോടു കൂടി നടത്തുന്ന പഠനങ്ങൾ ഉദ്യോഗസ്ഥരുടേയും ഭരണകർത്താക്കളുടേയും അഴിമതിയുടെ നിഴൽവീണ് സത്യത്തിൽനിന്ന് അകലെ നിൽക്കുന്നതായാണ് അനുഭവം. എൻഡോസൾഫാൻ പ്രശ്നത്തിൽ ഇപ്പോഴും സർക്കാർ പറഞ്ഞുകൊണ്ടിരിക്കുന്നത് എൻഡോസൾഫാൻ മൂലമല്ല ആ പ്രദേശത്തെ ദുരന്തങ്ങൾ എന്നാണല്ലോ.

ഇനി ഒരിഞ്ചു നെൽവയലോ നീർത്തടമോ നികത്താതെയാണ് കേരളത്തെ വികസിപ്പിക്കാൻ പോകുന്നത് എന്ന പച്ചക്കള്ളം ആവർത്തിച്ചു പറഞ്ഞുകൊണ്ട് കേരളസർക്കാർ കുത്തക മൂലധനശക്തികൾക്കുവേണ്ടി നിലകൊള്ളുന്ന കാഴ്ച ദയനീയമാണ്. ആറന്മുള വിമാനത്താവളമായാലും ഹൈസ്പീഡ് റെയിൽകോറിഡോറായാലും വാഗമണ്ണിലെ ഗോൾഫ് മൈതാനമായാലും ഒരിഞ്ചുനെൽവയലോ നീർത്തടമോ നികത്തുകയില്ലപോലും! കാടും വയലും കടൽത്തീരവും വിറ്റ് കമ്മീഷനടിക്കാനുള്ള വ്യഗ്രതയിൽ ആരോടാണിതൊക്കെ തട്ടിമൂളിക്കുന്നത്! ഏതെങ്കിലുമൊരു പഴുതുണ്ടെങ്കിൽ അതുപയോഗിച്ച് പൊതുസ്വത്ത് മുഴുവനും സ്വന്തമാക്കാനോ മറിച്ചു വിൽക്കാനോ സ്വകാര്യകുത്തകകൾക്ക് കൈമാറി കമ്മീഷൻ പറ്റാനോ മടിക്കാത്തവരാണ് അധികാരത്തിലിരിക്കുന്നവരും ഉദ്യോഗസ്ഥരും എന്നതാണ് കേരളത്തിന്റെ ഏറ്റവും വലിയ ശാപം.

അതേ സമയം പാരിസ്ഥിതിക പ്രശ്നങ്ങളോട് അതീവ ജാഗ്രത പുലർത്തുന്ന ജനകീയ പ്രസ്ഥാനങ്ങൾ കക്ഷിരാഷ്ട്രീയ നിരപേക്ഷമായി കേരളത്തിൽ ശക്തിയാർജ്ജിച്ചുകൊണ്ടിരിക്കുന്നു. അഴിമതിയിൽ ഭാഗഭാക്കുകളായതുകൊണ്ടു തന്നെ മുഖ്യധാരാകക്ഷിരാഷ്ട്രീയ പാർട്ടികൾ ഏറ്റെടുക്കാത്ത ജനകീയസമരങ്ങളെ മേൽപ്പറഞ്ഞ ജനകീയപ്രസ്ഥാനം മുന്നോട്ട് കൊണ്ടുപോകുന്നതാണ് കാണുന്നത്. അത്തരം സമരങ്ങളുടെ വികാസത്തിന്റെ ഒരു ഘട്ടത്തിൽ കക്ഷിരാഷ്ട്രീയ പാർട്ടികൾക്ക് അതിൽ പങ്കുചേരാതെ നിവർത്തിയില്ലെന്ന അവസ്ഥ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ബി.ഒ.ടിപാതക്കെതിരെ നടക്കുന്ന സമരത്തിലും വിളപ്പിൽശാലസമരത്തിലും പ്ലാച്ചിമടയിലും ഭൂസമരങ്ങളിലുമൊക്കെ കേരളീയർ ഇതു തിരിച്ചറിഞ്ഞിട്ടുണ്ട്. ഇത്തരം ജനകീയ സമരങ്ങളുടെ മുൻനിരയിൽ ദൃശ്യമായിട്ടുള്ള വലിയ തോതിലുള്ള സ്ത്രീസാന്നിദ്ധ്യം എടുത്തുപറയേണ്ട ഒന്നാണ്. പങ്കാളിത്തവും നേതൃത്വവും നൽകികൊണ്ട് സ്ത്രീകൾ പലപ്പോഴും ഇത്തരം സമരങ്ങളെ മുന്നോട്ട് കൊണ്ടുപോകുന്നു. വികസനത്തെയും പരിസ്ഥിതിയെയും കുറിച്ച് മുഖ്യധാരയിൽ നിന്നും വ്യത്യസ്തമായ ഒരു ദർശനമാണ് സ്ത്രീകൾക്കുള്ളത്. അത്തരം ഒരന്വേഷണം സംഘടിതയുടെ ഈ ലക്കത്തിൽ ഞങ്ങൾ മുന്നോട്ടുവെക്കുന്നു.

# എഡിറ്റോറിയൽ



**കുസുമം ജോസഫ്**

**ഇക്കഴിഞ്ഞ** ദിവസം കല്പറ്റ നാരായണൻ മാതൃഭൂമി പത്രത്തിൽ എഴുതി "ഭാവികേരളത്തെ സ്വച്ഛായയിൽ പുനസൃഷ്ടിക്കുന്നിടത്തെല്ലാം ഇനി സ്ത്രീയേയെ കാണൂ." വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പെൺപെരുക്കവും ആണുങ്ങളുടെ അസാന്നിദ്ധ്യവുമാണ് അദ്ദേഹത്തെക്കൊണ്ട് ഇങ്ങനെഭാവിപ്രവചി പ്പിച്ചത് സത്യമാണത്. അതാണ് കാവ്യനീതി. ഭാവിയിലല്ല വർത്തമാനത്തിൽ തന്നെ ഭൂമിയുടെ ഭാവി നശിപ്പിക്കുമ്പോൾ സമൂഹത്തേയും സംസ്കാരത്തെയും തകർത്തെറിയുമ്പോൾ അരുത് എന്ന് വിലക്കാനും സ്ത്രീയാണ് മുന്നിൽ. കേരളത്തിന്റെ മണ്ണും മലയും കാടും പുഴയും നീതിതേടി നിലവിളിക്കുമ്പോൾ അത് കേൾക്കുന്ന കാത് ഇവിടുത്തെ സ്ത്രീകളുടേതാണ്. നമുക്ക് ജീവിക്കാൻ, ജീവിതം തലമുറകളിലൂടെ പ്രവഹിക്കാൻ പ്രകൃതിയെ ജൈവമായി നിലനിർത്തേണ്ടതുണ്ട്. ജൈവമായതെല്ലാം സ്ത്രൈണവുമാണ്. ജീവന്റെ നൈരന്തര്യം നിലനിർത്തുന്ന സ്ത്രീക്ക് ഭൂമിയിലെ ഏതതിക്രമത്തിനെതിരെയും നിശ്ശബ്ദമായിരിക്കാനവകാശമില്ല. പെൺമനസ്സിന്റെ ഈ തിരിച്ചറിവാണ് കേരളത്തിന്റെ തെക്കുവടക്കു നടക്കുന്ന ജനകീയ പ്രക്ഷോഭങ്ങളിലെ അവരുടെ സാന്നിദ്ധ്യം അടയാളപ്പെടുത്തുന്നത്. അതുകൊണ്ടാണ് ഭരണകൂടം വിഷംവിതറി നശിപ്പിച്ച കാസർകോട്ടെ ജീവിതങ്ങൾക്കുവേണ്ടി അമ്മമാർ സമരസന്നദ്ധരായത്. അവിടുന്നിങ്ങോട്ട് വിളപ്പിൽശാലയിലെത്തുവോളം ഓരോ പരിസ്ഥിതി സാമൂഹ്യജനമുന്നേറ്റങ്ങളും പെൺസമരങ്ങളായി മാറുകയാണ്.

സാമൂഹ്യപ്രശ്നങ്ങളിലിടപെടുമ്പോൾ, നാളയെക്കുറിച്ച് പ്രതീക്ഷയുള്ളവർക്ക് പിൻതിരിയാനാവില്ല. പ്രതിബദ്ധതയുടെ ആൾരൂപമായി ഓരോ പെൺപോരാളിയും മാറുന്ന കാഴ്ചയാണ് കൂടംകുളത്തേത്. മാസങ്ങളായി അവിടുത്തെ സ്ത്രീകളുടെ ജീവിതവും സമരവും രണ്ടല്ല. സമരമല്ലാത്ത ഒരു ജീവിതം അവരാരും ജീവിക്കുന്നില്ല.

തന്റെ കുഞ്ഞിനെതിരികെ കിട്ടാൻ രണ്ടു കണ്ണും ചൂഴ്ന്നെടുത്ത് പൂതത്തിനു നൽകിയ ഇടശ്ശേരിയുടെ പൂതപ്പാട്ടിലെ അമ്മയെപ്പോലെ നാളെയുടെ നാമ്പുകൾക്കുവേണ്ടി സഹനം തനിക്കൊരു പ്രശ്നമേയല്ല എന്ന് ഉറക്കെ പറയുകയാണ് സമരസഖാക്കളായ സ്ത്രീകൾ. അതാണിവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. അനുഭവിച്ചറിഞ്ഞ, മുൻനിന്നു നയിച്ച സമരാനുഭവങ്ങൾ പലതും കേൾക്കപ്പെടാതെ, ഈ ലക്കത്തിൽ ചേർക്കപ്പെടാതെ പോയത് ഞങ്ങളുടെ സാമർത്ഥ്യക്കുറവും സമയക്കുറവും കാരണമാണ്. സംഘടിതയുടെ അടുത്ത ലക്കങ്ങളിൽ പെൺപെരുമകൾക്ക് ഇനിയും ഇടമുണ്ടല്ലോ.



# എഡിറ്റോറിയൽ



സുൽഫത്ത്

**പരിസ്ഥിതിയെ** കേന്ദ്രീകരിച്ച അതിജീവനച്ചെറുത്തുനിൽപ്പുകൾ ലോകത്തെമ്പാടും സജീവമാവുകയാണ്. കടലും കായലും, കുന്നും മലയും, മണ്ണും വായുവുമെല്ലാം വാസയോഗ്യമല്ലാത്തവിധം മലിനീകരിക്കുകയോ, നശിപ്പിക്കുകയോ ചെയ്യുന്ന ദുരമൂത്ത മൂലധനതാല്പര്യങ്ങൾ പിറക്കാനിരിക്കുന്ന തലമുറകൾക്കു കൂടി അവകാശപ്പെട്ട ഭൂമിയെ ഇഞ്ചിഞ്ചായി ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കുകയാണ്.

പരമ്പരാഗത രാഷ്ട്രീയസമരങ്ങളിൽ നിന്നും വ്യത്യസ്തമായി സൈലന്റ് വാലി സമരകാലം തൊട്ട് കേരളത്തിലും പരിസ്ഥിതിസമരങ്ങൾ സജീവമാണ്. എൻഡോസൾഫാൻ അമ്മമാരുടെ അതിജീവനസമരം, വിളപ്പിൽശാല മാലിന്യവിരുദ്ധസമരം, അതിരപ്പിള്ളി സമരം, കാതിക്കുടം സമരം, വിഷമുക്തഭക്ഷണത്തിനായുള്ള നിരവധി ജൈവകാർഷിക മുൻകൈകൾ, കൂടംകുളം സമരഐക്യദാർഢ്യം. പരിസ്ഥിതിനശീകരണത്തിനെതിരെ പ്രാദേശികമായി നടപ്പാക്കുന്ന നിരവധി ചെറുത്തുനിൽപ്പുകൾ എന്നിവ കേരളത്തിലും ശക്തിപ്പെടുന്ന പാരിസ്ഥിതികാവബോധത്തിന്റെ സൂചനകളാണ്.

തങ്ങളുടെ ജീവനും സ്വത്തിനുമുണ്ടാകുന്ന നാശത്തിനെതിരെയുള്ള പ്രതികരണമെന്നതിലുപരി പുതിയവികസനസങ്കല്പത്തിന്റെ ആദ്യപാഠങ്ങൾ ആവിഷ്കരിക്കുന്നതിൽത്തന്നെ ചില ചുവടുവെപ്പുകൾ ഈ സമരങ്ങൾ മുന്നോട്ട് വെച്ചിട്ടുണ്ട്. പുതിയ ആഗോളസാഹചര്യത്തിൽ നമ്മുടെ വിഭവങ്ങളെ മുച്ചൂടും കൊള്ളയടിക്കാൻ വികസനമന്ത്രവും ജപിച്ചു വരുന്ന സാമ്രാജ്യത്വത്തിന്റെ രാഷ്ട്രീയതന്ത്രങ്ങളെ വേണ്ടത്ര മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും.

പുഴകൾ പാഴായി ഒഴുകിപ്പോകുന്ന വെള്ളമാണെന്നും, കടലും കായലും വെറും വെള്ളക്കെട്ടുകളാണെന്നും കണ്ടൽക്കാടുകളും തണ്ണീർത്തടങ്ങളും ചെങ്കൽക്കുന്നുകളും മാമലകളും തരിശായിക്കിടക്കുന്ന പാഴ്സ്ഥലങ്ങളാണെന്നും വനങ്ങൾ കൊള്ളയടിക്കാനുള്ള വിഭവങ്ങളാണെന്നും ധരിച്ചുവെച്ചിരിക്കുന്ന ഭരണാധികാരികളുടെ അടഞ്ഞുപോയ കാതുകൾ തുറപ്പിക്കാനും വളർച്ച മുരടിച്ച ചിന്തയെ ഉണർത്താനും ചെറിയശബ്ദങ്ങൾക്കൊന്നും ആവില്ലെന്ന് അനുഭവം. അതുകൊണ്ടാണല്ലോ പാറമടകളിൽ ഇ-മാലിന്യമടക്കമുള്ള രാസജൈവമാലിന്യങ്ങൾ തള്ളാമെന്നുവരെ അവർ തീരുമാനിക്കുന്നത്.

കേരളത്തിലെ പരിസ്ഥിതി സമരങ്ങളെയും അതിൽ വളർന്നുവരുന്ന സ്ത്രീകളുടെ പുതിയ കർതൃത്വത്തെയും ഊന്നാനാണ് ഈ ലക്കത്തിൽ ശ്രമിച്ചിട്ടുള്ളത്. പാരിസ്ഥിതിക വിവേകത്തിന്റെ ശബ്ദം കൂടുതൽ കനപ്പെട്ടതാക്കാനുള്ള ഏത് എളിയ പരിശ്രമവും പ്രസക്തമാണ്. ഈ ഒരു ലക്കത്തിന്റെ സാംഗത്യവും അതുതന്നെ.



സുഗതകുമാരി

# ജാഗ്രത

**'വരുംകാല തലമുറകൾക്ക് സമൃദ്ധമായി പുലരാനുള്ളതൊക്കെ പ്രകൃതി നമുക്ക് ഒരു ലോഭവുമില്ലാതെ നൽകിയിട്ടുണ്ട്. എന്നാൽ അസൂയാവഹമായ ഈ സമൃദ്ധിയും വൈവിധ്യവും, അലംഭാവത്തിനും ആർത്തിക്കും എള്ളിടപോലും അനുവദിച്ചു നൽകുന്നില്ല എന്ന വിരോധാഭാസവുമുണ്ട്.'**

**ഭയാശങ്കകളോടെയാണ്** ഞാൻ ഇന്ന് കേരള പരിസ്ഥിതിയെ നോക്കിക്കാണുന്നത്. പണ്ട് സൈലന്റ്‌വാലി വിവാദകാലത്ത് ഉണ്ടായിരുന്നതിനെക്കാൾ മഹാശക്തരായ പ്രതിയോഗികളെയാണ് ഇന്നു നേരിടേണ്ടിവരുന്നത്. കേരളത്തിന്റെ മാത്രമല്ല ഇൻഡ്യയുടെ മുഖഛായ തന്നെ മാറിക്കൊണ്ടിരിക്കുകയാണ്. മുതലാളിത്തം അതിന്റെ സർവസന്നാഹങ്ങളോടും കൂടി കൂറ്റൻതിരമാലകൾ പോലെ അടിച്ചു കയറിക്കൊണ്ടിരിക്കുന്നു. വൻകിട കോർപ്പറേറ്റുകൾ മഹാശക്തിയാർജ്ജിച്ചു കഴിഞ്ഞു. സ്വതന്ത്രമായി വ്യാപാരം ചെയ്യുവാനും ധനനിക്ഷേപം നടത്തുവാനും വിദേശ വ്യവസായികൾക്ക് അനുമതി ലഭിക്കുന്നതോടെ ഇൻഡ്യ എന്ന പഴയ കർഷകരാജ്യം മറ്റൊരു ക്രൂരമായ മാറ്റത്തെ അഭിമുഖീകരിക്കുന്നതാണ്.

മോൺസാന്റോ എന്ന അമേരിക്കൻ കമ്പനി അതിന്റെ അന്തകവിത്തുകളും രാസവളങ്ങളും തീവ്ര കീടനാശിനികളുമായി ഹൈദ്രബാദിൽ ആസ്ഥാനമുറപ്പിച്ചു കഴിഞ്ഞു. വാൾമാർട്ട് എന്ന വൻകിട കച്ചവട സ്ഥാപനം ഇൻഡ്യയിലെ വിവിധ നഗരങ്ങളിൽ കൂറ്റൻഷോപ്പിംഗ് മാളുകൾ തുറക്കാൻ എത്തിക്കഴിഞ്ഞു. കൃഷിയല്ല പ്രധാനം വ്യവസായമാണെന്ന് ആസൂത്രണ വിദഗ്ധർ വിലയിരുത്തിക്കഴിഞ്ഞു. നാം ജാഗ്രത പുലർത്തുക. ഭൂമുഖത്തെ ഏറ്റവും പരിസ്ഥിതിപ്രധാനമായ പ്രദേശങ്ങളിൽ ഒന്നാണ് കേരളം. കേരളത്തിന്റെ പരിസ്ഥിതിപ്രാധാന്യം കുടികൊള്ളുന്നത്, ഒരേ സമയം അത് ഏറെ പരിസ്ഥിതി-സമ്പന്നവും അത്രത്തോളം തന്നെ പരിസ്ഥിതി-ദുർബ്ബലവും ആണെന്നതിലാണ്. വരുംകാല തലമുറകൾക്ക് സമൃദ്ധമായി പുലരാനുള്ളതൊക്കെ പ്രകൃതി നമുക്ക് ഒരു ലോഭവുമില്ലാതെ നൽകിയിട്ടുണ്ട്. എന്നാൽ അസൂയാവഹമായ ഈ സമൃദ്ധിയും വൈവിധ്യവും, അലംഭാവത്തിനും ആർത്തിക്കും എള്ളിടപോലും അനുവദിച്ചു നൽകുന്നില്ല എന്ന വിരോധാഭാസവുമുണ്ട്. സംസ്ഥാനത്തിന്റെ പരിസ്ഥിതി അത്രമാത്രം സങ്കീർണ്ണവും ലോലവും ദുർബ്ബലവുമാണ്. എല്ലാമുണ്ട് എന്നാൽ അത്യാർത്തിയെടുത്താൽ ഒന്നും അവശേഷിക്കില്ല എന്നതാണ് അക്ഷരാർത്ഥത്തിൽ കേരളത്തിന്റെ ഭൂപ്രകൃതിയുടേയും പരിസ്ഥിതിയുടേയും അടിസ്ഥാനസവിശേഷത. തീർച്ചയായും ഇത് ദൈവത്തിന്റെ നാടുതന്നെയാണ്. എന്നാൽ തദനുസരണം ദിവ്യമായി പരിപാലിക്കാനുള്ള ഉയർച്ച ഉണ്ടായില്ലെങ്കിൽ ചെകുത്താന്റെ നാടായി മാറാൻ ഒട്ടും കാലവിളംബം ഉണ്ടാവില്ല എന്നതും നിശ്ചയം.

ഭൂപ്രകൃതിയുടെ ഈ സവിശേഷതകൾക്ക് തികച്ചും ഇണങ്ങുന്ന ഒരു ജീവിതവും സംസ്കാരവുമാണ് ഇവിടെ നൂറ്റാണ്ടുകളായി നിലനിന്നുവന്നത്. പക്ഷെ, സമീപകാലത്തായി പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ഈ ഇണക്കം സംഭ്രമജനകമാംവിധം വേഗത്തിൽ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒന്നൊന്നര ദശാബ്ദകാലത്തിനിടയ്ക്ക് കേരളത്തിൽ ഉണ്ടായ പരിസ്ഥിതി നാശം ഇനി നൂറ്റാണ്ടുകൾ പിന്നിട്ടാൽ

പോലും നികത്താൻ കഴിയാത്തത്ര വലുതാണ്. പ്രകൃതിക്കെതിരെ സർവ്വ നശീകരണ ആയുധങ്ങളും ഉപയോഗിച്ചു കൊണ്ടുള്ള ഒരു യുദ്ധത്തിൽ മനുഷ്യർ ഏർപ്പെട്ടിരിക്കുന്നു എന്ന പ്രതീതിയാണ് കേരളത്തിൽ ഉടനീളം കാണാൻ കഴിയുന്നത്. ജെ.സി.ബി.കളും ട്രാക്ടറുകളും ടിപ്പറുകളും ട്രക്കുകളും ഇതര ആയുധങ്ങളും കഠിനശക്തിയാർജ്ജിച്ചു കഴിഞ്ഞു. വനവും മരങ്ങളും, വന്യമൃഗങ്ങളും കുന്നുകളും പാറക്കൂട്ടങ്ങളും അതിവേഗം ആക്രമിച്ചു തകർക്കപ്പെടുകയും, തണ്ണീർത്തടങ്ങളും വയലുകളും കൈത്തോടുകളും നികത്തപ്പെടുകയും ചെയ്യുന്നു. പൊതുവിഭവങ്ങളും സർക്കാർ ഭൂമിയും സ്വകാര്യവ്യക്തികൾ കൈയ്യേറുന്നു. ഭരണകൂടവും നീതിന്യായ സ്ഥാപനങ്ങളും മരവിച്ചു നിൽക്കുന്നു. പരിസ്ഥിതി നാശത്തിന്റെ തിരിച്ചടികൾക്ക് ഇരയാകുന്നതാകട്ടെ സാധാരണ ജനങ്ങളാണ്. സ്ത്രീകളും കുട്ടികളും തൊഴിലാളികളും കർഷകരും ദളിതരും സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന ഇതര വിഭാഗങ്ങളുമാണ് പരിസ്ഥിതിനാശത്തിന്റെ ഭാരം ഏറെയും അനുഭവിക്കേണ്ടിവരുന്നത്. അങ്ങനെകേരളത്തിൽ മറ്റു പ്രദേശങ്ങളിൽ എന്ന പോലെ, പരിസ്ഥിതിനാശം സാമൂഹ്യ നീതിയുടെ നാശം കൂടിയായി മാറുകയാണ് ചെയ്യുന്നത്.

**"നെൽവയലുകളെയും നീർത്തടങ്ങളെയും നശിപ്പിക്കുന്ന ആറൻമുള, ചിക്കല്ലൂർ പോലെയുള്ള വിമാനത്താവളങ്ങൾ, കൊച്ചി ആകാശനഗരം, ഇടക്കൊച്ചി സ്റ്റേഡിയം മുതലായ പദ്ധതികൾ പൂർണ്ണമായും ഉപേക്ഷിക്കണം."**

### അടിയന്തിര ആവശ്യങ്ങൾ

1. യശശ്ശരീരയായ ഇന്ദിരാഗാന്ധിയുടെ പ്രത്യേക താത്പര്യപ്രകാരമാണ് ഇന്ത്യയിലെ വനസംരക്ഷണ നിയമങ്ങൾ രൂപീകരിക്കപ്പെട്ടത്. അതിനാലത്രെ ഇന്ത്യയിലെ വനങ്ങൾ സംരക്ഷിത മേഖലകളായി ഇന്ന് നിലനിൽക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഭക്ഷ്യസുരക്ഷയുടേയും ജലസുരക്ഷയുടേയും ജൈവവൈവിധ്യത്തിന്റേയും ആധാരമായ നെൽവയലുകളേയും തണ്ണീർത്തടങ്ങളേയും വനങ്ങൾക്ക് തുല്യമായ പ്രാധാന്യമുള്ള സംരക്ഷിത മേഖലകളായി പ്രഖ്യാപിക്കണം. ഇപ്പോൾ കേരളത്തിൽ നാമമാത്രമായിക്കഴിഞ്ഞ നെൽകൃഷിയെ പുനരുജ്ജീവിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇത് സമൂഹത്തിന്റെ മൊത്തം ആവശ്യമായതിനാൽ നെൽക്കർഷകർക്ക് ന്യായമായ വരുമാനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ കടമയാണ്. ഈ പശ്ചാത്തലത്തിൽ വേണം ഭാവി വികസനപ്രവർത്തനങ്ങൾ രൂപീകരിക്കേണ്ടത്. നെൽവയലുകളേയും നീർത്തടങ്ങളേയും നശിപ്പിക്കുന്ന ആറൻമുള, ചിക്കല്ലൂർ പോലെയുള്ള വിമാനത്താവളങ്ങൾ, കൊച്ചി ആകാശനഗരം, ഇടക്കൊച്ചി സ്റ്റേഡിയം മുതലായ പദ്ധതികൾ പൂർണ്ണമായും ഉപേക്ഷിക്കണം.

2. നെൽവയൽനീർത്തട സംരക്ഷണനിയമം ശക്തമായി നടപ്പാക്കാൻ ആവശ്യമായ ഡാറ്റാബാങ്ക് അടിയന്തിരമായി പ്രഖ്യാപിക്കണം. നികത്തിക്കഴിഞ്ഞ നെൽപ്പാടങ്ങൾക്കും തണ്ണീർത്തടങ്ങൾക്കും നിയമസാധുത നൽകാനുള്ള നീക്കം പൂർണ്ണമായും ഉപേക്ഷിക്കണം.

3. കേരളത്തിന്റെ മുഖമുദ്രയായ നാളികേരകൃഷിയും നെൽകൃഷിയും അതിവേഗം ക്ഷയിച്ചുകൊണ്ടിരിക്കുന്നു. 1975നും 2011നും ഇടയ്ക്ക് കേരളത്തിന്റെ 70 ശതമാനം വയലുകൾ നഷ്ടപ്പെട്ടുകഴിഞ്ഞു. എങ്കിലും ഇപ്പോഴും 30 ലക്ഷത്തോളം ആളുകൾ കാർഷികമേഖലയെ ആശ്രയിച്ചാണ് ഉപജീവനം കണ്ടെത്തുന്നത്. കേരളത്തിലെ കാർഷികമേഖലയുടെ പുനരുജ്ജീവനവും ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവിലൂന്നുന്ന വ്യവസായവും ആയിരിക്കണം കേരളത്തിന്റെ സുസ്ഥിര വികസനത്തിന്റെ അടിത്തറ.

4. കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള ജൈവകൃഷിനയം സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കണം. കേരളത്തിന്റെ സുസ്ഥിരമായ വികസനത്തിന്റെ അടിസ്ഥാനം ജൈവകൃഷിയാണ്.

5. കേരളത്തിലെ പുഴകൾ അനിയന്ത്രിതമായ മണൽവാരൽ, മലിനീകരണം, കയ്യേറ്റം തുടങ്ങിയ കാരണങ്ങളാൽ ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. പുഴയുടെ സംരക്ഷണത്തിനുവേണ്ടി വിനിയോഗിക്കപ്പെടേണ്ട റിവർ മാനേജ്മെന്റ് ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നില്ല. നശിച്ചുകൊണ്ടിരിക്കുന്ന പുഴകളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണം.

6. തീരദേശമേഖലയിലെ എല്ലാ വികസനപ്രവർത്തനങ്ങളും തീരദേശമാനേജ്മെന്റ് നിയമങ്ങൾക്ക് (czm) അനുസൃതമായി മാത്രം നടപ്പിലാക്കേണ്ടതാണ്. ഈ നിയമത്തെ ലംഘിച്ചുകൊണ്ടുള്ള എല്ലാ പ്രവർത്തനങ്ങളും അടിയന്തിരമായി തടയണം. വിദേശ മീൻപിടുത്ത കപ്പലുകൾക്ക് കേന്ദ്ര സർക്കാർ നൽകിയ അനുമതി റദ്ദാക്കണമെന്ന് കേരള സർക്കാർ ആവശ്യപ്പെടണം.

7. പാട്ടക്കരാർ ലംഘിച്ച തോട്ടങ്ങൾ അടിയന്തിരമായി തിരിച്ചു പിടിക്കുകയും അവയിൽ വനഭൂമി സുപ്രീംകോടതി വിധിപ്രകാരം വനമായിത്തന്നെ സംരക്ഷിക്കുകയും വേണം.

8. ഭൂപരിഷ്കരണനിയമത്തിന്റെ പരിധിയിൽനിന്നൊഴിവാക്കപ്പെട്ട തോട്ടങ്ങളിൽ അഞ്ചുശതമാനം ഭൂമി, ടൂറിസം മുതലായ മറ്റാവശ്യങ്ങൾക്കു വേണ്ടി മാറ്റാനുള്ള നിയമഭേദഗതി റദ്ദാക്കണം.

9. പശ്ചിമഘട്ടത്തിന്റെ സംരക്ഷണത്തിനും സുസ്ഥിരവികസനത്തിനും ഉതകുന്ന മാധവ്ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനോടുള്ള നിഷേധാത്മകസമീപനം ഉപേക്ഷിക്കുകയും അതേപ്പറ്റി സമഗ്രമായ പൊതുചർച്ച നടത്തി അഭിപ്രായം സ്വരൂപിക്കുകയും ചെയ്യേണ്ടതാണ്.

10. കേരളത്തിൽ ഇനി വൻകിട അണക്കെട്ടുകൾ പാടില്ല. വർദ്ധിച്ചുവരുന്ന ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടി സൗ

രോർജ്ജം, കാറ്റ് മുതലായ അക്ഷയ ഊർജ്ജസ്രോതസ്സുകളെയാണ് ആശ്രയിക്കേണ്ടത്. ഇത് ഒരു ഗ്രീൻ എനർജിമിഷൻ മോഡിൽ നടപ്പിലാക്കണം.

11. കൂടംകുളം ആണവോർജ്ജ പദ്ധതിയോടുള്ള ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തണം. ആണവനിലയത്തിൽ നിന്നുണ്ടാകുന്ന ആഘാതങ്ങളെക്കുറിച്ചുള്ള കേരളത്തിന്റെ ആശങ്ക കേരളനിയമസഭ പ്രമേയം പാസ്സാക്കി കേന്ദ്രത്തെ അറിയിക്കണം.

12. എല്ലാ പാതകളും പൊതുഉടമസ്ഥതയിൽ ആയിരിക്കണം. കേരളത്തിന്റെ ഗതാഗതവികസനം മാസ്ട്രാൻസിറ്റ് സംവിധാനവും, സൈക്കിൾ, നടപ്പാതകൾ തുടങ്ങിയവ പരിസ്ഥിതി സൗഹൃദ സഞ്ചാര മാർഗ്ഗങ്ങളുടെ വികസനവും അടിസ്ഥാനപ്പെടുത്തിയായിരിക്കണം. കേരളത്തിന്റെ ഗതാഗത വികസനനയം സ്വകാര്യവാഹനങ്ങളുടെ പെരുപ്പം നിയന്ത്രിച്ചുകൊണ്ടുള്ളതും ബഹുജനഗതാഗതസംവിധാനം മെച്ചപ്പെടുത്തിക്കൊണ്ടുള്ളതും ആയിരിക്കണം. റെയിൽ-റോഡ്-ജലപാതകളുടെ ഏകോപനം പ്രധാനമാണ്. പാതകളുടെ വികസനം പൊതു ഉടമസ്ഥതയിൽ ആയിരിക്കണം. ബി.ഒ.ടി.വ്യവസ്ഥ നിർത്തലാക്കണം.

13. കേരളത്തിന്റെ പരിസ്ഥിതിക്കും സംസ്കാരത്തിനും യോജിക്കാത്ത ടൂറിസം പദ്ധതികൾ നടപ്പിൽ വരുത്തരുത്. ടൂറിസത്തിന് വേണ്ടി പൊതുഭൂമി സ്വകാര്യ വ്യക്തികൾക്ക് പതിച്ചുകൊടുക്കാൻ പാടുള്ളതല്ല.

14. കേരളത്തിന്റെ കാർഷിക ഉത്പന്നങ്ങളുടേയും പ്രകൃതി വിഭവങ്ങളുടേയും സംരക്ഷണത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും തൊഴിലവസരങ്ങളും സാമ്പത്തിക വികസനവും സ്വായത്തമാക്കുക എന്നതായിരിക്കണം വ്യവസായ വികസനത്തിന്റെ ലക്ഷ്യം. പ്രകൃതിവിഭവങ്ങളുടെ ശോഷണം, മലിനീകരണം ഇവ സൃഷ്ടിക്കുന്ന വ്യവസായങ്ങൾ അനുവദിക്കാൻ പാടില്ല. ഇലക്ട്രോണിക്സ് പോലെയുള്ള ആധുനിക വ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളും വികസിപ്പിക്കുന്നതിൽ മുൻഗണന നൽകേണ്ടതാണ്.

ഇത്രയും ആവശ്യങ്ങൾ സർക്കാറിന്റെ മുന്നിൽ പരിസ്ഥിതി സംഘടനകളുടെ ഐക്യവേദി സമർപ്പിച്ചുകഴിഞ്ഞു. ഇനി ഇവ പ്രാവർത്തികമാക്കിക്കേണ്ട ചുമതല നമ്മൾ, ജനങ്ങൾക്കാണ്. രാഷ്ട്രീയ പാർട്ടികൾക്കാണ്. ശക്തമായ പൊതുജനസമ്മർദ്ദത്തിലൂടെ മാത്രമേ കേരളപ്രകൃതിയെ രക്ഷിക്കാനാവുകയുള്ളൂ.

ഈ സന്ദർഭത്തിൽ ഗാന്ധിജിയുടെ വാക്കുകൾ പ്രസക്തമാണെന്ന് ഞങ്ങൾ ഓർമ്മിപ്പിക്കുന്നു. “നിങ്ങൾ ഏത് പദ്ധതി ആസൂത്രണം ചെയ്യുമ്പോഴും ഒരു പരീക്ഷണം നടത്തേണ്ടതുണ്ട്. ഇന്ത്യയിലെ ഏറ്റവും ദുഃഖിതനായ ദരിദ്രനാരായണന്റെ മുഖം മുന്നിലേക്ക് ആവാഹിച്ചു വരുത്തുക. ഈ പദ്ധതി ആ മനുഷ്യന് എന്തെങ്കിലും ഗുണം ചെയ്യുമോ എന്ന് ആലോചിക്കുക. ഇല്ല എന്നാണെങ്കിൽ എറിഞ്ഞുകളയൂ ദൂരെ. അല്ലാത്തപക്ഷം മാത്രം സ്വീകരിക്കുക.“





സാറാ ജോസഫ്

ഇപ്പോൾ വില്പനയിൽ

എന്റെ പ്രിയപ്പെട്ട കഥകൾ

സ്ത്രീസ്വാതന്ത്ര്യത്തിന്റെ രാഷ്ട്രീയോന്മുഖമായ ഇടപെടലാണ് സാറാ ജോസഫിന്റെ കഥകൾ.

നിലനില്പിന്റെ ആധാരം പെണ്മയാണെന്ന് തിരിച്ചറിഞ്ഞ് മലയാള കഥയിൽ പെണ്ണിനെയും പ്രകൃതിയെയും തിരിച്ചുപിടിക്കാനുള്ള പ്രഖ്യാപനം നടത്തുകയാണ് ഈ കഥകൾ.



₹ 65

● കാടിന്റെ സംഗീതം

wink പ്രിയപ്പെട്ട പുസ്തകങ്ങളുടെ ഡിജിറ്റൽ എഡിഷനുകൾ ഡൗൺലോഡ് ചെയ്യൂ. www.thewinkstore.com-ലൂടെ വായന ആസ്വദിക്കൂ...

ഡി സി ബുക്സ്, ഡി സി കിഴക്കെമുറി ഇടം, ഗുഡ് ഷെപ്പേർഡ് സ്ട്രീറ്റ്,
കോട്ടയം 686 001 T 0481-256 3114, M 9846133336 E customercare@dcbooks.com
Visit our online bookstore @ www.dcbookshop.net, www.dcbooks.com/blog

DCSpl 82



ഉഷ.എസ്

# വയലുകളും ഭക്ഷ്യ പരമാധികാരവും



**എന്റെ** കുട്ടിക്കാലത്ത്, ഏകദേശം 35-40 വർഷങ്ങൾക്കു മുമ്പ്, കേരളത്തിൽ ഏറ്റവും സുലഭമായി ഉണ്ടായിരുന്ന വസ്തു ഏതെന്നു ചോദിച്ചാൽ വെള്ളമാണെന്നു ഞാൻ പറയും. ഏതൊരു ഗ്രാമത്തിലും നഗരത്തിലും നിറഞ്ഞു നിന്നിരുന്നൊരു കാഴ്ചയായിരുന്നു തോടുകളും കുളങ്ങളും കിണറുകളും എല്ലാം. എവിടെ നിന്നും നമുക്ക് വെള്ളം കുടിക്കാം. മറ്റു സംസ്ഥാനത്തെ ജനങ്ങളെയും ഭരണാധികാരികളെയും അസൂയപ്പെടുത്തിയിരുന്നതും നമ്മുടെ നാട്ടിലെ ഈ നിർമ്മലമായ വെള്ളമാണ്. 44 പുഴകളും തീരദേശത്തിനോടു സമാന്തരമായി കിടക്കുന്ന കായലുകളും തുടർച്ചയായ വയലുകളും അതിലെ ജൈവവൈവിധ്യവും സുരക്ഷിതമായി ജീവിക്കാനുള്ള ഒരു അന്തരീക്ഷം ഇവിടെ നമുക്ക് തന്നു. എന്നാൽ ഇക്കഴിഞ്ഞ വെറും മുപ്പതോ നാൽപതോ വർഷം കൊണ്ട് ഇവിടുത്തെ ഭരണാധികാരികളും എഞ്ചിനീയർമാരും ശാസ്ത്രജ്ഞരും എല്ലാം ചേർന്ന് ഇന്നത്തെ കുട്ടികൾക്കായി ബാക്കിയാക്കിയത് 15 രൂപ കൊടുത്താൽ കിട്ടുന്ന കുപ്പിവെള്ളമാണ്. വെള്ളത്തിന്റെ സ്വാഭാവികത ഇന്നത്തെ തലമുറക്ക് അന്യമായിരിക്കുന്നു. പൈപ്പിലൂടെ കിട്ടുന്നതാണ് ശുദ്ധജലമെന്ന ഒരു ധാരണയും പൈപ്പുവെള്ളം കിട്ടാത്ത ഗ്രാമങ്ങൾ അവികസിതമാണെന്ന തോന്നലും ഇതിനിടയിൽ ഇവിടെ വളർന്നുവന്നു.

കേരളത്തിലെ എല്ലാ പുഴകളും മലിനീകരിക്കപ്പെട്ടിരിക്കുന്നു എന്ന് നമുക്കറിയാം. പുഴ മത്സ്യങ്ങളിലെല്ലാം ഡി.ഡി.ടി, ബി.എച്ച്.സി തുടങ്ങിയ മാരക കീടനാശിനികളുടെ അവശിഷ്ടം കണ്ടെത്തിയതായി കോയമ്പത്തൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പാക്കോണിന്റെ ഒരു റിപ്പോർട്ട് ഈയിടെ പുറത്തു വന്നു. നഗരമാലിന്യങ്ങളും മറ്റു പാഴ്വസ്തുക്കളും കൊണ്ടിടാനുള്ള ഒരു സ്ഥലമായി പുഴകളും മറ്റു ജലാശയങ്ങളും മാറിക്കഴിഞ്ഞു. 8 ലക്ഷം ഹെക്ടറോളം ഉണ്ടായിരുന്ന നെൽവയലുകളുടെ നാശവും കായലുകളുടെ നാശവും ഇന്ന് കേവലം ഒരു പരിസ്ഥിതി പ്രശ്നം മാത്രമല്ല, നമ്മുടെ നിലനിൽപ്പിന്റെ പ്രശ്നമായിത്തന്നെ മാറിയിരിക്കുന്നു.

## വെറുതെ ഒഴുകിപ്പോകുന്ന ജലം

എഞ്ചിനീയർമാർ എക്കാലവും പറയുന്നൊരു കാര്യമുണ്ട്. പുഴകളിലെ വെള്ളം വെറുതെ ഒഴുകിപ്പോകുന്നു എന്നതാണത്. പുഴകളിൽ ഒഴുകാൻ വെള്ളമില്ലാതായിട്ടുപോലും അവരുടെ ഈ കാഴ്ചപ്പാട് മാറാതെയിരിക്കുന്നു. എന്നാൽ പുഴകൾ വെറുതെ ഒഴുകുകയായിരുന്നില്ല എന്നും അവ ഒഴുകിയതുകൊണ്ടാണ് ഇവിടുത്തെ നെൽപ്പാടങ്ങളും കായലുകളും തീരപ്രദേശവുമെല്ലാം സമ്പന്നമായി നിലനിന്നതെന്നും ഇവിടുത്തെ ജനങ്ങൾക്ക് കുടിവെള്ളവും ഭക്ഷണവും ലഭിച്ചിരുന്നതെന്നും ഉള്ള ശാസ്ത്രം അല്ലെങ്കിൽ സാമാന്യ അറിവ് അവർക്ക് ഇല്ലാതെ പോയി. ഇന്ന് കേരളം അതിഭീകരമായ ഒരു വരൾച്ചയിലേക്ക് വളർന്നുകൊണ്ടിരിക്കയാണ്. 50ശതമാനം പഞ്ചായത്തുകളും വരൾച്ചയുടെ പിടിയിലാണ്. ഇത് സ്വാഭാവികമായി ഉണ്ടായതല്ല എന്ന് ജനങ്ങൾക്കറിയാം. സർക്കാർ നയങ്ങളിലൂടെ, വികസനപദ്ധതികളിലൂടെ സൃഷ്ടിച്ചെടുത്ത വരൾച്ചയാണിത്. അതുകൊണ്ട് തന്നെ ഇതിന് സ്വാഭാവികമായ ഒരു തിരിച്ചു വരവ് സാദ്ധ്യമല്ല.

## നെൽകൃഷിയും കുടിവെള്ളവും

എമർജിംഗ്കേരള ഇൻവെസ്റ്റ്മെന്റ് മീറ്റിനുവന്ന പ്ലാനിംഗ് കമ്മീ

ഷൻ വൈസ് ചെയർമാൻ ശ്രീ.മൊണ്ടേക് സിംഗ് അലുവാലിയ പറഞ്ഞത് കേരളത്തിലെ വയലുകൾ ഇനി നെൽകൃഷിക്കായി മാറ്റിവെക്കേണ്ടതില്ലെന്നാണ്. കുറേക്കൂടി ആദായകരമായ കാര്യങ്ങൾക്കായി ഈ ഭൂമി ഉപയോഗിക്കപ്പെടണം എന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. ഡൽഹിയിൽ തിരിച്ചെത്തിയിട്ടും അദ്ദേഹം ഇത് ആവർത്തിച്ചു. കഴിഞ്ഞ 5 വർഷങ്ങളായി അദ്ദേഹം കേരളത്തിലെ ഭരണാധികാരികളോട്, ആസൂത്രണബോർഡിനോട് ഇതുതന്നെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അറിവില്ലാത്തവർ അധികാരത്തിലിരുന്നാൽ ഇങ്ങനെയല്ലേ പറയാൻ കഴിയൂ. ഒരു കാര്യം വ്യക്തമാണ് കേരളത്തിലെ കൃഷിയെപ്പറ്റി, കാർഷിക സംസ്ക്കാരത്തെപ്പറ്റി, നെൽവയലുകളുടെ പ്രാധാന്യത്തെപ്പറ്റി മിസ്റ്റർ അലുവാലിയക്ക് ഒന്നും അറിയില്ല. ഇന്ത്യയിലെ കർഷകരെപ്പറ്റി, കൃഷിയെപ്പറ്റി യാതൊരു മതിപ്പുമില്ലാത്ത ആളാണ് അദ്ദേഹം. നമ്മുടെ കർഷകർ ദാരിദ്ര്യം അനുഭവിക്കുന്നത് അവരുടെ കഴിവുകേടുകൊണ്ടാണെന്നാണ് അലുവാലിയയും പ്രധാനമന്ത്രിയും ഒക്കെ വിശ്വസിക്കുന്നത്. അതുകൊണ്ടാണ് അവരുടെ എണ്ണം കുറക്കാൻ രണ്ടുപേരും കഠിനശ്രമം നടത്തുന്നത്.



കേരളത്തിലെ നെൽപ്പാടങ്ങളുടെ മേൽ, തണ്ണീർത്തടങ്ങളുടെ മേൽ ഇപ്പോൾ കേരളീയർക്കു മാത്രമല്ല കണ്ണ്. ഇത് ആറന്മുള വിമാനത്താവള പദ്ധതി പ്രഖ്യാപിച്ചതോടെ വ്യക്തമായി കഴിഞ്ഞതാണ്. ടൂറിസം വികസനത്തിന്റേയും റിയൽഎസ്റ്റേറ്റ് വികസനത്തിന്റേയും പേരിൽ ഉത്തരേന്ത്യൻ ലോബികൾ കേരളത്തിലെ നെൽപ്പാടങ്ങളും കായലും ഒക്കെ വാങ്ങിക്കൂട്ടുകയാണ്. കഴിഞ്ഞ പത്തുവർഷങ്ങളായി സർക്കാർ ചെലവിൽ ഉണ്ടായ ടൂറിസം വികസനം അവരെപ്പോലും വിഡ്ഢികളാക്കിക്കൊണ്ട് പൊതുജനങ്ങൾക്ക് യാതൊരു ഗുണവുമില്ലാതെ ഈ ലോബിയുടെ ഭൂമികയ്യടക്കലായി മാറിക്കൊണ്ടിരിക്കുകയാണ്. അവർക്ക് വേണ്ടിയും കൂടിയാണ് അലുവാലിയ സംസാരിച്ചത്. ഇതിന് ഒത്താശപറയാൻ ഇവിടുത്തെ കുറച്ച് രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും ഉണ്ടായി!! നമുക്ക് കുടിവെള്ളം വേണം ഭക്ഷണം വേണം എന്നുപറയുന്നത് ഇത്ര നാണം കെട്ട ഒരേർപ്പാടായിട്ടാണോ ഇവർ കരുതുന്നത്?

കേരളം നെൽകൃഷി ഉപേക്ഷിക്കണമോ എന്ന് ഇനി കേരളത്തിൽ ജീവിക്കുന്ന നമ്മൾ തന്നെ ചിന്തിക്കേണ്ട വിഷയമാണ്. എട്ടുലക്ഷം ഹെക്ടറിൽ നിന്ന് വയലിന്റെ വിസ്തൃതി രണ്ടരലക്ഷം ഹെക്ടറായി കുറഞ്ഞു കഴിഞ്ഞു. ഇതിൽ തന്നെ കുറേ ഭാഗം തരിശിട്ടിരിക്കുകയാണ്. നമ്മുടെ ഭക്ഷണം മുഴുവൻ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നു. നമ്മുടെ നാട്ടിലെ ആശുപത്രികളുടെ എണ്ണം, രോഗികളുടെ എണ്ണം, സ്ത്രീകളുടേയും കുട്ടികളുടേയും അനാരോഗ്യം എന്നിവ കൂടിക്കൊണ്ടിരിക്കുന്നു. നമ്മൾ ഒരേ തരം ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നു. കുടിവെള്ളം പണം കൊടുത്തു വാങ്ങേണ്ടിവരുന്നു. പച്ചവെള്ളം കുടിക്കാൻ പറ്റാതാകുന്നു ഇതൊക്കെയാണോ നമ്മൾ സ്വപ്നംകണ്ട വികസനം? നെൽകൃഷി നിർത്തി അരി ഇറക്കുമതി ചെയ്യാമെന്നാണ് അലുവാലിയ പറഞ്ഞത്. അതിനായി കിഴക്കൻ സംസ്ഥാനങ്ങളിൽ ഹരിതവിപ്ലവം തുടങ്ങിയിരിക്കുകയാണ് കേന്ദ്രസർക്കാർ. (പഞ്ചാബിന്റെ നാശം ഒരു തുടർക്കഥയാകുന്നു). കിഴക്കൻ സംസ്ഥാനങ്ങൾക്ക് നമുക്കുവേണ്ട വെള്ളം കൂടി തരാൻ കഴിയുമോ? ഇനി അതും കൂടിയേ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യാനായി ബാക്കിയുള്ളൂ.

## ഭക്ഷ്യപരമാധികാരം

കേരളത്തിൽ ഇന്ന് ഭക്ഷണം വിളയുന്നത് നെൽപ്പാടങ്ങളിലാണ്. നെല്ല് മാത്രമല്ല, പച്ചക്കറികളും കപ്പയും വാഴയുമെല്ലാം ഈ വയലുകളെ ആശ്രയിച്ചാണ് ഉൽപാദിപ്പിക്കുന്നത്. ഇതിൽ വലിയൊരളവോളം പാട്ടകൃഷിയുമാണ്. കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്ത്രീകൾ നടത്തുന്ന കൃഷി തന്നെ ഒരു ലക്ഷം ഏക്കറോളം വരും. ഇതൊന്നും വികസനമായി ആസൂത്രണക്കമ്മീഷൻ കാണുന്നില്ല.

നെൽവയലുകൾ നമ്മുടെ മഴ സംഭരണികളാണ്. കരയെയും പുഴയെയും കായലുകളെയും ബന്ധിപ്പിക്കുന്ന ആവാസവ്യവസ്ഥ കൂടിയുമാണിവ. മത്സ്യങ്ങളുടെ പ്രജനനത്തിനും പക്ഷികളുടെ അതിജീവനത്തിനും കിണറുകളിലെ വെള്ളത്തിന്റെ റീചാർജ്ജിംഗിനും ആശ്രയം നെൽവയലുകളും അവയോട് ചേർന്ന തണ്ണീർത്തടങ്ങളുമാണ്. ഉത്തരേന്ത്യയിലെ വരണ്ട പാടങ്ങളല്ല കേരളത്തിലെ വയലുകൾ. ജൈവവൈവിധ്യത്തിന്റെ ഒരു കലവറ തന്നെയാണിത്. ഇവിടെ നെൽകൃഷി ചെയ്യുമ്പോൾ നെല്ല് മാത്രമല്ല നമുക്ക് കിട്ടുന്നത്. ഒട്ടനവധി മത്സ്യങ്ങളും കിഴങ്ങുകളും ഇലക്കറികളുമാണ്. നമ്മുടെ താറാവുകൾക്കും പശുക്കൾക്കും മേയാനുള്ള ഇടം കൂടിയാണ് നെൽവയലുകൾ. എന്നാൽ നമ്മൾ തന്നെ ഇതെല്ലാം കാണാതായിരിക്കുന്നു എന്നതാണ് ദുഃഖകരമായ കാര്യം. അവിടെയാണ് അലുവാലിയ വിജ

*ശേഷം പേജ് 16 ൽ*

# വിഴുപ്പു ചുമക്കാൻ വിളപ്പിൽ ജനതയില്ല...



നിഹാല നാസർ



**മോഹിപ്പിക്കുന്ന** ശതകോടികളുടെ പദ്ധതികളുടെ മായക്കാഴ്ചകളിൽ പൗരനെ മയക്കിക്കിടത്താനാണ് ആധുനികഭരണകൂടങ്ങൾക്ക് താൽപര്യം. ആകാശനഗരത്തിൽ പാർപ്പിക്കാം, അതിവേഗറെയിലിലോടിക്കാം..എക്സ്പ്രസ്‌വേയിൽ പറപ്പിക്കാം തുടങ്ങിയ വാഗ്ദാനങ്ങൾ നൽകി ജനത്തെ സായൂജ്യമടയിക്കുന്നതിലേക്ക് സർക്കാരുകളുടെ അജണ്ട മാറുന്നു. ലക്ഷം കോടികളുടെ പദ്ധതികൾക്ക് പണം കണ്ടെത്താൻ നൂറു വഴികളുണ്ടത്രേ..എന്നാൽ ലക്ഷങ്ങളുടെയോ ഏതാനും കോടികളുടെയോ ചില അവശ്യ പദ്ധതികളെക്കുറിച്ച് നിങ്ങൾ പറഞ്ഞു നോക്കൂ.. ഉദാഹരണത്തിന് മാലിന്യ സംസ്കരണം.. അതിന് പണമില്ലെന്ന പല്ലവി കേൾക്കാം.. ആധുനിക സംവിധാനങ്ങളുപയോഗിച്ച് മാലിന്യം സംസ്കരണം നടത്തുന്നതെന്തിന് ? നഗരമാലിന്യം തള്ളാൻ നമുക്കു ഗ്രാമങ്ങളുണ്ടല്ലോ..

കോഴിക്കോട്ട് ഞെളിയൻപറമ്പ്, തൃശൂരിൽ ലാലൂർ, കൊച്ചിയിൽ ബ്രഹ്മപുരം, തലസ്ഥാനത്ത് വിളപ്പിൽശാല... കേരളത്തിൽ നഗരങ്ങളുടെ മാലിന്യം പേറുന്ന ശപിക്കപ്പെട്ട ഗ്രാമങ്ങളാണിവ. ഈ നാട്ടുകാരുടെ കണ്ണീരിന് പരിഹാരം കാണാൻ ഒരു സർക്കാരിനും കഴിഞ്ഞിട്ടില്ല. കേന്ദ്രീകൃതമോ വികേന്ദ്രീകൃതമോ ആയ മാലിന്യ നിർമ്മാർജ്ജനമാർഗങ്ങളിലൂടെ അവ സാധിക്കേണ്ട സമയം എപ്പോഴോ കഴിഞ്ഞിരിക്കുന്നു. അതേക്കുറിച്ചുള്ള ചിന്തകൾക്ക് പ്രാധാന്യം നൽകാതെ, വലിയ വലിയ വികസനത്തെക്കുറിച്ച് പറഞ്ഞിട്ടെന്തു കാര്യം. അടിസ്ഥാനപരമായി വേണ്ട ജീവിതസാഹചര്യവും ആരോഗ്യവും ഉറപ്പാക്കാതെയുള്ള ആർഭാട കേന്ദ്രീകൃതമായ വികസനങ്ങളെപ്പറ്റി പറയുന്നതിലെന്ത് യുക്തിയാണുള്ളത്.

ബഹുജനമുന്നേറ്റങ്ങളുണ്ടാകുന്നത് അവർക്കർഹമായ ജീവിതം നൽകാൻ സർക്കാരുകൾക്ക് കഴിയാതെ വരുമ്പോൾ മാത്രമാണെന്നു എല്ലാ ചെറുത്തുനിൽപ്പുകളും നമ്മോട് പറയുന്നു. കൂടംകുളത്തെ സമരം ജീവിക്കാൻ വേണ്ടിയാണെങ്കിൽ വിളപ്പിൽ ശാലയുടേത് ശ്വസിക്കാനും കുടിക്കാനും വേണ്ടിയാണ്. നല്ല വായു ശ്വസിക്കാനും നല്ല വെള്ളം കുടിക്കാനുമുള്ള അവകാശമാണ് പതിറ്റാണ്ടിലേറെയായി അവർക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നത്. നഗരത്തിന്റെ വിഴുപ്പു ചുമക്കാൻ ചുമതലപ്പെട്ടവരാണ് ഗ്രാമവാസികൾ എന്ന ധാരണയാണോ ഇതിനു പിന്നിൽ ? ജീവിക്കാനുള്ള അവകാശം എല്ലാവർക്കും ഒരുപോലെയല്ലേ ?

## വിളപ്പിൽ ശാല : ഒരു സ്ത്രീ മുന്നേറ്റത്തിന്റെ കഥ

മറ്റെല്ലാ ജനകീയ പ്രശ്നങ്ങളിലുമെന്നപോലെ വിളപ്പിൽശാലയുടേയും പ്രാഥമിക ഇരകൾ സ്ത്രീകൾ തന്നെയാണ്. പുരുഷൻമാർ ജോലിക്കായി പുറത്തു പോകുമ്പോൾ വീടുകളിൽ ഏറ്റവും കൂടുതൽ സമയം ചെലവഴിക്കുന്നത് അവരാണ്. രൂക്ഷമായ ദുർഗന്ധം പതിവായി ശ്വസിച്ച് ഗന്ധങ്ങളെ ത്തന്നെ വെറുത്തുപോയിരിക്കുന്നു അവർ. കൊഴുത്ത, കറുത്ത നിറമുള്ള വെള്ളമാണ് വിളപ്പിൽശാലയുടെ കിണറുകൾ ചുരത്തുന്നത്. കുടിക്കാനുള്ള ശുദ്ധ ജലത്തിനു വേണ്ടി ഇവിടുത്തെ സ്ത്രീകൾ കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടി വരുന്നു. നല്ല വായു ശ്വസിക്കാൻ കിട്ടാതെ, നല്ല വെള്ളം കുടിക്കാൻ കിട്ടാതെ രോഗ ബാധിതരായ എത്രയോ ആളുകളെ വിളപ്പിൽശാലയിൽ കാണാൻ കഴിയും. 1999 ഓഗസ്റ്റ് മുതൽ 2001 നവംബർ വരെയുള്ള വിളപ്പിൽശാല പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ കണക്കുകൾ പ്രകാരം, ഈ കാലയളവിൽ ഇവിടെ ശ്വാസകോശ രോഗികളുടെ എണ്ണം ഗണ്യമായി വർധിച്ചിരുന്നു. തങ്ങളുടെ കുട്ടികളെ ബാധിച്ച ശ്വാസകോശ രോഗങ്ങളും അലർജിയും എപ്പോഴാണ് വഷളാകുന്നതെന്നറിയാതെ, രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ പതിവായി അവരേയുംകൊണ്ട് ആശുപത്രിയിലേക്ക് ഓടേണ്ടിവരുന്ന അമ്മമാരുടെ കണ്ണീരിന്റെ സാക്ഷി

യാണ് വിളപ്പിൽശാല. വിളപ്പിൽ ശാലയിൽ നിന്നെത്തുന്നവരും ചവറാണെന്ന, മാലിന്യമാണെന്ന മറ്റുള്ളവരുടെ ധാരണ ഇവരിലുണ്ടാക്കിയ അപകർഷതാ ബോധം പൊതുവേദികളിലെത്തുന്നതിൽ നിന്ന് ഇവരെ പിന്നോട്ടുവലിച്ചു. ഇവിടുത്തെ വീടുകളിലെത്തുന്ന അതിഥികൾ ഒരു ചായ കുടിക്കാൻ പോലും തയ്യാറായിരുന്നില്ല. വീട്ടമ്മമാരെന്ന നിലയ്ക്ക് എത്ര അപമാനകരമാണ് ഈ അവസ്ഥയെന്ന് ഇവിടുത്തെ സ്ത്രീകൾ ചോദിക്കുന്നു. മാലിന്യപ്രശ്നവും അതോടനുബന്ധിച്ചുള്ള ആരോഗ്യ പ്രശ്നങ്ങളും കാരണം ഇവിടെ നിന്ന് പെൺകുട്ടികളെ വിവാഹം ചെയ്യാനോ ഇവിടേയ്ക്ക് പെൺകുട്ടികളെ വിവാഹം കഴിച്ചുവിടാനോ മറ്റുദേശക്കാർ മുതിർന്നിരുന്നില്ല. പലരും വീടും സ്ഥലവും വിറ്റ് മറ്റിടങ്ങളിലേക്ക് മാറി താമസിച്ചു.. ഇങ്ങനെഎത്രയോ പ്രശ്നങ്ങളാണ് വിളപ്പിൽശാലയിലെ ജനങ്ങൾ, പ്രത്യേകിച്ചും സ്ത്രീകൾ അനുഭവിച്ചത്. നേരിട്ട് തങ്ങൾ അനുഭവിച്ച പ്രശ്നങ്ങളാണ്, കനത്ത പ്രഹരങ്ങളാണ് സമരത്തിന് മുന്നിട്ടിറങ്ങാൻ പ്രേരിപ്പിച്ചതെന്ന് ഇവിടുത്തെ സ്ത്രീകൾ പറയുന്നു. കോർപ്പറേഷന്റെ സ്വന്തമായിരുന്ന, പൂന്തോട്ട നിർമ്മാണത്തിനെന്ന് പറഞ്ഞ് ഏറ്റെടുത്ത 12 ഏക്കർ സ്ഥലത്ത് ചവർ ഫാക്ടറി എന്ന ആശയം ഉദിച്ചതും സ്ഥലം 48 ഏക്കറാക്കി വികസിപ്പിച്ച് പ്ലാന്റ് സ്ഥാപിക്കുന്നതും 2000ൽ ആണ്. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.കെ. നായനാരാണ് ചവർ ഫാക്ടറി ഉദ്ഘാടനം ചെയ്തത്. അന്ന് പ്ലാന്റിനെതിരെ സമരം ചെയ്തവരെ പോലീസ് അടിച്ചോടിച്ചു. സമരത്തെ തുടർന്നുണ്ടായ പോലീസ് ലാത്തിച്ചാർജിൽ നിരവധി പേർക്ക് പരിക്കേറ്റിരുന്നു. അന്ന് രണ്ട് മണിക്കൂർ നേരത്തേക്ക് സമരം ചെയ്യാൻ പിഞ്ചുകുട്ടികളെയുൾപ്പെടെ അടുത്തവീടുകളിലും മറ്റും ഏൽപ്പിച്ചു പോയവർ മൂന്നു ദിവസത്തിനു ശേഷമാണ് തിരിച്ചെത്തിയത്. സമാധാനപരമായി സമരം ചെയ്തതിന് അറസ്റ്റു ചെയ്യുകയായിരുന്നു ഇവരെ. തുടർന്നുള്ള എല്ലാ സമരങ്ങളിലും സ്ത്രീകൾ അവരുടെ പ്രാതിനിധ്യം ഉറപ്പിച്ചു. രാഷ്ട്രീയ പാർട്ടികളുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് സമരം ചെയ്യുന്നതിൽ ഫലമില്ലെന്ന് വൈകിയാണ് അവർ തിരിച്ചറിഞ്ഞത്. എല്ലാ തെരഞ്ഞെടുപ്പിലും വിളപ്പിൽശാലക്കാർക്ക് ലഭിച്ച വാഗ്ദാനം പ്ലാന്റ് പൂട്ടിക്കാമെന്നതായിരുന്നു. അതും അവർ വിശ്വസിച്ചു. ചതിയുടെ, വാഗ്ദാനലംഘനങ്ങളുടെ നിര മാത്രം നീണ്ടുവന്നു.

ഒരു പതിറ്റാണ്ടിന്റെ സഹനത്തിനൊടുവിലാണ് 2011 ജനുവരി ഒമ്പതിന് ജനകീയ സമര സമിതി രൂപംകൊള്ളുന്നത്. കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങളുടെ ആവശ്യത്തിലൂന്നിയ സമിതി വിജയം കണ്ടു. ഇന്ന് ഇതിനു കീഴിൽ 110 കമ്മിറ്റികളുണ്ട്. എല്ലാവരും ഒരേ ലക്ഷ്യത്തിനായി പോരാടുന്നു. രാത്രി ഒമ്പതു മണിക്കു ശേഷം മാത്രമെത്തുന്ന ചവർ ലോറികൾ തുടർച്ചയായ അറുപത് ദിവസം ഇവർ തടഞ്ഞു. സർക്കാർ പലപ്പോഴായി ചർച്ചയ്ക്കു വിളിക്കുകയും വാഗ്ദാനലംഘനങ്ങൾ ആവർത്തിക്കുകയും ചെയ്തു. ഒടുവിൽ, ഫെബ്രുവരി 13ന് കനത്ത പോലീസ് സുരക്ഷയോടെ വിളപ്പിൽശാലയിലേക്ക് കയറിവന്ന ലോറികൾക്കു മുന്നിൽ വീറോടെ അണിനിരക്കാൻ സ്ത്രീകൾ തയ്യാറായത് ഇനി വിട്ടുകൊടുക്കാനും തോൽക്കാനും മനസ്സില്ല എന്നുറപ്പിച്ചാണ്. നഗരത്തിന്റെ വിസർജ്ജ്യം താങ്ങി സ്വന്തം ജീവിതം നശിപ്പിക്കുന്നത് വിഡ്ഢിത്തമാണെന്ന് തിരിച്ചറിഞ്ഞിട്ടാണ്. പൂന്തോട്ട നിർമ്മാണത്തിനെന്നു പറഞ്ഞ് വാങ്ങിയ സ്ഥലത്ത് ചവർ ഫാക്ടറി വന്നപ്പോൾ മുതൽ, ഭരണകൂടം തങ്ങളെ ചതിക്കുകയായിരുന്നു എന്നു ബോധ്യപ്പെട്ടപ്പോൾ മുതൽ വിളപ്പിൽശാല മാലിന്യ സംസ്കരണ പ്ലാന്റിനെതിരെയുള്ള പ്രദേശവാസികളുടെ സമരത്തിൽ സ്ത്രീകളുണ്ട്. ഭരണകൂടത്തിന്റെ ആജ്ഞാശക്തിക്കും ശാരീരിക മു


**‘സർക്കാർ പലപ്പോഴായി ചർച്ചയ്ക്കു വിളിക്കുകയും വാഗ്ദാനലംഘനങ്ങൾ ആവർത്തിക്കുകയും ചെയ്തു. ഒടുവിൽ, ഫെബ്രുവരി 13ന് കനത്ത പോലീസ് സുരക്ഷയോടെ വിളപ്പിൽശാലയിലേക്ക് കയറിവന്ന ലോറികൾക്കു മുന്നിൽ വീറോടെ അണിനിരക്കാൻ സ്ത്രീകൾ തയ്യാറായത് ഇനി വിട്ടുകൊടുക്കാനും തോൽക്കാനും മനസ്സില്ല എന്നുറപ്പിച്ചാണ്.’**



ഷ്കിനും മുന്നിൽ കരളുറപ്പോടെ
നിന്ന സ്ത്രീകൾ വിളപ്പിൽശാല
യെ ലോകത്തിന് മാതൃകയാക്കി.
അധികാരി വർഗം ജനകൂട്ടായ്മയ്
ക്കു മുന്നിൽ മുട്ടുമടക്കിയതിന്റെ ര
ണ്ട് ചരിത്രമാണ് വിളപ്പിൽശാല
അടയാളപ്പെടുത്തിയത്. 2012 ഫെ
ബ്രുവരി 13ന് പോലീസ് സംരക്ഷ
ണത്തിൽ അവിടേക്കെത്തിയ ച
വർ ലോറികളും, ഓഗസ്റ്റ് നാലിന്
2500 ഓളം പോലീസുകാരുടെ അ
കമ്പടിയോടെ പ്ലാന്റിൽ എത്തി
ക്കാൻ ശ്രമിച്ച ശുദ്ധജല സംസ്ക്ക
രണ യന്ത്രങ്ങളും ലക്ഷ്യ സ്ഥാന
ത്തെത്തിയില്ല. ഇരകൾ തന്നെ മു
ന്നിട്ടിറങ്ങുമ്പോഴുള്ള ശക്തി അ
വർ തെളിയിച്ചു. പോരാട്ടത്തിന്
കൊടിയടയാളങ്ങൾ വേണ്ടെന്ന്,
ഐക്യമുള്ള ഒരു കൂട്ടം മനസ്സു
കൾ മതിയെന്ന് വിളപ്പിൽശാല
ക്കാർ നമ്മോട് പറഞ്ഞപ്പോൾ പോ
ലീസിന്റേയും ഭരണകൂടത്തിന്റേ
യും ശക്തിക്കു മുമ്പിൽ ഉശിരോടെ
നിന്ന അവരുടെ സ്ത്രീകൾ കരു
ത്തുകാട്ടി. വിളപ്പിൽശാലയിലെ മാ
ലിന്യ പ്രശ്നം എന്നു പറയുന്നതെ
ന്തിനാണ്, ഇവിടെ മാലിന്യമില്ല,
ഞങ്ങൾ മാലിന്യം ഉണ്ടാക്കുന്നില്ല.
മാലിന്യം നഗരത്തിന്റേതാണ്. അ
തെങ്ങനെ വിളപ്പിൽശാലയുടെ മാ
ലിന്യ പ്രശ്നമാകും - നിരാഹാര
പന്തലിൽ കണ്ടുമുട്ടിയ മാധുരി
ചോദിക്കുന്നു. ഇത്തരം ചോദ്യങ്ങ
ളൊന്നും ആരും ഇവരെ പഠിപ്പിച്ച
തല്ല. അനുഭവത്തിൽ നിന്ന് ഉരു
ത്തിരിഞ്ഞ വാക്കുകളാണിവ. മൂർ
ച്ചയുള്ള വാക്കുകൾ.

പ്ലാന്റും നടത്തിപ്പുമൊന്നും ഒ
രാളുടെ മാത്രം താൽപര്യമല്ല.
പ്ലാന്റിലേക്ക് പുതിയ സംവിധാനം,
പുതിയ പദ്ധതി എന്നൊക്കെ പറ
ഞ്ഞ് എത്ര കോടികളാണ് പലരു
ടേയും കീശകളിലെത്തിയിട്ടുള്ള
ത്. പ്ലാന്റ് നടത്താനെത്തിയ പോ
ബ്സൺ കമ്പനി പ്രവർത്തനം മ
തിയാക്കി ഒരു സുപ്രഭാതത്തിൽ ഇ
വിടെ നിന്നും അപ്രത്യക്ഷമായി.
കരാറനുസരിച്ചുള്ള മാലിന്യം (300
ടൺ) ദിവസവും കൊടുക്കാൻ പ
റ്റാതിരുന്നത് വഴി കോർപ്പറേഷൻ
കമ്പനിക്ക് നൽകേണ്ടിവന്നത് ഭീ
മമായ തുകയായിരുന്നു. 1999 മു
തൽ 2008 വരെ മാലിന്യം വഹി
ക്കാനുപയോഗിച്ചിരുന്ന ലോറി വാ

**ശക്തമായ ജനമുന്നേറ്റത്തിനൊടുവിൽ വിളപ്പിൽശാലക്കാർ വിജയം കൈവരിച്ചു. പ്ലാന്റ് പൂട്ടി. എന്നാൽ ഇന്നും അവിടെ നിരാഹാര സമരവും പ്രശ്നങ്ങളും തുടരുകയാണ്. ഭരണകൂട ഭീകരതയുടെ മറ്റൊരു മുഖമായി പോലീസിന്റെ അതിക്രമം അവിടുത്തുകാരെ ഇന്നും ഭീതിയിലാഴ്ത്തുന്നു.**



ടകയിലൂടെയും കിട്ടിയ കോടി
ക്കണക്കിന് രൂപയുമായാണ്
2008ൽ പോബ്സൺ കേരളം വി
ട്ടത്. ആവശ്യത്തിനുള്ളത് കിട്ടി
യപ്പോൾ അവർ പോയി. 300 ടൺ
സംസ്ക്കരണ ശേഷിയുണ്ടെന്ന്
പറഞ്ഞ് ആരംഭിച്ച പ്ലാന്റിന് 90
ടൺ മാലിന്യ സംസ്ക്കരണ ശേ
ഷിയേ ഉള്ളുവെന്ന് ഒടുവിൽ ക
ണ്ടെത്തുകയുണ്ടായി. വിളപ്പിൽ
ശാലക്കാരുൾപ്പെടെ കൊടുത്ത
നികുതിപ്പണവുമായാണ് പോ
ബ്സൺ പോയത്. അല്ലെങ്കിൽ,
പ്ലാന്റിന്റെ സംസ്ക്കരണ ശേഷി
പോലും കൃത്യമായി വിലയിരു
ത്തപ്പെടാതെ ഒരു കമ്പനി ഒരു ദ
ശാബ്ദക്കാലത്തോളം ഇവിടെ പ്ര
വർത്തിച്ചത് ആരുടെയും സഹാ
യമില്ലാതെയാകില്ലല്ലോ ?

ശക്തമായ ജനമുന്നേറ്റത്തി
നൊടുവിൽ വിളപ്പിൽശാലക്കാർ
വിജയം കൈവരിച്ചു. പ്ലാന്റ് പൂ
ട്ടി. എന്നാൽ ഇന്നും അവിടെ നി
രാഹാര സമരവും പ്രശ്നങ്ങളും
തുടരുകയാണ്. ഭരണകൂട ഭീകര
തയുടെ മറ്റൊരു മുഖമായി പോലീ
സിന്റെ അതിക്രമം അവിടുത്തുകാ
രെ ഇന്നും ഭീതിയിലാഴ്ത്തുന്നു.
അതിന് അവർ സ്വീകരിക്കുന്ന ത
ന്ത്രങ്ങൾ നിരവധിയാണ്. ഇന്ന് ഏ
ഴാം വാർഡിൽ റെയ്ഡ് നടക്കും,
ചില പ്രത്യേക പ്രദേശങ്ങൾ നിരീ
ക്ഷണത്തിലാണ് തുടങ്ങി ജന
ത്തെ പേടിപ്പിച്ചു നിർത്താനുള്ള
കുടില തന്ത്രങ്ങൾ നിരവധിയാണ്
അവർ പയറ്റുന്നത്. മോഷണക്കുറ്റ
വും മറ്റു പെറ്റി കേസുകളും ആ
രോപിച്ച് സ്ത്രീകളുൾപ്പെടെയു
ള്ളവരെ അറസ്റ്റ് ചെയ്യലും ജയിലി
ലടക്കലുമൊക്കെ നടന്നു കഴി
ഞ്ഞു. സെപ്തംബർ 24ന് സമര
ത്തിന് നേതൃത്വം വഹിക്കുന്ന മിനി
എന്ന സാമൂഹ്യ പ്രവർത്തകയെ
'പോലീസിനെ പോക്കറ്റടിച്ചു' എ
ന്ന കള്ളക്കേസിൽ കുടുക്കി വാറ
ണ്ട് പോലുമില്ലാതെ രാത്രി ഒമ്പത്
മണിക്കു ശേഷം അറസ്റ്റ് ചെയ്ത
തും കേസ് രജിസ്റ്റർ ചെയ്ത് ഉടൻ
മജിസ്ട്രേറ്റിനു മുമ്പിൽ ഹാജരാ
ക്കേണ്ടതിനു പകരം അറസ്റ്റ് വിവ

രം ആരെയും അറിയിക്കാതെ പിറ്റേ ദിവസം ഉച്ചയ്ക്കു ശേഷം മാത്രം അറസ്റ്റ് രേഖപ്പെടുത്തി മജിസ്ട്രേറ്റിനു മുമ്പിൽ ഹാജരാക്കിയതും ഉൾപ്പെടെയുള്ള സംഭവങ്ങൾ അവയിൽ ചിലതാണ്. ജാമ്യം കിട്ടി പുറത്തുവന്നെങ്കിലും അവരുൾപ്പെടെ ഒമ്പതു പേർക്കെതിരെ ജാമ്യമില്ലാ വകുപ്പിൽ കുറ്റം നിലനിൽക്കുന്നുണ്ട്. സമാധാനപരമായി പൊതുയോഗം ചേർന്നതിനുള്ള ശിക്ഷയായിരുന്നു അത്. ഇത്തരം പൈശാചിക കൃത്യങ്ങൾ കൂടിയും കുറഞ്ഞുമുള്ള അളവിൽ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇന്നും ഇവർ സമരം ചെയ്യുന്നുണ്ട്, പോലീസിന്റ ക്രൂരതകൾ അവസാനിപ്പിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട്. വിളപ്പിൽശാലക്കാരുടെ ജീവിതത്തിന് സുരക്ഷിതത്വം നൽകുന്നതിൽ പരാജയപ്പെട്ടത് കോർപ്പറേഷനും സംസ്ഥാനസർക്കാറും മാത്രമല്ല, നീതിന്യായവ്യവസ്ഥ കൂടിയാണ്. വിളപ്പിൽശാലയുടെ രോദനം കേൾക്കാനോ, അവരുടെ പോരാട്ട ചിത്രങ്ങൾ കാണാനോ കോടതിയുടെ കണ്ണിനും കാതിനും കഴിഞ്ഞില്ല. വിളപ്പിൽശാലക്കാരുടെ പോരാട്ടത്തിനു മുന്നിൽ മുട്ടുമടക്കിപ്പോന്ന ഭരണകൂടത്തെ ശാസിക്കുകയാണ് കോടതി ചെയ്തത്. ജനജീവിതം മെച്ചപ്പെടുത്തേണ്ടവർ ഒരു വിഭാഗത്തിന്റെ സൗകര്യങ്ങൾക്കു വേണ്ടി മാത്രം വാദിക്കുമ്പോൾ, കോടതികളല്ലാതെ നമുക്കെന്താശ്രയം ? പക്ഷേ, തോറ്റുപോയിരിക്കുന്നു, ഇരകൾക്കു വേണ്ടി സംസാരിക്കാൻ അവസാനരക്ഷകനും വായ തുറക്കാതിരുന്നപ്പോൾ ഒരു ജനത തങ്ങളുടെ പോരാട്ട വളപ്പിൽ കോടതിയുണ്ടാക്കുകയും തങ്ങളുടെ ജീവിതത്തിനു വേണ്ടി വാദിച്ചു ജയിക്കുകയും ചെയ്ത കാഴ്ച കൂടിയാണ് വിളപ്പിൽശാല എന്ന പാഠം കാണിച്ചുതന്നത്. അനുഭവങ്ങളിൽനിന്നൊന്നും നമ്മുടെ സർക്കാർ ഒന്നും പഠിക്കില്ല. അവർ ഇനിയും എമേർജിങ് കേരളയെക്കുറിച്ചും അതിവേഗറെയിലിനെക്കുറിച്ചും ആകാശനഗരത്തെക്കുറിച്ചുമൊക്കെത്തന്നെ സംസാരിച്ചുകൊണ്ടിരിക്കും. അല്ലെങ്കിൽ മാലിന്യമുൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് എത്രയോ പരിഹാര മാർഗങ്ങളുണ്ട്. ശാസ്ത്രമേളകളിലുൾപ്പെടെ എത്രയോ മാലിന്യ സംസ്ക്കരണ പദ്ധതികളാണ് കുട്ടികൾ പോലും മുന്നോട്ടുവെച്ചത്. എത്രയോ വിജയകരമായ പദ്ധതികളാണ് വിദേശരാജ്യങ്ങളിൽ പിന്തുടരുന്നത്. മാലിന്യ സംസ്ക്കരണത്തിൽ പിന്തുടരാവുന്ന നല്ല മാതൃകയാണ് സിംഗപ്പൂർ എന്ന കൊച്ചുരാജ്യം നടപ്പിലാക്കി വിജയം കണ്ടിട്ടുള്ളത്. വിളപ്പിൽശാലയിൽ പിന്തുടരുന്ന വിൻഡ്രോകമ്പോസ്റ്റിങ് ടെക്നോളജി ജൈവമാലിന്യ സംസ്ക്കരണത്തിന് നിലവിലുള്ള ഉത്തമ സാങ്കേതിക വിദ്യയാണെന്നും നല്ല രീതിയിൽ നടപ്പിലാക്കിയാൽ വിളപ്പിൽശാലയെ രാജ്യത്തെ തന്നെ മികച്ച ഖരമാലിന്യ സംസ്ക്കരണ പ്ലാന്റായി ഉയർത്താൻ കഴിയുമെന്നും വിദഗ്ധർ പറയുന്നു. എന്നാൽ, നമുക്ക് സ്ഥിരം സംവിധാനങ്ങൾ ആവശ്യമില്ലല്ലോ. താൽക്കാലിക മാർഗങ്ങളെക്കുറിച്ച് മാത്രമാണ് നമ്മുടെ സർക്കാരുകൾ എപ്പോഴും പറയുന്നത്. അല്ലെങ്കിൽ ചെറിയ യൂണിറ്റുകളായി തിരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിച്ച് ശാശ്വത പരിഹാരം കാണേണ്ട സമയം എന്നോ കഴിഞ്ഞു പോയിരിക്കുന്നു.

---

## വയലുകളും ഭക്ഷ്യ പരമാധികാരവും പേജ് 12ൽ നിന്നു തുടർച്ച

യിക്കുന്നത്.

വെള്ളം ഒഴുകിയാലേ നന്നാകൂ. ഇത് നമ്മുടെ നാട്ടിലെ പഴയ ആളുകൾക്കറിയാം. ആദിവാസികൾക്ക് ഇന്നുമറിയാം. കിണറ്റിലെ വെള്ളം കുടിക്കാത്ത ആദിവാസികൾ ഇപ്പോഴും നമ്മുടെ നാട്ടിലുണ്ട്. വെള്ളം വെറുതെ ഒഴുകുകയല്ല. വയലുകളെല്ലാം പുഴകളുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. വയലുകൾ നികന്നു കഴിഞ്ഞാൽ പുഴകളുടെ അവസ്ഥ എന്താകും? എവിടെയെല്ലാം വെള്ളത്തിന്റെ ഒഴുക്ക് നഷ്ടപ്പെട്ടിട്ടുണ്ടോ അവിടെയെല്ലാം വെള്ളത്തിന്റെ സ്വഭാവം മാറുകയും ഗുണം കുറയുകയും മലിനപ്പെടാനുള്ള സാദ്ധ്യത ഏറുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ വികസനജ്വരത്തിൽ നമ്മുടെ തണ്ണീർത്തടങ്ങളെല്ലാം തന്നെ ഇങ്ങനെ കൃത്രിമജലാശയങ്ങളായും അഴുക്കുചാലുകളായും മാറിയിരിക്കുകയാണ്.

അത്ഭുതം തോന്നുന്ന കാര്യം ഈ നാശം നമ്മുടെ നാട്ടിലെ ഭരണാധികാരികൾ കാണുന്നില്ല എന്നതാണ്. സ്വന്തം പറമ്പിലെ തെങ്ങിന് ജൈവവളമിട്ടാൽ, കിണർ കുത്തിയാൽ പരിസ്ഥിതി സംരക്ഷണമായി എന്നു വിശ്വസിക്കുന്ന മന്ത്രിമാർ വരെ നമ്മെ ഭരിക്കുന്ന കാലമാണിത്. അറിവില്ലായ്മ ഒരു ഭൂഷണമായി കൊണ്ടുനടക്കുന്ന, അതിൽ അഹങ്കരിക്കുന്ന ഇത്തരക്കാരോട് നമ്മൾ എന്ത് മറുപടിയാണ് നൽകുക? എങ്ങനെയാണ് നമ്മുടെ നിൽനിൽപിന് ആധാരമായ ഈ ഭൂമിയെ തണ്ണീർത്തടങ്ങളെ സംരക്ഷിക്കുക?

വിമാനത്താവളങ്ങളുടേയും ഹൈസ്പീഡ് റെയിൽ കോറിഡോറിന്റേയും ഇൻവെസ്റ്റ്മെന്റ് സോണിന്റെയും കാഹളം മുഴക്കി അവസാനിച്ച എമർജിംഗ്കേരളയെക്കുറിച്ച് കേട്ട പലരും പ്രതികരിച്ചത് ഇത് സബ്മർജിംഗ്കേരളയെന്നാണ്. കേരളത്തെ മുക്കികളയാനുള്ള പദ്ധതികളാണിവയെല്ലാമെന്നാണ്.

300 ദശലക്ഷം ആളുകൾ പട്ടിണി കിടക്കുമ്പോൾ തന്നെ അരിയും ഗോതമ്പും കയറ്റുമതി ചെയ്യാൻ ഒരുങ്ങുന്ന കേന്ദ്ര സർക്കാറിന് കേരളത്തോട് പ്രത്യേകിച്ച് മമതയൊന്നുമില്ലെന്ന് തിരിച്ചറിഞ്ഞാൽ നമുക്ക് നല്ലത്. ഇവിടുത്തെ ഉദ്യോഗസ്ഥ-രാഷ്ട്രീയ നേതൃത്വം അത് തിരിച്ചറിയുന്നില്ലെങ്കിൽ നമ്മളിത് തിരിച്ചറിയണം. ഭക്ഷണം കഴിക്കുന്നവർക്ക് ആഹാരം ഉല്പാദിപ്പിക്കാനുള്ള കഴിവും ഉണ്ടാകണം. നമ്മുടെ ചർച്ചകളും സംവാദങ്ങളും പാട്ടും നൃത്തവുമെല്ലാം വയലുകളിലേക്ക് മാറ്റേണ്ടിയിരിക്കുന്നു. ഭക്ഷ്യപരമാധികാരത്തിന്റെ ഒരു പുതിയ വിത്തിടാൻ സമയമായിരിക്കുന്നു.

# ഡെയ്സി ഫ്രാൻസിസ് – കാതിക്കുടം സമരനായിക

തയ്യാറാക്കിയത് : സോജ പി.എസ്, നീനാഭരത്

**വിളപ്പിൽശാല**സമരവും അവിടുത്തെ പഞ്ചായത്ത് പ്രസിഡന്റ് ശോഭനകുമാരിയും മാധ്യമങ്ങളിൽ നിറയുന്ന കാലത്ത് പൊതുബോധം വിളപ്പിൽശാലയ്ക്കും പഞ്ചായത്ത് പ്രസിഡന്റിനും അനുകൂലമായി ചിന്തിക്കുന്നത് ആഹ്ലാദത്തോടെ കാണേണ്ടതുണ്ട്. ഈ അവസരത്തിൽ ഒരു കൊല്ലമായി തണുത്തുപോയ കാതിക്കുടം സമരവും അവിടുത്തെ മാലിന്യപ്രശ്നങ്ങളും കമ്പനിക്ക് ലൈസൻസ് കൊടുക്കാതെ ഉറച്ചു നിൽക്കുന്ന കാടുകുറ്റി പഞ്ചായത്ത് പ്രസിഡന്റും ചർച്ചാവിഷയമാകേണ്ടതുണ്ട്. ഞങ്ങൾ ചെല്ലുമ്പോൾ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഡെയ്സി ഫ്രാൻസിസിനെ കാണാനെത്തിയ നാട്ടുകാരിയായ മേരിയുമായി അവർ സംസാരിക്കുകയായിരുന്നു. പ്രസിഡന്റ് ഉള്ളിലേക്ക് കടന്നപ്പോൾ മേരി ഞങ്ങളോട് കാതിക്കുടത്തെ കഠിനജീവിതത്തെക്കുറിച്ച് സംസാരിച്ചു തുടങ്ങി. വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന കാതിക്കുടം എന്ന സുന്ദരഗ്രാമത്തെക്കുറിച്ചും എൻ.ജി.ഐ.എൽ കമ്പനി നാടിനുണ്ടാക്കിയ ആപത്തിനെക്കുറിച്ചും മേരി ഞങ്ങൾക്ക് വിശദീകരിച്ചു തന്നു. പുറത്തേക്കു വന്ന പ്രസിഡന്റ് പുഞ്ചിരിതൂകിയ മുഖത്തോട് കൂടി ഞങ്ങളോട് സംസാരിച്ചു തുടങ്ങി. കോളേജ് വിദ്യാഭ്യാസക്കാലത്ത് പൊതുപ്രവർത്തനങ്ങളോട് താത്പര്യമുണ്ടായിരുന്നെങ്കിലും വിവാഹശേഷം കാതിക്കുടം എന്ന ഗ്രാമത്തിൽ എത്തിയതിനു ശേഷമാണ് പൊതുപ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമാകാൻ ഡെയ്സി ഫ്രൻസിസിന് സാധിച്ചത്. അതുതന്നെയായിരുന്നു തെരഞ്ഞെടുപ്പിൽ മത്സരിക്കാനുണ്ടായ കാരണവും.

***എൻ.ജി.ഐ.എൽ കമ്പനിക്കെതിരെ നാലുവർഷത്തോളമായി ശക്തമായ സമരം നടക്കുന്നു. താങ്കളുടെ അഭിപ്രായത്തിൽ എൻ.ജി.ഐ.എൽ പ്രവർത്തനം നിർത്തിവയ്ക്കണം എന്നതാണോ?***

വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന കാതിക്കുടം എന്ന സുന്ദരഗ്രാമം ഇന്നിവിടെയില്ല. പകരം മാലിന്യത്തിൽ മുങ്ങിയ ഒരു പുഴയും ദുർഗന്ധമുള്ള കാറ്റുമാണ് ഇന്നിവിടെയുള്ളത്. 1974ൽ ആണ് കമ്പനി നിലവിൽ വന്നത്. 1979ൽ കമ്പനി കമ്മീഷൻ ചെയ്തു. കമ്പനിയിൽ ജനങ്ങൾക്ക് ജോലി ലഭിക്കും എന്ന പ്രലോഭനത്തിന്റെ പുറത്താണ് കമ്പനി ഇവിടെ പ്രവർത്തനമാരംഭിച്ചത്. എന്നാൽ ഈ കമ്പനി ഭാവിയിൽ നാടിനു ദുരന്തമുണ്ടാക്കും എന്ന സൂചന ചിലർ നൽകിയെങ്കിലും ആരും അത് ചെവികൊണ്ടില്ല. മൃഗങ്ങളുടെ അസ്ഥികളിൽ നിന്നും ഓസിൻ നിർമ്മിക്കുക എന്ന പ്രക്രിയയാണ് എൻ.ജി.ഐ.എൽ ചെയ്തു വരുന്നത്. 130 ടൺ എല്ലും 1,20,000 ലിറ്റർ ഹൈഡ്രോക്ലോറിക്ക് ആസിഡും രണ്ടു കോടി ലിറ്റർ വെള്ളവുമാണ് പ്രതിദിനം കമ്പനി ഉപയോഗിച്ചു വരുന്നത്. രാസപ്രക്രിയയ്ക്കു ശേഷം അഴുകിയ എല്ലിന്റെയും മജ്ജയുടെയും മാംസത്തിന്റെയും കൊഴുപ്പിന്റെയും അവശിഷ്ടങ്ങളും ഹൈഡ്രോക്ലോറിക്ക് ആസിഡിന്റെ അവശിഷ്ടങ്ങളുമാണ് കമ്പനി ചാലക്കുടി പുഴയിലേക്ക് കൂറ്റൻ കോൺക്രീറ്റ് പൈപ്പിലൂടെ പുറംതള്ളുന്നത്. ഈ മലിനജലമാണ് കൊടുങ്ങല്ലൂർ വരെയുള്ള പ്രദേശങ്ങളിലേക്ക് കുടിവെള്ളമായി ഉപയോഗിച്ചു വരുന്നത്. സ്ലെഡ്ജ് എന്ന ഈ മാലിന്യത്തിൽ ക്യാൻസർ മുതലായ മാരക രോഗങ്ങൾക്ക് കാരണമായ ലെഡ്, നിക്കൽ, കാഡ്മിയം, ക്രോമിയം എന്നിവ ഭീകരമായ തോതിൽ അടങ്ങിയിരിക്കുന്നുണ്ട്.

കമ്പനിയിൽ നിന്നു വരുന്ന

**“കമ്പനിയിൽ ജനങ്ങൾക്ക് ജോലി ലഭിക്കും എന്ന പ്രലോഭനത്തിന്റെ പുറത്താണ് കമ്പനി ഇവിടെ പ്രവർത്തനമാരംഭിച്ചത്. എന്നാൽ ഈ കമ്പനി ഭാവിയിൽ നാടിനു ദുരന്തമുണ്ടാക്കും എന്ന സൂചനചിലർ നൽകിയെങ്കിലും ആരും അത് ചെവികൊണ്ടില്ല.”**



രൂക്ഷമായ ദുർഗന്ധം മൂലം ശ്വാസ തടസ്സം, കാൻസർ, ത്വക്ക് രോഗങ്ങൾ, ഹൃദയമിടിപ്പ് വർദ്ധിക്കൽ എന്നിവ കാണുന്നു. കുട്ടികളിൽ വളർച്ച കുറവ്, ഓർമ്മക്കുറവ്, പഠനവൈകല്യങ്ങൾ എന്നിവയും കണ്ടുവരുന്നു. ഭീകരമായ ആരോഗ്യപ്രശ്നങ്ങൾക്ക് അടിമപ്പെട്ടുകൊണ്ടിരിക്കുകയാണ് കാതിക്കുടത്തെ ജനങ്ങൾ. അതിനാൽ ജനങ്ങളെ ഇത്രയധികം ദ്രോഹിക്കുന്നതും ബുദ്ധിമുട്ടിക്കുന്നതുമായ കമ്പനിയുടെ പ്രവർത്തനം എത്രയും പെട്ടെന്ന് നിർത്തിവെയ്ക്കണം.

> ...ജനങ്ങളാണ് ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നത് അപ്പോൾ ജനങ്ങളോട് നീതി കാണിക്കേണ്ട കടമ ജനപ്രതിനിധികൾക്കുണ്ട്. അതിനു ശ്രമിക്കാതെ സാമ്പത്തിക നേട്ടം മാത്രം ലക്ഷ്യംവെച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഒരുകൂട്ടമാളുകൾ നമുക്കിടയിലുണ്ട്.

***പല നിയമങ്ങളും ലംഘിച്ചുകൊണ്ടാണ് എൻ.ജി.ഐ.എൽ കമ്പനി പ്രവർത്തിക്കുന്നത്. ഇതിനെതിരെയുള്ള പഞ്ചായത്തിന്റെ നീക്കങ്ങൾ എന്തെല്ലാമായിരുന്നു?***

നിയമം അനുസരിച്ചു മുന്നോട്ട് പോകാൻ കമ്പനിക്ക് ബുദ്ധിമുട്ടാണ്. പ്രതിദിനം 2 കോടി ലിറ്റർ വെള്ളമാണ് ചാലക്കുടി പുഴയിൽ നിന്നും കമ്പനി ആവശ്യത്തിനായി ഉപയോഗിക്കുന്നത്. കൂടാതെ ഉപയോഗശേഷം രാസമാലിന്യങ്ങൾ അടങ്ങിയ ജലം തിരിച്ച് പുഴയിലേക്കു ഒഴുക്കി വിടുന്നു. ആയിരത്തിലധികം ഇറിഗേഷൻ പദ്ധതികളുള്ള പുഴയാണ് ചാലക്കുടിപ്പുഴ. എല്ലാവിധ നിയമങ്ങളും മര്യാദകളും ലംഘിച്ചു കൊണ്ടാണ് കമ്പനിയുടെ ഓരോ നീക്കങ്ങളും. പഞ്ചായത്ത് കമ്പനിക്കെതിരെ നടത്തുന്ന കേസിൽ ആക്ഷൻ കൗൺസിലും പങ്കുചേർന്നിട്ടുണ്ട്. പഞ്ചായത്ത് ലൈസൻസ് റദ്ദാക്കിയ സമയത്ത് കമ്പനി കോടതിയെ സമീപിക്കുകയുണ്ടായി. എന്നാൽ കോടതി മലിനീകരണ നിയന്ത്രണ ബോർഡിനോട് നിർദ്ദേശം തേടിയപ്പോൾ കമ്പനിക്കനുകൂലമായാണ് അവർ റിപ്പോർട്ട് നൽകിയത്. കമ്പനിയുടെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ഒത്തുകളിയാണ് നടന്നുകൊണ്ടിരിക്കുന്നത്. പഞ്ചായത്ത് ഇന്നും കമ്പനിക്കെതിരാണ്. കമ്പനിക്കെതിരെ നടത്തുന്ന സമരങ്ങളെ അനുകൂലിക്കുകയും ചെയ്യുന്നു. പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെയാണ് കമ്പനി പ്രവർത്തിച്ചു വരുന്നത്.

***ലൈസൻസ് റദ്ദാക്കാൻ പഞ്ചായത്ത് നിർദ്ദേശം കൊടുത്തതിനു തൊട്ടടുത്ത ദിവസം പഞ്ചായത്ത് ഭരണസമിതിയിലെ മൂന്ന് യു.ഡി.എഫ് അംഗങ്ങളുടെ വീട്ടിൽ കമ്പനി ഉദ്യോഗസ്ഥർ പോയെന്നും അതിനു ശേഷം ലൈസൻസ് റദ്ദാക്കിയ തീരുമാനം പുനഃപരിശോധിക്കണമെന്ന് അംഗങ്ങൾ പഞ്ചായത്തിനോട് ആവശ്യപ്പെട്ടതായും കേൾക്കുന്നു. ഇതിലെന്തെങ്കിലും വാസ്തവമുണ്ടോ?***

ജനങ്ങളുടെ പക്ഷത്തു നിന്ന് ഇത്തരത്തിലുള്ള അഭിപ്രായങ്ങൾ ഒരുപാട് ഉണ്ടായിട്ടുണ്ട്. അഴിമതികൾ നടക്കുന്നുണ്ടെങ്കിലും വ്യക്തമായ തെളിവുകൾ ഇല്ലാത്ത ഈ സാഹചര്യത്തിൽ ഇതു തെളിയിക്കാൻ ബുദ്ധിമുട്ടാണ്. രാഷ്ട്രീയത്തിലായാലും ഏതു മേഖലയിലായാലും സ്വാർത്ഥ ലാഭത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒത്തിരിപ്പേരുണ്ട്. ജനങ്ങളാണ് ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നത് അപ്പോൾ ജനങ്ങളോട് നീതി കാണിക്കേണ്ട കടമ ജനപ്രതിനിധികൾക്കുണ്ട്. അതിനുശ്രമിക്കാതെ സാമ്പത്തിക നേട്ടം മാത്രം ലക്ഷ്യംവെച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഒരുകൂട്ടമാളുകൾ നമുക്കിടയിലുണ്ട്. സത്യം അധികം നാൾ ആർക്കും മൂടിവെക്കാൻ സാധിക്കില്ല. എന്നായാലും അത് പുറത്തുവരും.

***സമരം ശക്തിയാർജ്ജിച്ചിട്ടും സർക്കാർ പ്രതികരിക്കാത്തത് എന്തുകൊണ്ടാണ്?***

സർക്കാർ പ്രതികരിച്ചിരുന്നു. സമരം ശക്തമായ ഘട്ടത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ചകൾ നടന്നിരുന്നു. ചർച്ചയിൽ ഗവൺമെന്റ് പതിനാറിനനിർദ്ദേശങ്ങൾ നൽകിയിരുന്നു. അത് പാലിക്കുവാൻ എൻ.ജി.ഐ.എൽ ബാധ്യസ്ഥരാണെന്നും ഉത്തരവിറക്കി. എന്നാൽ സർക്കാരിന്റെ നിർദ്ദേശങ്ങൾ പൊതുജനാഭിപ്രായം അറിയാതെ ഉള്ള ഒന്നാണ്. കാരണം ഇത്രയേറെ മലിനീകരണം സൃഷ്ടിക്കുന്ന ഒരു സ്ഥാപനത്തിനു പാലിക്കുവാനായി നിർദ്ദേശങ്ങൾ വെക്കുമ്പോൾ അതിനെസംബന്ധിച്ച അഭിപ്രായം പ്രദേശത്തെ ജനങ്ങളോട് ചോദിക്കേണ്ടതാണ്. എന്നാൽ സർക്കാർ ഇതു നടത്തിയില്ല. പഞ്ചായത്തും ഗവൺമെന്റും രണ്ടുതട്ടിലാണ്. ഗവൺമെന്റിന്റെ പതിനാറു നിർദ്ദേശങ്ങൾ കമ്പനി ഇന്നും പാലിക്കുന്നില്ല.

***കാതിക്കുടം സമരത്തിന് ജനങ്ങളുടെ പിന്തുണ എത്രത്തോളമുണ്ട്? യുവാക്കൾ സമരരംഗത്തുണ്ടോ?***

കാതിക്കുടം സമരത്തിന് ജന പിന്തുണയുണ്ടെങ്കിലും ശക്തമായ ഒരു പിന്തുണ ഇന്നും ഇല്ലെന്നാണ് പറയാൻ സാധിക്കുക. ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തുന്ന ശക്തമായ സമരത്തിൽ കക്ഷിരാഷ്ട്രീയമില്ലാതെ കാതിക്കുടത്തിനു അകത്തും പുറത്തും നിന്നുള്ളവർ പങ്കെടുത്തുവരുന്നു. എന്നാൽ കാതിക്കുടത്ത് വസിക്കുന്ന ചില ആളുകൾ സമരരംഗത്തേക്ക് വരാതെ മാറിനിൽക്കുകയാണ്. ഇതിന്റെ വ്യക്തമായ കാരണം ഇതുവരെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ മാനസികമായി അവരുടെ പിന്തുണയുണ്ടെന്നുള്ള കാര്യത്തിൽ തർക്കമില്ല. കമ്പനി ജനങ്ങളെ പണം കൊടുത്ത് സ്വാധീനിക്കു

ന്നുണ്ടെന്നും കേൾക്കുന്നു.

സമരത്തിന്റെ തുടക്കക്കാരെ കൂടാതെ യുവാക്കളുടെ ഭാഗത്തുനിന്നും വലിയ പിന്തുണയൊന്നും ഇതുവരെയുണ്ടായിട്ടില്ല. സംഘടിച്ചുകൊണ്ടു മാത്രമേ നമുക്ക് ശക്തരാകാൻ കഴിയുള്ളൂ എന്നകാര്യം നമ്മൾ മറന്നു പോകരുത്. ചിലർ ഇന്നും കമ്പനിക്കനുകൂലമായാണ് പ്രവർത്തിച്ചു വരുന്നത്. വിളപ്പിൽശാലയിലേതു പോലെയുള്ള ശക്തമായ പിന്തുണ ജനങ്ങളിൽ നിന്നു ലഭിച്ചാൽ കാതിക്കുടം സമരം വിജയിക്കുമെന്നാണ് പ്രതീക്ഷ.

***ജനങ്ങളെ സ്വാധീനിക്കാനായുള്ള ശ്രമം എപ്പോഴെങ്കിലും കമ്പനിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ? പ്രതിഷേധങ്ങളെ എങ്ങനെയാണ് കമ്പനി പ്രതിരോധിക്കുന്നത്?***

ജനങ്ങളെ സ്വാധീനിക്കാനായുള്ള ഒത്തിരി പ്രവർത്തനങ്ങൾ കമ്പനി ചെയ്യുന്നുണ്ട്. കഴിഞ്ഞ ഓണത്തിന് കമ്പനിയുടെ നേതൃത്വത്തിൽ ഓണച്ചന്ത നടത്തുകയും അതുവഴി ജനങ്ങൾക്ക് വസ്തുക്കൾ കുറഞ്ഞ വിലക്ക് നൽകുകയുമുണ്ടായി. കൂടാതെ കമ്പനിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ 'മാറ്റൊലി' എന്നൊരു സംഘടനയുണ്ട്. ഈ സംഘടനയിലൂടെ കമ്പ്യൂട്ടർ, ഫാഷൻ ഡിസൈനിംഗ്, തയ്യൽ, സ്പോക്കൺഇംഗ്ലീഷ് തുടങ്ങിയ കോഴ്സുകൾ സൗജന്യമായി പരിശീലിപ്പിക്കുന്നുണ്ട്. ജനങ്ങളെ ബോധിപ്പിക്കുന്നതിനു വേണ്ടി നെൽകൃഷിയും കമ്പനി ആരംഭിച്ചു.

കൂടാതെ കമ്പനിയിൽ നിന്നും പുറന്തള്ളുന്ന രാസമാലിന്യം എല്ലുപൊടി, ശർക്കര നീര്, യൂറിയ, ചകിരി, ചാരം തുടങ്ങിയവ ഉപയോഗിച്ച് കമ്പനി വളമാക്കി മാറ്റുന്നു. ഈ വളം ചെമ്മന്നൂർ, മുതലമട തുടങ്ങിയ പ്രദേശത്ത് നിക്ഷേപിക്കുക വഴി ഒത്തിരി പ്രശ്നങ്ങൾ ആ പ്രദേശത്ത് താമസിക്കുന്നവർക്കുണ്ടായി. മുതലമടയിലെ ഒരു പറമ്പിൽ നിക്ഷേപിച്ച മാലിന്യം പുഴയിലേക്ക് ഒഴുകുകയും പുഴയിൽ കുളിച്ച ആദിവാസികൾക്ക് ചൊറിച്ചിൽ അനുഭവപ്പെടുകയും ചെയ്തു. ആദിവാസികളുടെ പരാതി മൂലം പിന്നീട് വളം മുതലമടയിൽ നിക്ഷേപിക്കാൻ ആയില്ല. ഉത്പാദിപ്പിച്ച വളം തീർക്കുന്നതിനു വേണ്ടി കമ്പനി തൊഴിലാളികൾക്ക് സൗജന്യമായി വളം നൽകുകയുണ്ടായി. സമീപ പ്രദേശത്തുള്ളവർ ആരും തന്നെ വളം വാങ്ങാൻ തയ്യാറായില്ല. ജനപിന്തുണയാർജ്ജിക്കാൻ കമ്പനിക്ക് കഴിഞ്ഞിട്ടില്ല.

***വിളപ്പിൽശാലസമരത്തിനും പഞ്ചായത്ത് പിന്തുണ ഉണ്ടായിട്ടുണ്ട്. അപ്പോൾ കാതിക്കുടം സമരത്തെ വിളപ്പിൽശാലയുമായി താരതമ്യം ചെയ്യാനാകുമോ?***

വിളപ്പിൽശാലസമരവും കാതിക്കുടം സമരവും തമ്മിൽ താരതമ്യം ചെയ്യാനാകില്ല. കാരണം വിളപ്പിൽശാലസമരമെന്നത് സർക്കാറിനെതിരെ നേരിട്ടുള്ളൊരു സമരമാണ്. അതുകൊണ്ടുതന്നെ അതിന് സർക്കാറിനുമുന്നിൽ പ്രാധാന്യമുണ്ട്. കാതിക്കുടത്തെ മാലിന്യം രാസമാലിന്യമാണ്. ഓസിൻ ഉത്പാദിപ്പിക്കുന്ന കാതിക്കുടത്തെ നീറ്റജലാറ്റിൻ ഒരു പ്രൈവറ്റ് കമ്പനിയാണ്. ഒരുപാട് വ്യത്യാസങ്ങൾ കാതിക്കുടംസമരത്തിനും വിളപ്പിൽശാലസമരത്തിനും ഉണ്ടെങ്കിലും രണ്ടുസമരങ്ങളിലും പഞ്ചായത്ത് ജനങ്ങൾക്കൊപ്പമാണ്. കാരണം സത്യസന്ധരായ ജനപ്രതിനിധികൾ എന്ന നിലക്ക് പഞ്ചായത്തിന് ജനങ്ങൾക്കൊപ്പം നിന്നേ മതിയാകൂ.

***എൻ.ജി.ഐ.എൽ കമ്പനിക്കെതിരെ സമരം ചെയ്യുന്നവരോടുള്ള കമ്പനിയുടെ നിലപാടും സമരം ശക്തമാക്കാൻ ഇടയായ സാഹചര്യവും ഒന്ന് വിശദീകരിക്കാമോ?***

മൃഗങ്ങളുടെ അസ്ഥികളിൽ നിന്നും ഓസിൻ നിർമ്മിക്കുന്ന എൻ.ജി.ഐ.എൽ കമ്പനി സൃഷ്ടിക്കുന്ന രൂക്ഷമായ മലിനീകരണവും കമ്പനി നടത്തിക്കൊണ്ടിരിക്കുന്ന നിയമലംഘനവും കൊണ്ട് പൊറുതിമുട്ടിയ ജനങ്ങൾ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് പൊരുതുവാൻ തുടങ്ങിയിട്ട് വർഷം നാലായി. ഇതിനെതിരായി ഒത്തിരി പരിപാടികൾ ആക്ഷൻ കൗൺസിൽ സംഘടിപ്പിച്ചുവരുന്നു. പ്രമുഖ പരിസ്ഥിതി-സാമൂഹിക - സാംസ്കാരിക പ്രവർത്തകർ കാതിക്കുടം സന്ദർശിക്കുകയും അവർ ഇന്നും പൂർണ്ണമായും സമരത്തെ പിന്തുണക്കുകയും ചെയ്യുന്ന.

സമരം ചെയ്യുന്നവരോട് കമ്പനി വളരെ ക്രൂരമായാണ് പെരുമാറി വരുന്നത്. പോലീസിനെസ്വാധീനിച്ച് ജനങ്ങളെ തല്ലിച്ചതക്കുന്നതും ഗുണ്ടകളെ ഉപയോഗിച്ച് ഭീഷണിപ്പെടുത്തുന്നതും കള്ളക്കേസിൽകുടുക്കുന്നതും പതിവായിരുന്നു. കൂടാതെ ജനങ്ങളുടെ നീക്കങ്ങൾ അറിയുന്നതിനുവേണ്ടി അയൽപക്കത്തുള്ള വീടുകളിലേക്കും റോഡിലേക്കും നേരെ കാമറകൾ ഘടിപ്പിച്ചിട്ടുണ്ട്.

***മലിനീകരണനിയന്ത്രണ ബോർഡിൽ പരാതി നൽകിയതിന് ലഭിച്ച പ്രതികരണമെന്തായിരുന്നു?***

മലിനീകരണനിയന്ത്രണ ബോർഡിൽ നിന്നും തൃപ്തികരമല്ലാത്ത നടപടികളാണ് നേരിടേണ്ടിവന്നത്. അവർ ആക്ഷൻ കൗൺസിലിന് ഒരു റിപ്പോർട്ടും കോടതിയിൽ മറ്റു തരത്തിലുള്ള റിപ്പോർട്ടുമാണ് നൽകിയിരുന്നത്. അതിനാൽ തന്നെ സ്ഥിതി വളരെ മോശമാണ്. ഒരു ചോദ്യം തന്നെ അഞ്ചുതവണ ചോദിച്ചാൽ അഞ്ചു തരം ഉത്തരമാണ് കമ്പനിയിൽ നിന്നു ലഭിക്കുക. അതുകൊണ്ടുതന്നെ പലപ്പോഴും ഉന്നതതലത്തിലേക്ക് എത്തുമ്പോഴാണ് കമ്പനിയുടെ അവസ്ഥ മനസ്സിലാക്കാൻ സാധിക്കുക.

***കാതിക്കുടംസമരത്തിൽ മാധ്യമങ്ങൾ വഹിച്ച പങ്ക്?***

മാധ്യമങ്ങളുടെ പിന്തുണ വളരെ നല്ലരീതിയിൽ തന്നെ ലഭിച്ചിട്ടുണ്ട്. എന്നാൽ പത്രങ്ങളിൽ എഡിഷനുകൾ തിരിച്ച് വാർത്ത വരുന്നതുകൊണ്ടാണ് സമരത്തിനു വേണ്ടവിധത്തിലുള്ള പ്രചാരം ലഭിക്കാതിരുന്നത്. മാധ്യമങ്ങൾ ഒന്നുകൂടി രംഗത്തേക്കു വരുകയാണെങ്കിൽ കാതിക്കുടം നേരിടുന്ന പ്രശ്നത്തെക്കുറിച്ച്

ജനങ്ങൾക്ക് കൂടുതൽ മനസ്സിലാക്കാൻ സാധിക്കും. ഇതുവഴി കാതിക്കുടം സമരത്തിന് നേട്ടമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

***കമ്പനി ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു എന്നുകേട്ടു. അതിനു പഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ?***

സത്യത്തിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ സാധിക്കില്ല. എന്നാൽ കമ്പനി സ്വാധീനത്താൽ എവിടെനിന്നോ നിർമ്മാണാനുമതി വാങ്ങി. കഴിഞ്ഞ നവംബറിൽ ബയോഗ്യാസ് പ്ലാന്റ് പൊട്ടിത്തെറിക്കുകയും ചെയ്തു. കമ്പനിക്കുള്ളിലെ പല കാര്യങ്ങളും ജനങ്ങൾക്ക് അവ്യക്തമാണ്.

***ഇത്രയും പ്രതിസന്ധികൾ നേരിടുന്ന ഒരു പഞ്ചായത്ത് പ്രസിഡണ്ട് എന്ന നിലക്ക് അടുത്ത തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ താങ്കൾക്ക് താത്പര്യമുണ്ടോ?***

ഇനി ഒരു തെരഞ്ഞെടുപ്പിൽ കൂടി വിജയിച്ചാൽ പതിനഞ്ചു വർഷമാകും. കുറച്ചുനാൾ വിട്ടുനിൽക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിലും ജനഹിതമെന്താണോ അതനുസരിച്ച് പ്രവർത്തിക്കും. അത് പ്രതിസന്ധികളെ ഭയന്നുകൊണ്ടല്ല. പഞ്ചായത്ത് പ്രസിഡണ്ട് എന്ന പദവിക്കു പുറമെ ഒരു സാധാരണ വ്യക്തി എന്ന നിലക്ക് കാതിക്കുടം സമരത്തിനെ ശക്തമായി പിന്തുണക്കുകയും പോരാടുകയും ചെയ്യും. എത്രയും പെട്ടെന്ന് കാതിക്കുടം സമരം വിജയപഥത്തിലെത്തണമെന്നാണ് ആഗ്രഹം. ജനം ഒരു പ്രതിഭാസമാണ്. ജനങ്ങളോട് അടുത്തിടപഴകിയാൽ മാത്രമേ നമുക്കത് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.


***വിളപ്പിൽശാലസമരം വിജയത്തിലേക്കെത്തിക്കഴിഞ്ഞല്ലോ. കാതിക്കുടംസമരത്തിനും അത്തരമൊരു സന്തോഷവാർത്ത ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ?***

തീർച്ചയായും. സത്യമാണ് എവിടെയും ജയിക്കുക. പക്ഷെ ജനങ്ങളുടെ പ്രതിഷേധം ശക്തമല്ലാത്തതിനാൽ പെട്ടെന്നുള്ള മാറ്റങ്ങൾ സമരത്തിൽ നിന്നും പ്രതീക്ഷിക്കാനാവില്ല. സമരം വിജയിക്കുമെന്ന് തന്നെയാണ് പ്രതീക്ഷ. (പുഞ്ചിരിമായാത്ത മുഖത്ത് നിശ്ചയദാർഢ്യത്തിന്റെ നിഴൽകൂടി വീഴുന്നു.)

പ്രസിഡണ്ടിനെകാണാൻ പലരും വന്നുപോകുന്ന കൂട്ടത്തിൽ ഉണ്ടായിരുന്ന ആക്ഷൻ കൗൺസിൽ പ്രവർത്തകൻ കെ.എം.അനിൽകുമാർ കമ്പനി ഉണ്ടാക്കുന്ന മാലിന്യത്തിൽ തനിക്ക് വ്യക്തിപരമായി ഉണ്ടായ നഷ്ടവും വിശദീകരിച്ചു. എൻ.ജി.ഐ.എല്ലിൽ നിന്നും വമിച്ച വിഷവാതകങ്ങൾ മൂലം അസുഖം പിടിപെട്ട് അദ്ദേഹത്തിന്റെ അമ്മ മരണമടഞ്ഞ സംഭവവും ചെറുപ്പം മുതൽ കണ്ടുവന്ന സ്വന്തം നാടിന്റെ ഇന്നത്തെ അവസ്ഥയും അദ്ദേഹം ഞങ്ങളുമായി പങ്കുവെച്ചു.

കാതിക്കുടംസമരത്തിന് വിളപ്പിൽശാലസമരത്തിനു ലഭിച്ച വിജയമുണ്ടാകട്ടെ എന്നാശംസിച്ചുകൊണ്ട് ഞങ്ങൾ പിരിഞ്ഞു. ഞങ്ങളെ യാത്രയാക്കുന്ന നേരവും പ്രസിഡണ്ടിന്റെ മുഖത്തെ ചിരിയും പ്രകാശവും മാഞ്ഞിട്ടുണ്ടായിരുന്നില്ല. ഒരു നാടിനെ ദുരിതത്തിൽ നിന്നു രക്ഷിക്കാൻ അവർക്കു കഴിയട്ടെയെന്ന് നമുക്ക് ആശംസി





ടി.ശോഭന

**മരണങ്ങൾ പുതിയ വികാരങ്ങൾക്ക് ഇപ്പോൾ ഇടം കൊടുക്കുന്നില്ല.**

# എൻഡോസൾഫാൻ ദുരിതബാധിതരോടുള്ള അവഗണന തുടരുന്നു

**തങ്ങളുടെ** വേദനാനുഭവം ലോകത്ത് ഇനി മറ്റൊരമ്മയ്ക്കും വരരുതേ എന്ന് കാസർകോട്ടെ അമ്മമാർ വീണ്ടും വീണ്ടും വിളിച്ചു പറഞ്ഞുകൊണ്ടേയിരിക്കുന്നു. വിഷവണ്ടികൾ ഇടിച്ചു കയറിയ ഗ്രാമങ്ങളിൽ അമ്മമാരുടെ നിലവിളികൾ ഇനിയും നിലച്ചിട്ടില്ല. മരണങ്ങൾ പുതിയ വികാരങ്ങൾക്ക് ഇപ്പോൾ ഇടം കൊടുക്കുന്നില്ല. അസ്വസ്ഥമായ ജീവിതത്തോട് അവർ താദാത്മ്യം പ്രാപിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഒരു കാര്യം അവരിന്ന് തിരിച്ചറിയുന്നു. ഒരു ജനാധിപത്യഭരണകൂടം കൊടുംവിഷത്തെ മരുന്നെന്ന് വിശേഷിപ്പിച്ച് ഇക്കാലമത്രയും തലയ്ക്കു മീതെ വീഴ്ത്തിയത് ആർക്കുവേണ്ടിയാണെന്ന് അവർ ചോദിച്ചുതുടങ്ങിയിരിക്കുന്നു.

തങ്ങളുടേതല്ലാത്ത കുറ്റംകൊണ്ട് ജീവിതം ഹോമിക്കപ്പെട്ടവർ സ്വസ്ഥത തിരിച്ചു കിട്ടാനുള്ള പോരാട്ടത്തിന്റെ പാത സ്വീകരിച്ചിരിക്കുന്നു. ഒരു ചരിത്രദൗത്യം ഏറ്റെടുക്കാനുള്ള സജീവമായ ഇടപെടലുകളിൽ അവർ കർമ്മനിരതരാവുകയാണ്. ചെയ്ത തെറ്റുകൾക്ക് ഭരണകൂടം പരിഹാരം കണ്ടെത്തണമെന്ന് ആവശ്യപ്പെട്ട് മക്കൾ കൊടുത്ത തീപ്പന്തങ്ങൾ അവരുടെ കൈകളിൽ അണയാതെ നിൽക്കുകയാണ്.

എങ്കിലും ഭരണകൂടങ്ങൾ അവരുടെ ചതിപ്രയോഗങ്ങൾ തുടരുന്നതിൽ യാതൊരു ലോഭവും കാണിക്കുന്നില്ല. പ്രഖ്യാപനങ്ങളുടെ പെരുമഴ വർഷിപ്പിച്ച് പൊതുസമൂഹത്തിൽ നിന്നും മാറ്റി നിർത്താനുള്ള പ്രവർത്തനങ്ങൾ അവർ സജീവമാക്കുന്നു. ലക്ഷങ്ങൾ അനുവദിക്കുന്നു എന്നു പറയുമ്പോഴും ചികിത്സ കിട്ടാതെ മരിച്ചുകൊണ്ടിരിക്കുന്നത് കാസർഗോഡൻ ഗ്രാമങ്ങളിൽ ഇന്നൊരു വാർത്ത അല്ലാതായി മാറിയിരിക്കുന്നു. ഒരു സാധാരണ വീട്ടമ്മയുടെ ജീവിതം പോലും തുടരാൻ കഴിയാത്ത ജന്മങ്ങൾ ഇന്ന് ഏത് സമരത്തിന്റെയും പാത സ്വീകരിക്കുന്നതിന് സന്നദ്ധമായിരിക്കുന്നു. ഇതിന്റെ ഒരു തുടക്കം എന്ന നിലയിലാണ് ജില്ലാഭരണകൂടത്തിന്റെ മുന്നിൽ മാസങ്ങളോളം നിരാഹാരമിരിക്കാൻ അവർ എത്തിയത്. തിമിർത്തു പെയ്യുന്ന കാലവർഷദിനങ്ങളിൽപ്പോലും അവരതിന് മടി കാണിച്ചില്ല. നിരവധി തവണ മനുഷ്യക്കോലങ്ങളായ കുഞ്ഞുങ്ങളെയും എടുത്തവർ ഭരണാധികാരികളെ കാത്തുനിന്നു. സാന്ത്വനവാക്കുകൾ പറഞ്ഞ് സമാധാനിപ്പിക്കാനെങ്കിലും കേരളം ഭരിക്കുന്ന "ജനകീയ മുഖ്യമന്ത്രിക്ക് സമയം കണ്ടെത്താനായില്ല. മുഖ്യമന്ത്രി വരുന്നുണ്ടെന്നറിഞ്ഞ് നൂറ് കണക്കിന് അമ്മമാരും കുട്ടികളും പാതയോരത്ത് പട്ടിണി കിടന്ന് കാത്ത് നിന്നിട്ടും ഇതൊന്നും കാണാൻ 'ജനകീയ' മുഖ്യമന്ത്രിയുടെ കണ്ണുകൾക്കായില്ല. എന്നാൽ കേരളീയ സമൂഹത്തിന്റെ ധാർമ്മി




> **ഇന്ത്യൻ ഭരണാധികാരികൾ എൻഡോസൾഫാൻ നിരോധിക്കേണ്ടതില്ല എന്ന് പരമോന്നത നീതിന്യായ വ്യവസ്ഥയ്ക്ക് മുന്നിൽ ആവശ്യപ്പെടുന്നു. ഇതിലൂടെ മനുഷ്യകുലത്തോടു തന്നെയുള്ള വെല്ലുവിളികളാണ് ഭരണാധികാരികൾ നടത്തിക്കൊണ്ടേയിരിക്കുന്നത്.**

കവും പ്രായോഗികവുമായ പിന്തുണ അമ്മമാരുടെ സമരത്തിന് ലഭിച്ചുകൊണ്ടിരുന്നു. ഒട്ടനവധി സംഘടനകളും വ്യക്തിത്വങ്ങളും സമരത്തെ അകമഴിഞ്ഞ് സഹായിച്ചു. നൂറ്റി ഇരുപത്തെട്ടു ദിവസം ജില്ലാ ഭരണാധികാരികളുടെ മുമ്പിൽ അമ്മമാരുടെ നേതൃത്വത്തിൽ നടന്നുവന്ന സമരം താല്ക്കാലികമായി നിറുത്തിവെക്കേണ്ടി വന്നിരിക്കുകയാണ്.

പ്രാഥമികവും അടിയന്തിരവുമായ ചില ആവശ്യങ്ങൾ "ദേശീയ മനുഷ്യാവകാശകമ്മീഷൻ ശുപാർശകൾ പൂർണ്ണമായും നടപ്പാക്കാനും കടങ്ങൾ എഴുതിത്തള്ളാനുമുള്ള പഠനക്കമ്മിറ്റിയെ നിയമിക്കാനും അർഹരായ മുഴുവൻ രോഗികളെയും ലിസ്റ്റിൽ ഉൾപ്പെടുത്താനും മതിയായ ചികിത്സാ സംവിധാനം ജില്ലയിൽത്തന്നെ ഒരുക്കാനും) അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് താൽക്കാലികമായി സമരം പിൻവലിക്കാൻ നിർബന്ധിതരായത്. പൊതുമര്യാദയുടെ ഭാഗമായി ഈയൊരു സമീപനം എടുത്തെങ്കിലും ഭരണകൂടം വീണ്ടും കളികൾ തുടരുകയാണ്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത സാമ്പത്തികസഹായം നൽകുന്നതിനു പോലും വിമുഖത കാണിക്കുന്നു. വിദഗ്ദരായ ഡോക്ടർമാർ നടത്തിയ സ്ക്രീനിങ്ങിലൂടെ കണ്ടെത്തിയ ദുരിതബാധിതരെ ഒഴിവാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായാണ് ജാനുനായക് ആത്മഹത്യ ചെയ്തത്. വിദഗ്ദ്ധപരിശോധനയിലൂടെ ദുരിതബാധിതരുടെ പട്ടികയിൽ ഇടം കണ്ടെത്തിയവർ ഒഴിവാക്കപ്പെടുമ്പോൾ ഇനിയും എന്തൊക്കെയാണ് സംഭവിക്കുന്നതെന്ന് പറയാൻ കഴിയില്ല. കൃത്യമായ കണക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷനു മുന്നിൽ സമർപ്പിച്ചതിനു ശേഷമാണ് വീണ്ടും കാറ്റഗറി നിർണ്ണയിക്കുന്നു എന്ന പേരിൽ പീഡിതരെ ഒഴിവാക്കിക്കൊണ്ടിരിക്കുന്നത്. മാത്രമല്ല അഞ്ചുവർഷം കൊണ്ട് എൻഡോസൾഫാൻ ദുരിതബാധിതർക്കു വേണ്ടിയുള്ള പദ്ധതികൾ മുഴുവൻ അട്ടിമറിക്കുന്നതിനുള്ള ഉത്തരവ് 2012 ജനുവരി 12ന് തന്നെ കേരള സർക്കാർ ഇറക്കിക്കഴിഞ്ഞു. നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന വികലാംഗപെൻഷനൊഴികെ മറ്റൊരാനുകൂല്യവും അഞ്ചുവർഷത്തിനു ശേഷം ലഭിക്കുന്നതല്ല എന്ന് അടിവരയിട്ട് പറയുന്നു. ദശകങ്ങളോളം നീണ്ടുനിന്നേക്കാവുന്ന വിഷഭീകരതയെ അഞ്ചുവർഷം കൊണ്ട് ഇല്ലാതാക്കുമെന്ന് പ്രഖ്യാപിക്കുന്നവർ എൻഡോസൾഫാനടക്കമുള്ള വിഷക്കമ്പനികളെ സംരക്ഷിക്കാനാണ് തുനിഞ്ഞിറങ്ങിയിരിക്കുന്നത്. കേന്ദ്ര കേരള സർക്കാറുകൾ ഇതിനുവേണ്ടി അതീവ ജാഗ്രതയും കാണിക്കുന്നു. ഇന്ത്യൻ ഭരണാധികാരികൾ എൻഡോസൾഫാൻ നിരോധിക്കേണ്ടതില്ല എന്ന് പരമോന്നത നീതിന്യായ വ്യവസ്ഥയ്ക്ക് മുന്നിൽ ആവശ്യപ്പെടുന്നു. ഇതിലൂടെ മനുഷ്യകുലത്തോടു തന്നെയുള്ള വെല്ലുവിളികളാണ് ഭരണാധികാരികൾ നടത്തിക്കൊണ്ടേയിരിക്കുന്നത്. ഇത്തരമൊരു സന്ദർഭത്തിലാണ് കാസർഗോട്ടെ അമ്മമാർ നടത്തുന്ന സമരത്തിന്റെ പ്രസക്തി തിരിച്ചറിയേണ്ടത്. കാസർഗോട്ടെ ഒരുപറ്റം മനുഷ്യർക്കു വേണ്ടി മാത്രമുള്ളതല്ല ഈ സമരമെന്നും മറിച്ച് ലോകത്ത് ജനിക്കാനിരിക്കുന്ന ഓരോ കുഞ്ഞിനും വേണ്ടിയുള്ളതാണ് ഇതെന്നും തിരിച്ചറിയാൻ കാലം നമ്മോടാവശ്യപ്പെടുന്നു. വീണ്ടും ഒരു ശക്തമായ പോരാട്ടത്തിന് അമ്മമാർ ഒരുങ്ങുകയാണ്. അവരോടൊപ്പം നിൽക്കാനുള്ള ധാർമ്മികമായ ഉത്തരവാദിത്തം കേരളീയ സമൂഹത്തിനുണ്ടെന്ന് കരുതുന്നു. അമ്മമാർ നടത്തിവരുന്ന ഈ സമരത്തിൽ കൂടുതൽ സ്ത്രീ പങ്കാളിത്തം ഉണ്ടാകേണ്ടിയിരിക്കുന്നു.

മുഖ്യമന്ത്രിയുടെ ഉറപ്പിനേയും കാസർഗോഡ് എം.പി. പി.കരുണാകരന്റെ അഭ്യർത്ഥനയേയും മാനിച്ച് താൽക്കാലികമായി നിർത്തിവെച്ച സമരം നവംബർ 15 മുതൽ പുനരാരംഭിക്കുകയാണ്. ദേശീയമനുഷ്യാവകാശകമ്മീഷൻ എട്ടാഴ്ചകൊണ്ട് നടപ്പാക്കാനാവശ്യപ്പെട്ട് 2010 ഡിസംബർ 31ന് സംസ്ഥാനസർക്കാറിനു നൽകിയ റിപ്പോർട്ട് ഇതുവരെ നടപ്പാക്കാതിരുന്ന സർക്കാർ മനുഷ്യാവകാശകമ്മീഷൻ സുപ്രീംകോടതിയെ സമീപിക്കുമെന്ന ഘട്ടം വന്നപ്പോൾ പൂർണ്ണമായി നടപ്പാക്കുമെന്ന് പ്രഖ്യാപിക്കുകയും ലിസ്റ്റിനെ അട്ടിമറിക്കുകയും ചെയ്യുകയാണിപ്പോൾ. ദുരിതബാധിതരുടെ ന്യായമായ ആവശ്യങ്ങളോട് സർക്കാർ മുഖം തിരിഞ്ഞു നിൽക്കുന്ന സാഹചര്യത്തിൽ സമരം പുനരാരംഭിക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ല.



# എൻഡോസൾഫാൻ പീഡിതരുടെ അടിയന്തിര ആവശ്യങ്ങൾ

1. മതിയായ ചികിത്സ ലഭിക്കാൻ ആവശ്യമായ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുക. ബഹുമുഖ ചികിത്സാരീതികൾ നടപ്പിലാക്കുക.
2. ദുരിതബാധിതരുടെ മുഴുവൻ കടങ്ങളും എഴുതിത്തള്ളുക.
3. മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുക.
4. ട്രിബ്യൂണൽ സ്ഥാപിക്കുക.
5. ശാസ്ത്രീയവും പ്രായോഗികവുമായ രീതിയിൽ പുനഃരധിവാസം ഏറ്റെടുക്കുക.
6. അർഹരായ മുഴുവൻ രോഗികളെയും ലിസ്റ്റിൽ ഉൾപ്പെടുത്തുക.
7. മണ്ണിനെയും പ്രകൃതിയെയും തിരിച്ചു പിടിക്കാൻ ജൈവപുനഃസ്ഥാപനത്തിനാവശ്യമായ ഫലപ്രദമാർഗ്ഗങ്ങൾ സ്വീകരിക്കുക.
8. കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരിക. മാതൃകാപരമായി ശിക്ഷിക്കുക.
9. മരണപ്പെട്ടവരുടെ കൃത്യമായ കണക്കുകൾ ശേഖരിക്കുക.
10. മരണമടഞ്ഞവരുടെ കുടുംബത്തിന് 10 ലക്ഷം രൂപ നൽകുക.
11. മരണമടഞ്ഞവരുടെ, ദുരിതബാധിതരുടെ കുടുംബത്തിലെ ഒരംഗത്തിന് ജോലി ലഭ്യമാക്കുക.
12. പെൻഷൻ തുക 10,000/- രൂപയാക്കുക.
13. ദുരിതബാധിതരുടെ സഹായികൾക്ക് പ്രതിമാസം 5000/-രൂപ നൽകുക.
14. പി.സി.കെ തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള അവകാശങ്ങൾ അനുവദിക്കുക.
15. പി.സി.കെ ഭൂമി ദുരിതബാധിതർക്കും പി.സി.കെ.തൊഴിലാളികൾക്കും ആദിവാസികൾക്കും ഭൂരഹിതർക്കും ജൈവകൃഷി നടത്താൻ നൽകുക.
16. കാസർഗോഡ്ജില്ലയിലെ മുഴുവൻ എൻഡോസൾഫാൻ ദുരിതബാധിതരെയും ലിസ്റ്റിൽ ഉൾപ്പെടുത്തുക.
17. ബഡ്സ് സ്കൂളുകൾക്ക് മെച്ചപ്പെട്ട സാഹചര്യമൊരുക്കുക. ജീവനക്കാർക്ക് സർക്കാർ അദ്ധ്യാപകർക്കുള്ള ശമ്പളം നൽകുക.
18. ഗോഡൗണുകളിലെ എൻഡോസൾഫാൻ നീക്കം ചെയ്യുക, നിർവീര്യമാക്കുക.
19. ദുരിതബാധിതരായ എ.പി.എൽ കാർഡുടമകളെ ബി.പി.എൽ.ലിസ്റ്റിൽ ഉൾപ്പെടുത്തുക.

# പ്രിയ സുഹൃത്തുക്കളോട്

**'സംഘടിത'യുടെ ഹൃദയംഗമമായ ആശംസകൾ!**

**ഇരുപത്തിരണ്ട്** ലക്കങ്ങൾ പിന്നിട്ട 'സംഘടിത'യുടെ സാമ്പത്തിക ചെലവുകൾ നേരിടുന്നതിൽ വലിയ പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ് നമ്മളെന്നറിയാമല്ലൊ. പ്രധാനമായി പരസ്യങ്ങൾ വഴിയും വരിക്കാർ വഴിയുമാണ് ഇതിന്റെ മുഖ്യ ചെലവുകൾ നിറവേറി പോരുന്നത്. വരിക്കാർ വർദ്ധിക്കുന്നുണ്ടെങ്കിലും ശക്തമായൊരു സാമ്പത്തിക അടിത്തറ ഉണ്ടാക്കിയെടുക്കുന്ന തലത്തിലേക്ക് ഈ പ്രക്രിയ ഉയർന്നിട്ടില്ല. പൊതു വില്പനയിൽനിന്നുള്ള വരുമാനം 25% ത്തിലപ്പുറം പോകാൻ കഴിയുന്നുമില്ല എന്നതാണ് വാസ്തവം. ഞങ്ങളുടെ സംരംഭത്തോട് കച്ചവട സ്ഥാപനങ്ങൾക്കുള്ള അനുകൂലസമീപനം ഒന്നുകൊണ്ടുമാത്രമാണ് പരസ്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് മാസികയുടെ നടത്തിപ്പിനാവശ്യമായ കരുതൽ ധനം ശേഖരിക്കുന്നതിനായി ഒരു തീവ്രയത്നം നടത്തേണ്ടത് അത്യന്താപേക്ഷിതമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വാർഷികവരിക്കാരുടെ സംഖ്യ പരമാവധി വർദ്ധിപ്പിച്ചുകൊണ്ടും ഞങ്ങളുമായി സഹകരിക്കുന്ന വ്യക്തികളിൽനിന്ന് ചുരുങ്ങിയത് 1000/-രൂപ വീതം ധനസഹായമായി സ്വീകരിച്ചുകൊണ്ടും ഈ പ്രതിസന്ധി പരിഹരിക്കാനാകുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അയ്യായിരം രൂപയും അതിലധികവും തന്ന് സഹായിക്കുന്നവരെ മാസികയുടെ ആയുഷ്കാല വരിക്കാരാക്കുന്നതാണ്. സംഭാവനകൾക്ക് ഇൻകംടാക്സ് ആക്ടിന്റെ 80(G) വകുപ്പ് പ്രകാരമുള്ള ഇളവുകൾ ലഭിക്കുന്നതാണ്.

സ്നേഹപൂർവ്വമുള്ള പ്രതികരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്,

നിങ്ങളുടെ ***'സംഘടിത'*** ടീം.

ചെക്കുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക:

അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ, പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370





ആശ ഹരി, ചക്കരക്കൽ

# പ്ലാസ്റ്റിക് എന്ന നിശ്ശബ്ദകൊലയാളി

**ഒരധ്യാപികയായ** എനിക്ക് ജോലിക്കിടയിൽ നേരിടേണ്ടിവരുന്ന ഏറ്റവും വലിയ പ്രശ്നം കുട്ടികളിൽ കാണുന്ന ഓർമ്മക്കുറവാണ്. എന്റെ സ്കൂൾജീവിതകാലം എനിക്കോർമ്മയുണ്ട്. അന്നൊക്കെ ക്ലാസ്സിൽ തീരെ ശ്രദ്ധിക്കാത്തവരും ബുദ്ധിമാനം കുറഞ്ഞവരുമായ ഒരു ചെറിയ ശതമാനം കുട്ടികളെ മാത്രമെ ഈ പ്രശ്നം ബാധിച്ചിരുന്നുള്ളൂ. തൊണ്ണൂറുകളുടെ തുടക്കത്തിൽ ഞാൻ അദ്ധ്യാപികയായി ജോലിയിൽ പ്രവേശിച്ചകാലത്തും പ്രശ്നം ഇത്രയേറെ ഗുരുതരമായിരുന്നില്ല. എന്നാൽ ഇന്ന് 99% കുട്ടികളെയും ഓർമ്മക്കുറവ് അലട്ടുന്നുണ്ട്. രാവിലെ പറഞ്ഞുകൊടുത്ത കാര്യങ്ങൾ പോലും ഉച്ചയ്ക്കവർ ഓർക്കാറില്ല. ക്ലാസ്സിൽ പഠിപ്പിച്ച കാര്യങ്ങൾ പോലും ഏറ്റവും മിടുക്കരായ കുട്ടികൾവരെ, ഒരു ക്വിസ് മത്സരത്തിൽ ചോദ്യമായി വന്നാൽ ഉത്തരം ശരിയാക്കുന്നില്ല.

കുട്ടികളെ ബാധിക്കുന്ന പ്രശ്നങ്ങളെപ്പറ്റി സൂക്ഷ്മനിരീക്ഷണം നടത്തിവരുന്ന ഒരു വ്യക്തി എന്ന നിലയിൽ, ഈ ഓർമ്മക്കുറവിനു മുഖ്യ കാരണമായി എനിക്ക് കണ്ടെത്താൻ കഴിഞ്ഞത് പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗമാണ്. അലൂമിനിയം പാത്രങ്ങളിലെ പാചകം, ഭക്ഷണം, ഔഷധങ്ങൾ എന്നിവയിൽ കൂടി അകത്തെത്തുന്ന രാസവസ്തുക്കൾ എന്നിവയും ഒരളവുവരെ ഇതിൽ പങ്കുവഹിക്കുന്നുണ്ടെങ്കിലും ഓർമ്മ കോശങ്ങളെ നശിപ്പിക്കുന്ന മുഖ്യവില്ലൻ പ്ലാസ്റ്റിക് തന്നെയാണ്.

പെട്രോളിയത്തിൽ നിന്നും നിർമ്മിക്കുന്ന പോളിഎത്തിലീൻ തന്മാത്രകൾ അടങ്ങിയ പ്ലാസ്റ്റിക്, അത് കണ്ടു പിടിച്ച കാലത്ത് വിപ്ലവകരമായ ഒരു കണ്ടുപിടുത്തമായിരുന്നു. നനവുതട്ടാതെയും വായുകടക്കാതെയും സാധനങ്ങൾ സൂക്ഷിക്കാം, ഭാരക്കുറവുണ്ട് എന്നിവയായിരുന്നു ഇതിന്റെ പ്രധാനസവിശേഷതകൾ. ക്രമേണ മനുഷ്യജീവിതത്തിൽ നിന്നും ഒഴിവാക്കാൻ പറ്റാത്ത ഒരു സ്ഥാനം ഇതിനു നേടിയെടുക്കാൻ സാധിച്ചതും ഈ ഗുണങ്ങൾ കൊണ്ടാണ്. എത്രകാലം കഴിഞ്ഞാലും മണ്ണിൽ ലയിച്ചു ചേരാത്തതും കത്തിച്ചാൽ പോലും നശിക്കാത്തതുമായ ഈ വസ്തുവിൽ ഒട്ടേറെ മാരകമായ ഘടകങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് പിന്നീടാണ് കണ്ടെത്തിയത്.

പ്ലാസ്റ്റിക്കിന് അതിന്റെ ഗുണങ്ങൾ നൽകുന്നത് താലേറ്റുകൾ എന്ന പേരിൽ അറിയപ്പെടുന്ന പ്ലാസ്റ്റിസൈസറുകളാണ്. ഒപ്പം അതിന് ആകർഷകമായ നിറങ്ങൾ നൽകുന്നത് ലെഡ്, കാഡ്മിയം തുടങ്ങിയ വിഷവസ്തുക്കളാണ്. ഏതെങ്കിലും വിധത്തിൽ ചൂടായാൽ പ്ലാസ്റ്റിക്കിൽ നിന്നും- മാരകമെന്നു മനസ്സിലായപ്പോൾ ഇന്ത്യാ ഗവൺമെന്റടക്കം ഒരുപാടു രാജ്യങ്ങളിൽ നിരോധിച്ച ഡി.ഡി.റ്റി എന്ന വസ്തുവെക്കാൾ രണ്ടു ലക്ഷം മടങ്ങ് വിഷവീര്യമുള്ള- ഡയോക്സീൻ എന്ന വസ്തു പുറത്തേ ക്കു വരുന്നു.

നേരിട്ടുള്ള സമ്പർക്കം മൂലം തന്നെ ഇതിലെ വിഷവസ്തുക്കൾ തൊലിയിലൂടെ ഉള്ളിൽ കടക്കും. ചെറിയ കുട്ടികളുടെ അതീവലോലമായ തൊലിയിലൂടെ വളരെ വലിയ അളവിലായിരിക്കും താലേറ്റുകൾ ഉള്ളിൽ കടക്കുക. ഒപ്പം ലെഡും മറ്റും ഉണ്ടായിരിക്കും. ഉള്ളിൽ കടന്നാൽ രക്തത്തിലെ ഹീമോഗ്ലോബിനെ നശിപ്പിച്ച് വിളർച്ചാരോഗം ഉണ്ടാക്കുന്ന ഒരു വസ്തുവാണ് ലെഡ്. ഈയിടെ ഇങ്ങനെ രക്തം തീരെ കുറഞ്ഞ് അപകടാവസ്ഥയിലായ ഒരു കുട്ടിയെപ്പറ്റി പത്രങ്ങളിൽ വാർത്ത വന്നിരുന്നു. കറുത്ത നിറമുള്ളതും

**മറ്റൊരു വിപത്ത് റീ-സൈക്കിൾ ചെയ്ത പ്ലാസ്റ്റിക്ക് കൊണ്ടുള്ള ഉൽപ്പന്നങ്ങളാണ്. വില കുറവായതിനാൽ സാധാരണക്കാർ ഇവ വൻതോതിൽ വാങ്ങി ഉപയോഗിക്കുന്നു. ഓരോ തവണ റീസൈക്കിൾ ചെയ്യുമ്പോഴും പ്ലാസ്റ്റിക്കിന്റെ മാരകത്വം കൂടിക്കൊണ്ടിരിക്കും. ഇതിൽ ഏറ്റവും അവസാനം ലഭിക്കുന്ന ഒന്നാണ് കറുത്ത നിറമുള്ള കാരിബാഗുകൾ.**

തിളങ്ങുന്ന ഓറഞ്ച്, മഞ്ഞ, ചുവപ്പ്, പച്ച തുടങ്ങിയ നിറങ്ങളിലുള്ളതുമായ സഞ്ചികളിലും ബോട്ടിലുകളിലും വിഷത്തിന്റെ മാരകത്വം അധികമായിരിക്കും. സ്കൂൾ കുട്ടികൾക്ക് രക്ഷിതാക്കൾ വാങ്ങിച്ചു നൽകുന്നത് ഇങ്ങനെ ആകർഷകമായ വാട്ടർബോട്ടിലുകളാണ്. ഇതിൽ നല്ല ചൂടുള്ള വെള്ളവും നിറച്ച് സ്വന്തം പൊന്നോമനകളെ വിദ്യാലയങ്ങളിലേക്കയക്കുമ്പോൾ തങ്ങൾ ചെയ്യുന്നതെന്താണെന്ന് അമ്മമാർ അറിയുന്നില്ല. നിറമില്ലാത്ത കുപ്പികളിൽ ചൂടില്ലാത്തവെള്ളം നിറച്ച് വിഷവീര്യം കുറയ്ക്കുന്ന കാര്യം പോലും മിക്കവരും ശ്രദ്ധിക്കാറില്ല.

ഇതുകൂടാതെ നിത്യവും വീട്ടിലേക്കെത്തിക്കുന്ന നേർത്ത പ്ലാസ്റ്റിക് കാരിബാഗുകളുടെ എണ്ണത്തിൽ കുറവുവരുത്താൻ പോലും ബഹുഭൂരിപക്ഷം ആൾക്കാരും ഇന്നും തയ്യാറായിട്ടില്ല. ഉപയോഗശേഷം അലക്ഷ്യമായി വലിച്ചെറിയുകയോ, അല്ലെങ്കിൽ അതിനേക്കാൾ ദോഷം ചെയ്യുന്ന വിധത്തിൽ കത്തിച്ചുകളയുകയോ ആണ് ഇപ്പോഴും തുടരുന്ന രീതി. ഉരുകിയ ചെറിയ ഗുളികരൂപത്തിലാവുകയല്ലാതെ പ്ലാസ്റ്റിക് കത്തിത്തീരുകയില്ല. വീടുകളിൽ നിന്നും മറ്റുസ്ഥാപനങ്ങളിൽ നിന്നും രാവിലെയും വൈകീട്ടും ഇങ്ങനെകത്തിക്കുമ്പോൾ സാന്ദ്രത കൂടിയ ഡയോക്സീൻ അന്തരീക്ഷത്തിലെത്തുകയും അത് താഴ്ന്ന വിതാനത്തിൽ തന്നെ തങ്ങിനിൽക്കുകയും ചെയ്യുന്നു. കാറ്റിന്റെ ഗതി അനുസരിച്ച് ആൾക്കാരെയതു ബാധിക്കുകയും ചെയ്യുന്നു. നഗരങ്ങളിലേക്കൊന്നും പോകാൻ തന്നെ പറ്റാത്ത വിധത്തിൽ ഇന്ന് വളരെ രൂക്ഷമായി മാറിയിരിക്കുകയാണീ മാലിന്യപ്രശ്നം. കേരളം ഒരു കാൻസർ വാർഡായി മാറിയിരിക്കുകയാണ്.

മറ്റൊരു വിപത്ത് റീ-സൈക്കിൾ ചെയ്ത പ്ലാസ്റ്റിക്ക് കൊണ്ടുള്ള ഉൽപ്പന്നങ്ങളാണ്. വില കുറവായതിനാൽ സാധാരണക്കാർ ഇവ വൻതോതിൽ വാങ്ങി ഉപയോഗിക്കുന്നു. ഓരോ തവണ റീസൈക്കിൾ ചെയ്യുമ്പോഴും പ്ലാസ്റ്റിക്കിന്റെ മാരകത്വം കൂടിക്കൊണ്ടിരിക്കും. ഇതിൽ ഏറ്റവും അവസാനം ലഭിക്കുന്ന ഒന്നാണ് കറുത്ത നിറമുള്ള കാരിബാഗുകൾ. ഇപ്പോഴും ആൾക്കാർ ഇതിൽ മത്സ്യമൊക്കെ വാങ്ങിക്കൊണ്ടു പോകുന്നുണ്ട്. ഡിസ്പോസിബിൾ ഗ്ലാസ്സുകളും പാത്രങ്ങളും നിരോധനം മൂലം ഒരു പരിധിവരെ ഉപയോഗം കുറഞ്ഞെങ്കിലും അവയും കമ്പോളത്തിൽ സുലഭമാണ്. പാർട്ടികളിൽ ചൂടുള്ള ബിരിയാണിയും മറ്റും കഴിക്കാൻ പ്ലാസ്റ്റിക്കിന്റെ തന്നെ വകഭേദമായ തെർമോക്കോൾ പ്ലേയ്റ്റുകളാണിപ്പോൾ ചിലരൊക്കെ ഉപയോഗിക്കുന്നത്. പേപ്പർ ഗ്ലാസ്സുകളിലും മറ്റും അകവശത്ത് നേർത്ത കോട്ടിംഗും ഉണ്ട്.


വ്യാപകമായി ഉപയോഗിക്കുന്ന മറ്റൊരു പ്ലാസ്റ്റിക് ഉൽപ്പന്നമാണ് പോളിയെസ്റ്റർ വസ്ത്രങ്ങൾ. നമ്മുടെ കാലാവസ്ഥയ്ക്ക് ഇണങ്ങാത്തതെങ്കിലും സൗകര്യത്തിനുവേണ്ടി മിക്കവരും ഇതുതന്നെ ധരിക്കുന്നു. അൽപം വിലകൂടുതലാണെങ്കിലും കൂടുതൽ കാലം ഉപയോഗിക്കാൻ കഴിയില്ലെങ്കിലും പരുത്തിവസ്ത്രങ്ങൾ ധരിക്കുമ്പോൾ സ്വന്തം ആരോഗ്യമാണ് സംരക്ഷിക്കപ്പെടുന്നത്.

പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറച്ച് ഏറ്റവും ശുദ്ധമായ ചുറ്റുപാടുകളിൽ ജീവിക്കുന്നവരെപ്പോലും സമൂഹത്തിന്റെ അശ്രദ്ധയും ഭരണാധികാരികളുടെ നിയമം നടപ്പിലാക്കുന്നതിലുള്ള മടിയും കാരണം മാരകമായ കാൻസർ, ജനിതകവൈകല്യങ്ങൾ, ശ്വാസകോശരോഗങ്ങൾ, വന്ധ്യത, അലർജിരോഗങ്ങൾ തുടങ്ങിയവ ബാധിക്കുന്ന സാഹചര്യമാണ് ഇന്നു കേരളത്തിൽ നിലവിലുള്ളത്. അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്ന ഡയോക്സീൻ, മഴപെയ്യുമ്പോൾ ജലാശയങ്ങളിലും ജീവികളുടെ ശരീരത്തിനകത്തേക്കും എത്തിച്ചേരുന്നു. ബയോമാഗ്നിഫിക്കേഷൻ മൂലം മത്സ്യങ്ങളിലും മറ്റും ഇത് അടിഞ്ഞുകൂടിക്കൊണ്ടേയിരിക്കും. അതുകൊണ്ട് മത്സ്യം കഴിക്കുന്നവരെയും പാലുകുടിക്കുന്നവരെയുമൊക്കെ പ്ലാസ്റ്റിക്കിന്റെ ദോഷഫലങ്ങൾ ബാധിക്കും.

സ്ത്രീകൾ വിചാരിച്ചാൽ പ്ലാസ്റ്റിക്കിന്റെ വിപത്തുകളിൽ നിന്നും സ്വന്തം കുടുംബത്തേയും സമൂഹത്തേയും സംരക്ഷിക്കാൻ ഒരുപരിധിവരെ സാധിക്കും. ഇപ്പോഴത്തെ ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്ന് മാലിന്യവും അതിലെയും പ്രധാനപ്രശ്നം പ്ലാസ്റ്റിക്കും ആയതിനാൽ നാമിന്ന് ഗൗരവപൂർവ്വം ഈ പ്രശ്നം കൈകാര്യം ചെയ്തേ പറ്റൂ. നമ്മുടെ ജീവിതത്തിൽ നിന്നും തീർത്തും ഒഴിവാക്കാനിന്ന് സാധിക്കില്ലെങ്കിലും ഉപയോഗം ക്രമേണ കുറച്ചു കുറച്ചുകൊണ്ടു വന്ന് നാമമാത്രമായ രീതിയിലാക്കാൻ വലിയ പ്രയാസമൊന്നുമില്ല. എവിടെപ്പോകുമ്പോഴും നേർത്ത ഒരു തുണി സഞ്ചി കയ്യിൽ കരുതാനും ഒരു ബിഗ്ഷോപ്പർ ഉപയോഗിക്കാനും മറ്റും വലിയ കുഴപ്പമൊന്നുമില്ല. പായ്ക്കറ്റ് സാധനങ്ങൾ വാങ്ങുന്നത് പരമാവധി കുറയ്ക്കുക എന്നതാണ് മറ്റൊരു കാര്യം. മാർക്കറ്റിൽ നിന്നും നിലവാരം കുറഞ്ഞതും ആരോഗ്യത്തിനു ഹാനികരമായ വസ്തുക്കൾ അടങ്ങിയതുമായ കറിപൗഡറുകളും പലഹാരപ്പൊടികളും വാങ്ങുന്നതു നിർത്തി, മില്ലിൽ സാധനങ്ങൾ പൊടിപ്പിച്ചെടുക്കുമ്പോൾ കുറച്ച് സമയം ചെലവഴിക്കണമെന്നേയുള്ളൂ. അൽപം ഭാരക്കൂടുതലുണ്ടെങ്കിലും പൊട്ടാനിടയുണ്ടെങ്കിലും ചില്ലുകുപ്പികളിൽ

*ശേഷം പേജ് 30ൽ*

> 'വികസനവും രാഷ്ട്രീയവും– ബദലുകൾ' എന്ന വിശാല പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് എല്ലാത്തരം അനീതികളെയും ചെറുക്കാനുതകുന്ന ബദൽ രാഷ്ട്രീയവും ബദൽ സംവിധാനങ്ങളും രൂപപ്പെടുത്തിയെടുക്കുകയാണ് ലക്ഷ്യം. മേധാപട്കർ എന്ന കരുത്തുറ്റ പോരാളിയുടെ നേതൃത്വത്തിൻ കീഴിൽ വർഷങ്ങളിലൂടെ രൂപപ്പെട്ടു വന്നതാണ് എൻ.എ.പി.എം.







കുസുമം ജോസഫ്

# ജനകീയസമരങ്ങളും എൻ.എ.പി.എം സാധ്യതകളും

**'മറ്റൊരു** ലോകം സാദ്ധ്യമാണ്' എന്ന സന്ദേശവുമായി ആ ലോക നിർമ്മിതിക്കുതകുന്ന ചർച്ചകൾക്കും സംവാദങ്ങൾക്കുമായി എൻ.എ.പി.എം (National Alliance of Peoples Movement - ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം) അതിന്റെ ഒൻപതാമത് ദ്വിവത്സരദേശീയ സമ്മേളനത്തിന് തയ്യാറെടുക്കുകയാണ്. നവംബർ 17, 18, 19 തിയ്യതികളിൽ തൃശൂർ കിനാലൂർ സൽസബീൽ സ്കൂളിൽ നടക്കുന്ന ദേശീയ സമ്മേളനത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന മനുഷ്യാവകാശ പരിസ്ഥിതി പ്രവർത്തകസംഘങ്ങളുടെ പ്രതിനിധികൾ ഒത്തുചേരുകയാണ്.

'വികസനവും രാഷ്ട്രീയവും- ബദലുകൾ' എന്ന വിശാല പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് എല്ലാത്തരം അനീതികളെയും ചെറുക്കാനുതകുന്ന ബദൽ രാഷ്ട്രീയവും ബദൽ സംവിധാനങ്ങളും രൂപപ്പെടുത്തിയെടുക്കുകയാണ് ലക്ഷ്യം. മേധാപട്കർ എന്ന കരുത്തുറ്റ പോരാളിയുടെ നേതൃത്വത്തിൻ കീഴിൽ വർഷങ്ങളിലൂടെ രൂപപ്പെട്ടുവന്നതാണ് എൻ.എ.പി.എം.

സ്ത്രീകൾക്കും ദളിതർക്കും ആദിവാസികൾക്കും എതിരെ നടക്കുന്ന അതിക്രമങ്ങൾക്കും അടിച്ചമർത്തലുകൾക്കും എതിരെ ഐക്യപ്പെടാനും ശക്തിസംഭരിച്ച് ബദലുകൾ സാധ്യമാക്കാനുമാണ് എൻ.എ.പി.എം ശ്രമിക്കുന്നത്. ആണവോർജ്ജത്തിനെതിരെ, പ്രകൃതിവിഭവങ്ങൾ വൻതോതിൽ ചൂഷണം ചെയ്യുന്നതിനെതിരെ, വൻ ഡാമുകൾക്കെതിരെ, വിദേശ മൂലധനനിക്ഷേപത്തിനെതിരെ കുടിയൊഴിപ്പിക്കലിനെതിരെ സമര സന്നദ്ധരായവരുടെ സംഘമാണ് എൻ.എ.പി.എം.

നഗരവത്ക്കരണത്തിൽ ചേരികളിലേക്ക് തള്ളിമാറ്റപ്പെടുന്നവർ ഡാം നിർമ്മാണത്തിൽ ഭൂമി നഷ്ടപ്പെട്ട ആദിവാസികളും ഗ്രാമീണരും കർഷകരും തൊഴിലാളികളും അവകാശസംരക്ഷണത്തിനായി സമരരംഗത്തെത്തുമ്പോൾ അവരുടെ ധാർമ്മികശക്തിയായി എൻ.എ.പി.എം മാറുന്നു.

## ചരിത്രം

1980കളിലും 90കളിലും രാജ്യത്ത് നടപ്പാക്കിയ വൻതോതിലുള്ള ആഗോളവത്ക്കരണ നയങ്ങൾ സാമൂഹ്യസാമ്പത്തിക രംഗങ്ങളിൽ വലിയ പ്രത്യാഘാതമുണ്ടാക്കി. 1992ൽ ബാബറി മസ്ജിദിന്റെ തകർച്ചയും അതിനെതുടർന്നുണ്ടായ സാമുദായികധ്രുവീകരണവും രാജ്യത്ത് ജീവിതം അസാദ്ധ്യമാക്കുന്ന അവസ്ഥയിലേക്ക് എത്തിച്ചു. ദരിദ്രരുടേയും ന്യൂനപക്ഷങ്ങളുടേയും വിശേഷിച്ച് സ്ത്രീകളുടേയും നിലനിൽപ് കൂടുതൽ സംഘർഷഭരിതമായിത്തീർന്നു. ഈ പ്രതിസന്ധി ഘട്ടത്തിൽ പൊതുപ്രവർത്തകരുടെ മനസ്സിലുദിച്ച ആശയമാണ് ജനകീയ മുന്നേറ്റങ്ങൾക്ക് ഒരു പൊതുവേദി എന്നത്. ഒട്ടേറെ സാമൂഹ്യ സംഘടനകളും എൻ.ജി.ഒകളും പരിസ്ഥിതി മനുഷ്യാവകാശ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ച് സമരരംഗത്തുണ്ടായിരുന്നു. ഒറ്റയ്ക്കൊറ്റക്ക്

നിൽക്കുന്നത് ഗുണകരമാവില്ലെന്നും കൂട്ടായ ചിന്തയും പ്രവർത്തനങ്ങളും സമരത്തിന് കൂടുതൽ കരുത്തുപകരും എന്ന തിരിച്ചറിവുമാണ് ഒരു കുടക്കീഴിൽ ഒത്തുചേരാനുള്ള തീരുമാനത്തിലേക്ക് വളർന്നത്.

1996ൽ വിവിധ സംഘടനകളുടെ ദേശീയതലത്തിൽ പ്രവർത്തിക്കുന്ന മുതിർന്ന പ്രവർത്തകർ ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലൂടെയും നടത്തിയ യാത്രയ്ക്കൊടുവിലാണ് തീരുമാനത്തിന് ഒരു നിയതരൂപം കൈവരുന്നത്. ജനകീയ സമരങ്ങളുടെ ദേശീയ ഐക്യം എന്നൊരു കോമൺ ഫ്ളാറ്റ്ഫോം ഉണ്ടായിവന്നു. വർഷങ്ങളിലൂടെ വിവിധ മാറ്റങ്ങൾക്കും കൂട്ടിച്ചേർക്കലുകൾക്കും വിധേയമായി എൻ.എ.പി.എം വളർന്നുകൊണ്ടേയിരിക്കുന്നു.

**വളർച്ചയുടെ ഘട്ടങ്ങൾ**

2003ൽ നടത്തിയ 'ദേശ് ബചാവോ ദേശ് ബനാവോ' (രാജ്യത്തെ രക്ഷിക്കൂ... രാജ്യത്തെ നിർമ്മിക്കൂ... Save the Nation Build the Nation) യാത്ര വലിയ തോതിലുള്ള ജനപിന്തുണ നേടി. കേരളത്തിലും ഈ യാത്ര ഗുണപരമായ ചലനം സൃഷ്ടിച്ചു. പ്ലാച്ചിമട സമരത്തിന് കരുത്ത് പകരാൻ 'ദേശ്ബച്ചാവോ ദേശ്ബനാവോ' യാത്ര വലിയ പങ്കുവഹിച്ചിട്ടുണ്ട്.

ഇരുപത്തഞ്ച് വർഷം പിന്നിട്ട നർമ്മദബച്ചാവോ ആന്ദോളൻ പ്രവർത്തനങ്ങൾ എൻ.എ.പി.എമ്മിന്റെ സഹകരണത്തോടെയാണ് നീങ്ങുന്നത്. നർമ്മദനദിയിൽ ചെറുതും വലുതുമായ മൂവ്വായിരത്തോളം ഡാമുകൾ നിർമ്മിക്കുന്നതിനെതിരെ വിവിധ സംസ്ഥാനങ്ങളിലെ വിവിധ പ്രദേശങ്ങളിലെ ജനങ്ങളെ, പ്രധാനമായും ആദിവാസികളെ സംഘടിപ്പിച്ചുകൊണ്ടുള്ള ഐതിഹാസികമായ സമരമാണ് എൻ.ബി.എ നടത്തിയത്.

അണക്കെട്ട് നിർമ്മിക്കാൻ സ്വന്തം വീട്ടിൽനിന്നും കൃഷിയിടത്തിൽ നിന്നും ആട്ടിയോടിപ്പിക്കപ്പെട്ടവർക്ക് പകരം ഭൂമിക്കും ജീവനോപാധിക്കും വേണ്ടിയുള്ള സമരമാണ് ഇപ്പോൾ നടക്കുന്നത്. ഭരണകൂടത്തിന്റെ ചതിയിലും വഞ്ചനയിലുംപെട്ട് ദുരിതജീവിതം നയിക്കുന്നവർക്ക് ഭൂമി നൽകുന്നതിൽ നടന്ന വ്യാപകമായ ക്രമക്കേടുകളും അഴിമതിയും പുറത്തുകൊണ്ടുവരാനായത് നർമ്മദബച്ചാവോ



**'അണക്കെട്ട് നിർമ്മിക്കാൻ സ്വന്തം വീട്ടിൽനിന്നും കൃഷിയിടത്തിൽ നിന്നും ആട്ടിയോടിപ്പിക്കപ്പെട്ടവർക്ക് പകരം ഭൂമിക്കും ജീവനോപാധിക്കും വേണ്ടിയുള്ള സമരമാണ് ഇപ്പോൾ നടക്കുന്നത്.'**

ആന്ദോളന്റെ വലിയനേട്ടമാണ്. ജനകീയസമരങ്ങളുടെ മാതാവായ നർമ്മദസമരം സ്ത്രീകളുടെ പങ്കാളിത്തം കൊണ്ട് വേറിട്ട പോരാട്ടമായിരുന്നു. 2010ൽ എൻ.ബി.എയുടെ ഇരുപത്തഞ്ചാം വാർഷികം ആഘോഷിക്കാൻ ബഡ്വാനിയിൽ ഒത്തുകൂടിയപ്പോൾ സ്ത്രീകളുടെ മഹാപ്രവാഹം കാണാനായി.

സ്ത്രീകൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ ശക്തമായി ഇടപെടുന്ന ഗബ്രിയേല, ഉൽക്ക മഹാജൻ, സുനിതി എസ്.ആർ, റോമ, ദയാമണിബാല, സിസ്റ്റർ സിലിയ തുടങ്ങി ഒട്ടേറെ പ്രവർത്തകർ എൻ.എ.പി.എമ്മിന്റെ കരുത്താണ്. സ്ത്രീകൾക്ക് നിയമസഭയിലും ലോകസഭയിലും രാജ്യസഭയിലും 33 ശതമാനമല്ല 50 ശതമാനം സംവരണം ആവശ്യപ്പെട്ടുകൊണ്ട് പ്രമേയം പാസാക്കുകയും പ്രധാനമന്ത്രിയെയും പ്രസിഡന്റിനെയും കണ്ട് നിവേദനം നൽകുകയും ചെയ്തു. ശബ്നആസ്മി, അബനിറോയ്, കപില വാത്സ്യായനൻ തുടങ്ങിയ പ്രമുഖ വനിതകൾ എൻ.എ.പി.എമ്മിനോടൊപ്പം നിന്ന് ഈയാവശ്യമുന്നയിച്ചു. നമ്മുടേത് ഒരു പിതൃകേന്ദ്രിത വ്യവസ്ഥയാണെന്നും ഇത്തരം സമൂഹത്തിൽ നിന്നും അതിന്റെ അടിച്ചമർത്തലുകളിൽ നിന്നും ചൂഷണത്തിൽ നിന്നും രക്ഷനേടാൻ ഓരോരുത്തരും സ്വയംസജ്ജരാകുകയും ഇടപെടുന്ന സംഘടനകളിലും രാഷ്ട്രീയപാർട്ടികളിലും അതിനു വേണ്ടിയുള്ള സമ്മർദ്ദം തുടരണമെന്നും പ്രമേയം ആവശ്യപ്പെടുന്നു.

പലപല സംഘടനകളുടെ സംഘാതമാണെങ്കിലും ഓരോ സംഘടനക്കും അവരവരുടെ സ്വത്വം നിലനിർത്തി പ്രവർത്തിക്കണം. സ്ത്രീയുടെ, ദളിതന്റെ, ആദിവാസിയുടെ, കർഷകന്റെ, കർഷകത്തൊഴിലാളിയുടെ ,മത്സ്യത്തൊഴിലാളിയുടെ, കുടിയിറക്കപ്പെട്ടവന്റെ ഒന്നും പ്രശ്നങ്ങളിൽ അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് താല്പര്യമില്ല. അവരുടെ മുന്നേറ്റങ്ങൾക്ക് ഊർജ്ജം പകരുമ്പോൾ യഥാർത്ഥ ഉല്പാദകരെ അംഗീകരിക്കാനും സമ്പത്തിന്റെ ധ്രുവീകരണം തടയാനും സാധിക്കും.

ജനവിരുദ്ധവും ഭരണഘടനാവിരുദ്ധവുമായ നയങ്ങൾ നടപ്പാക്കുന്ന അധികാരകേന്ദ്രങ്ങൾക്കെതിരെ സ്ത്രീകളുടെ മേൽക്കയ്യിലും സ്ത്രീകളുടെ പങ്കാളിത്തത്തിലും നടക്കുന്ന ജനകീയ പ്രക്ഷോഭങ്ങൾക്ക് കരുത്തുപകരുകയാണ് മേധാപട്ക്കറുടെ നേതൃത്വത്തിൽ എൻ.എ.പി.എം.

കഥ




**അലിഷ ബേബി**
പ്ലസ് വൺ വിദ്യാർത്ഥിനി
കോഴിക്കോട് സാമൂതിരി ഹയർസെക്കണ്ടറി സ്കൂൾ


# ഇതായിരിക്കില്ല എന്റെ മേഴ്സി

"**എന്താ** സരസ്വതീ നീയിവിടെ?"

പേരക്കുട്ടി തന്ന ഒരു മിഠായി കഷ്ണം വായിലിട്ട്, മോണ കൊണ്ട് കടിച്ച് പൊട്ടിക്കുമ്പോഴാണ് ഭാർഗവി ആ ചോദ്യം കേൾക്കുന്നത്.

"ആരിത് ശാരദയോ, ഒന്നും പറയണ്ട ശാരദേ, അമ്മയേയും കൊണ്ട് വന്നതാ." അത് പറയുമ്പോൾ മരുമകളുടെ മുഖത്ത് ദേഷ്യം നിഴലിക്കുന്നതായി ഭാർഗവിയ്ക്ക് തോന്നി.

"അമ്മയ്ക്കെന്താ പറ്റിയത്?"

"കാൽ ഒന്ന് പടം മറിഞ്ഞു, എല്ലിന് വല്ല കുഴപ്പവുമുണ്ടോന്ന് നോക്കാൻ വന്നതാ, ഇത് ആ നാരായണൻ വൈദ്യനെകാട്ടി ഒന്ന് ഉഴിയിക്കാനെയുള്ളൂ. ചേട്ടന്റെ ഒരു നിർബന്ധം, ഇത് ഇപ്പോ സമയം ഉച്ച തിരിഞ്ഞു, ഇനി എപ്പോഴാണാവോ ഞങ്ങളെ ഒന്ന് വിളിപ്പിക്കുക." മരുമകൾ പറഞ്ഞതിൽ കാര്യമുണ്ടെന്ന് ഭാർഗവിയ്ക്കും തോന്നാതില്ല. മുന്നിൽ തൂക്കിയിട്ടുള്ള ഓർത്തോളജി എന്ന ബോർഡിലേക്ക് നോക്കിയിരിക്കാൻ തുടങ്ങിയിട്ട് സമയം ഒരുപാട് കഴിഞ്ഞിരിക്കുന്നു. "കാൽ പടം മറിയാൻ മാത്രം എന്താണ്ടായത്?"

"അമ്മ വിറക് ചീന്താൻ നോക്കിയതാ, ഗ്യാസ് തീർന്ന നേരത്ത് അമ്മയ്ക്ക് ചായ കുടിക്കാൻ ഒരു മോഹം, എന്നോട് പറഞ്ഞാൽ പോരേ, എന്ത് പണിയിലായാലും ഞാൻ ചെയ്തുകൊടുക്കില്ലേ?" മരുമകളുടെ ന്യായവിസ്താരണം കേട്ടപ്പോൾ ഭാർഗവി തന്നെ അന്ധാളിച്ചു പോയി, എന്തൊരു സൽസ്വഭാവിയായ മരുമകൾ. ഗ്യാസ് തീർന്നിട്ട് രണ്ടാഴ്ചയിലേറെ കഴിഞ്ഞിരിക്കുന്നു. വെപ്പും കുടിയുമെല്ലാം ഇപ്പോ വിറകടുപ്പിലാണ്. ഇന്നലെ പെട്ടെന്ന് ചായ കുടിക്കാൻ ഒരു ആഗ്രഹം തോന്നിയതാ എല്ലാത്തിനും കാരണം. മരുമകളോട് ഒരു ചായ ഉണ്ടാക്കി തരാൻ പറഞ്ഞു. മറുപടി കിട്ടാതെ വന്നപ്പോഴാണ് ഭാർഗവി ആ സാഹസത്തിന് മുതിർന്നത്. കാലക്കേടിന് ഇങ്ങനെ സംഭവിക്കുമെന്ന് ആരു കരുതി.



"അല്ല, ശാരദേ നീയെന്താവിടെ?"

"ഞാൻ കഴിഞ്ഞ ഇലക്ഷനിൽ ജയിച്ച കാര്യം നീയറിഞ്ഞോ?"

ഇപ്പോ ഞാൻ പഞ്ചായത്ത് പ്രസിഡണ്ടാണ് . ഞങ്ങളുടെ പഞ്ചായത്തിൽ ഒരു സ്ത്രീയുണ്ട്, മക്കളെല്ലാം ഉപേക്ഷിച്ചു പോയതാ. ഒന്നും ആരോടും പ്രതികരിക്കുന്നില്ല, ഒന്നും ഓർമ്മയുമില്ല. ജീവിതം ഒരു വാടക വീട്ടിലായിരുന്നു. ഒരു കുടുസ്സു മുറിയിൽ, വെപ്പും കുടിയും എല്ലാം അവിടെ തന്നെ. വൃത്തികേടായി കിടക്കുന്ന ഒരു മുറി. പെയിൻ & പാലിയേറ്റീവുകാർ എങ്ങനെയോ കാര്യമറിഞ്ഞു. സംഗതി ഗൗരവമായാലുള്ള കാര്യം നിനക്കറിയോ? അതും ഞാൻ പ്രസിഡണ്ടായ പഞ്ചായ

ത്തിൽ. അവരെ ഞാൻ ഇങ്ങോട്ട് കൊണ്ട് വന്നു. വന്നപ്പോഴല്ലേ അറിയുന്നത് അൽഷിമേഴ്സ് ആണത്രേ. പ്രതിവിധിയൊന്നുമില്ല. എങ്കിലും വല്ല സ്കോപ്പുമുണ്ടോ എന്ന് നോക്കാമെന്നാണ് ഡോക്ടർ പറഞ്ഞത്. എന്നിട്ട് അവർ എവിടെ? ഓർത്തോളജി വിഭാഗത്തിന് എതിർവശം ന്യൂറോളജി വിഭാഗത്തിന് ചുവട്ടിലിരിക്കുന്ന സ്ത്രീ രൂപത്തെയാണ് ശാരദ ചൂണ്ടിക്കാട്ടിയത്. അലക്ഷ്യമായ കണ്ണുകളോടു കൂടി എങ്ങോട്ടോ നോക്കിയിരിക്കുന്ന വൃദ്ധയായ ഒരു സ്ത്രീ. "പാവം, അല്ലേ ശാരദേ" സരസ്വതിയുടെ സഹതാപം കേട്ടിട്ടാണ് ഭാർഗവി തലയുയർത്തി അവരെ നോക്കിയത്. മുഖത്തേക്ക് നോക്കിയപ്പോൾ ഭാർഗവിക്ക് ഹൃദയമിടിപ്പ് നിന്നതായി തോന്നി. പരിചയമുള്ള ആ കണ്ണുകളിലെ ശൂന്യത പെട്ടന്നു തന്നെ ഭാർഗവി തിരിച്ചറിഞ്ഞു. "മേഴ്സി".

അത്ഭുതമായിരുന്നു ആദ്യം ഭാർഗവിയുടെ മനസ്സിൽ. പിന്നെ ആശങ്കയും "ആയിരിക്കില്ല... അത് മേഴ്സി ആയിരിക്കില്ല..." ഒടുവിൽ അങ്ങനെകരുതാനാണ് ഭാർഗവി തീരുമാനിച്ചത്. അടുത്ത് നിൽക്കുന്ന ശാരദയോട് അവരുടെ പേര് ചോദിച്ചു മനസ്സിലാക്കാം, പക്ഷേ ശാരദ മരുമകളുമായുള്ള സംഭാഷണത്തിൽ മുഴുകിയിരിക്കുകയാണ്. പിന്നെ ചോദിക്കാൻ ഭാർഗവിയ്ക്ക് മനസ്സുവന്നില്ല. മനസ്സ് ആകെ നീറിപുകയുകയായിരുന്നു.

"അമ്മേ ഞാൻ, ശാരദയുടെ കൂടെ മോനേയും കൂട്ടി ഒന്ന് താഴെ കാന്റീനിൽ പോവുകയാണ്. അവന് വിശക്കുന്നുണ്ടാവും. രാവിലെ വന്നതല്ലേ? അമ്മ ഇവിടെ തന്നെയിരിക്കണം. വേണമെങ്കിൽ ആ ചേച്ചിയുടെ അടുത്ത് പോയിരുന്നോളൂ. ശാരദ വരുന്നത് വരെ അവർക്ക് കൂട്ടാവുമല്ലോ."

"ശരി"

"അമ്മയ്ക്കെന്തെങ്കിലും വേണോ?"

"വേണ്ട" രണ്ടക്ഷരത്തിൽ സരസ്വതിയ്ക്കുള്ള മറുപടി ഭാർഗവി ഒതുക്കി. ഒരു പക്ഷെ അങ്ങനെകേൾക്കുവാനായിരിക്കും സരസ്വതി ആഗ്രഹിച്ചതും. ശാരദയും സരസ്വതിയും കണ്ണിൽ നിന്നും മറഞ്ഞപ്പോൾ ഭാർഗവി പതിയെ എഴുന്നേറ്റ് ന്യൂറോളജി വിഭാഗത്തിന് മുന്നിൽ എങ്ങോട്ടോ ആരെയോ നോക്കിയിരിക്കുന്ന, ആർക്കോ വേണ്ടി കാത്തിരിക്കുന്ന വൃത്തിഹീനമായി വസ്ത്രം ധരിച്ചിരിക്കുന്ന ആ സ്ത്രീ രൂപത്തിന്റെ അടുത്തേയ്ക്ക് ചെന്നു. തന്റെ മേഴ്സി ഇതായിരിക്കുമോ?

താൻ അടുത്ത് വന്നിരുന്നിട്ടും തന്റെ നേരെ ഒരു നോട്ടം പോലും എറിയാത്ത ആ ശൂന്യമായ കണ്ണുകളിലേക്ക് നോക്കാൻ ഭാർഗവിക്ക് പേടി തോന്നി. ഒരു ബഞ്ചിൽ ഇത്ര അടുത്ത് ഇരുന്നിട്ടും തന്റെ മേഴ്സി തന്നെ തിരിച്ചറിയാതിരിക്കുമോ, ഇത് മേഴ്സിയായിരിക്കില്ല. അതോ ഓർമ്മകൾ നഷ്ടപ്പെട്ട മേഴ്സിക്ക് തന്നെ തിരിച്ചറിയാതെ ആയതോ? ചോദ്യ ചിഹ്നങ്ങളെ മറികടക്കാൻ ഭാർഗവി ഏറെ പാടുപെട്ടു. അവർക്കിടയിൽ നിന്നും സംഭാഷണങ്ങളോ, പൊട്ടിച്ചിരികളോ ഉയർന്നില്ല. കണ്ണുനീരും കെട്ടിപ്പിടിത്തവും പ്രകടമായില്ല. അടുത്ത പേവാർഡിൽ നിന്നുമുള്ള കുട്ടികളുടെ ബഹളമല്ലാതെ ഭാർഗവിയും ഒന്നും കേട്ടില്ല. ഭാർഗവിയും മേഴ്സിയും രണ്ട് ശരീരവും ഒരു മനസ്സുമായിരുന്നു.

താൻ ഇന്ന് ഒരു വീട്ടിൽ സമാധാനമായി അന്തിയുറങ്ങുന്നുണ്ടെങ്കിൽ അതിന് കാരണം മേഴ്സി മാത്രമായിരുന്നു.

സ്കൂൾ വിദ്യാഭ്യാസ ജീവിതത്തിൽ ഉടനീളവും ഭാർഗവിക്ക് കൂട്ടായി മേഴ്സി ഉണ്ടായിരുന്നു. ഏറെ തോട്ടങ്ങളും വയലുകളും സ്വന്തമായുള്ള ഒരു നസ്രാണി അച്ചായന്റെ മകൾ പഠിക്കുന്ന കാര്യത്തിൽ അവൾ മിടുക്കിയായിരുന്നു. ഡോക്ടർ ആവുക എന്നതായിരുന്നു അവളുടെ വലിയ ആഗ്രഹം. അവർ ഉറ്റ സുഹൃത്തുക്കളായിരുന്നു. പട്ടിണിയും ദാരിദ്ര്യവും നിറഞ്ഞ ഭാർഗവിയുടെ ജീവിതത്തിൽ വിശപ്പകറ്റാനും ആശ്വാസം പകരാനും മേഴ്സി മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒറ്റപ്പെടലിന്റെ ദുഃഖവും വിരഹവും നേരിടാൻ ഭാർഗവിയെ പഠിപ്പിച്ചത് മേഴ്സിയാണ്. വാക്കുകളെ അവൾ നേരിട്ടിരുന്നത് നോട്ടം കൊണ്ടായിരുന്നു. തന്റെ കുടുംബത്തെ അളവിൽ കൂടുതൽ മേഴ്സിയും അവളുടെ കുടുംബവും സഹായിച്ചിരുന്നു. പഠിക്കാൻ തന്നെ പ്രചോദിപ്പിച്ചതും മേഴ്സിയായിരുന്നു. കാരുണ്യം നിറഞ്ഞ കണ്ണുകൾ ഭാർഗവി കണ്ടത് മേഴ്സിക്ക് മാത്രമായിരുന്നു. ബാല്യം പിന്നിട്ട് കൗമാരത്തിലേക്ക് രണ്ടാളും കടന്നപ്പോൾ ഭാർഗവിക്ക് കൂട്ടായി പ്രണയവുമുണ്ടായിരുന്നു. ഹൈസ്ക്കൂൾ ജീവിതം കഴിഞ്ഞ്, ഇരുവരും രണ്ട് വഴിക്ക് തിരിഞ്ഞപ്പോൾ വീണ്ടും കണ്ടുമുട്ടണമെന്നും തമ്മിലുള്ള ബന്ധം നിലനിർത്തണമെന്നും മേഴ്സി ആവശ്യപ്പെട്ടതാണ്. തരക്കേടില്ലാത്ത ഒരു ജോലിയും പ്രാണനായകനെ ജീവിത പങ്കാളിയായി കിട്ടുകയും ചെയ്തപ്പോൾ ഭാർഗവി ജനിച്ച നാടിനെമറന്ന്, മറ്റൊരു ദേശത്ത് ചേക്കേറുകയായിരുന്നു. പിന്നീട് മേഴ്സിയെ ഓർമ്മ വന്നപ്പോൾ കുറേ നാളുകൾ തിരഞ്ഞ് നടന്നതാണ്. പക്ഷെ അവളെ കണ്ടെത്താൻ കഴിഞ്ഞില്ല. കണ്ടെത്തിയാൽ തന്നെ അവൾ വലിയ ഡോക്ടർ ആയി കാണും, തന്നെ തിരിച്ചറിയില്ല. അവൾ വലിയ നിലയിലായതു കൊണ്ട് അവളുടെ സെക്യൂരിറ്റിക്കാരൻ അവളെ കാണാൻ സമ്മതിക്കുമോ എന്നെല്ലാമായിരുന്നു മനസ്സിൽ. ആ മേഴ്സി മുടിയും കൊഴിഞ്ഞ് മെലിഞ്ഞ് വിറങ്ങലിച്ച് ശൂന്യമായ കണ്ണുകളോടെ ഈ ഹോസ്പിറ്റലിൽ. ആയിരിക്കില്ല, ഇതായിരിക്കില്ല എന്റെ മേഴ്സി. ഇത് മേഴ്സിയുടെ രൂപ സാദൃശ്യമുള്ള മറ്റൊരാൾ, എന്നിട്ടും ഇവർക്കടുത്തിരിക്കുമ്പോൾ ഇവരുടെ ചൂടേല്ക്കുമ്പോൾ തനിക്ക് ആരൊക്കെയോ- ഉണ്ടെന്നൊരു തോന്നൽ, മേഴ്സിയുടെ സ്വാന്തനവും സ്നേഹവും കനിവുമെല്ലാം ഒരു സ്പർശനത്തിലൂടെ ഏൽക്കുന്നത് പോലെ. ഹേയ്, ഇതെന്റെ മേഴ്സിയല്ല, അവൾ മറ്റെവിടെയോ രാജ്ഞിയെ പോലെ, സങ്കടമെന്താണ് എന്നറിയാതെ മക്കൾക്കും, ഭർത്താവിനുമൊപ്പം പേരക്കുട്ടികളേയും നോക്കി സുഖമായി ജീവിക്കുന്നുണ്ടാകും.

"ഭാർഗവി" നേഴ്സിന്റെ വിളി കേട്ട് ഭാർഗവി ഞെട്ടിയെഴുന്നേറ്റു.

"അടുത്തത് നിങ്ങളാണ്."

തന്റെ ഊഴം വന്നപ്പോൾ മരുമകളെ കാത്ത് നിൽക്കാതെ ഭാർഗവി ഡോക്ടറുടെ മുറിയിലേക്ക് കടന്നു.

"എന്താ ചേച്ചീ പ്രശ്നം?"

ചെറുപ്പക്കാരനായ ഡോക്ടറോട് തന്റെ പ്രശ്നങ്ങൾ പറഞ്ഞ് കഴിഞ്ഞപ്പോൾ എക്സറേ എടുക്കാനാണ് ഡോക്ടർ നിർദ്ദേശിച്ചത്. ഡോക്ടറുടെ നിർദ്ദേശം സ്വീകരിച്ച് മരുമകളേയും കാത്ത് അവരുടെ അടുത്തേക്ക് തന്നെ പോയിരുന്നു. ഏറെ കഴിഞ്ഞാണ് ശാരദയും സരസ്വതിയും വന്നത്. "നമ്മളെ വിളിപ്പിച്ചോ? സരസ്വതി ആശങ്കയോടെ ചോദിച്ചു. ഡോക്ടർ പറഞ്ഞതെല്ലാം ഭാർഗവി സരസ്വതിക്ക് വിശദീകരിച്ച് കൊടുത്തു.

"ഹോ! ഇനി എക്സ്റേ എത്ര ചിലവാകുമോ എന്തോ? എന്നാൽ ഞങ്ങൾ ഇറങ്ങട്ടെ ശാരദേ?"

"എന്നാൽ ശരി, ഞങ്ങളെ ഇനി എപ്പോഴാണാവോ വിളിപ്പിക്കുക, നീ പോയ്ക്കോ"

"പോവാം അമ്മേ."

ഇരുന്നിടത്ത് നിന്നും എഴുന്നേറ്റ് ഭാർഗവി മരുമകളെ അനുഗമിച്ചു. തന്നെ പുറകിൽ നിന്നും ആരോ പിടിക്കുന്നതായി ഭാർഗവിക്ക് തോന്നി. മനസ്സിൽ നിറയെ ആശങ്കയുമായി ഭാർഗവി തിരിഞ്ഞ് നോക്കി. തന്റെ സാരിതലപ്പ് താൻ ഇത്രയും മേഴ്സി എന്ന് കരുതിയവരുടെ കൈയിൽ. അപ്പോഴും തന്നെ നോക്കാതെ നിൽക്കുന്ന ആ കണ്ണുകളിലേക്ക് നോക്കാൻ ഭാർഗവിക്ക് പേടി തോന്നി.

"അയ്യോ! ഒന്നും വിചാരിക്കല്ലേ. അവർക്ക് ഒന്നും അറിയില്ല സുഖമില്ലാത്തവരാണ്."

ശാരദ വേഗം തന്നെ ആ ബന്ധം വേർപെടുത്തി.

"വേഗം വാ അമ്മേ."

മരുമകളുടെ ധൃതികേട്ട് ഭാർഗവി വേഗത്തിൽ അവളെ അനുഗമിച്ചു. "ആയിരിക്കില്ല, ഇതായിരിക്കില്ല എന്റെ മേഴ്സി. അവർ കണ്ണിൽ നിന്നും മറയുന്നത് വരെ ഭാർഗവി തിരിഞ്ഞ് നോക്കി കൊണ്ട് നടന്നു. കുറച്ച് നിമിഷങ്ങൾക്ക് ശേഷം ന്യൂറോളജി വിഭാഗത്തിൽ നിന്നും വിളിച്ച ടോക്കൺ നമ്പർ 79, മേഴ്സി എന്ന് പേര് അവൾ കേട്ടിരിക്കുമോ?

*പേജ് 25 തുടർച്ച...* **പ്ലാസ്റ്റിക് എന്ന നിശ്ശബ്ദകൊലയാളി**

കുടിവെള്ളം ഉപയോഗിക്കുമ്പോൾ സ്വന്തം ശരീരത്തോട് നമുക്ക് ഏറ്റവും നീതി പുലർത്താനാകും. ഇപ്പോൾ സ്റ്റീൽകുപ്പികളും മാർക്കറ്റിൽ വാങ്ങാൻ കിട്ടും. അതിനേക്കാൾ ഗൗരവമായി നടപ്പിലാക്കാൻ പറ്റുന്ന കാര്യമാണ് ഈ ബോട്ടിൽ സംസ്കാരം തന്നെ കഴിയാവുന്ന സ്ഥലങ്ങളിൽ നിർത്തലാക്കുക എന്നത്. സ്കൂളുകളിലും സ്ഥാപനങ്ങളിലും വലിയ പാത്രങ്ങളിൽ കുടിവെള്ളം ലഭ്യമാക്കാൻ അത്രപ്രയാസമൊന്നുമില്ല. കടകളിൽ നിന്നും സാധനങ്ങൾ കടലാസിൽ പൊതിഞ്ഞു തരാനും ആവശ്യപ്പെടാവുന്നതാണ്.

പ്ലാസ്റ്റിക്ക് എന്ന നിശ്ശബ്ദകൊലയാളിയെ നാം ഇത്രയേറെ ഇനിയും സ്നേഹിക്കാൻ പാടില്ല. ഏറ്റവും ഗൗരവപൂർവ്വം തന്നെ ഈ പ്രശ്നം കൈകാര്യം ചെയ്യുകയും പരമാവധി നമ്മുടെ ജീവിതത്തിൽ നിന്നും ഇതിനെഅകറ്റി നിർത്തുകയും ചെയ്യേണ്ടിയിരിക്കുന്നു, നമ്മുടേയും നമ്മുടെ കുഞ്ഞുങ്ങളുടേയും ആരോഗ്യകരമായ ജീവിതത്തിനുവേണ്ടി. ഒപ്പം പ്ലാസ്റ്റിക് കത്തിക്കലും അതിൽ ആഹാരം നൽകലുമൊക്കെ നിർത്താനായി സർക്കാർ തലത്തിലും സാമൂഹ്യതലത്തിലും പ്രവർത്തിക്കുക എന്ന ചുമതല കൂടി ഓരോരുത്തരും ഏറ്റെടുക്കേണ്ടി വരും.


## സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ (കഥ, കവിത, ലേഖനം, ചിത്രങ്ങൾ)

*രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.*

## സംഘടിത മാസിക

**വരിസംഖ്യാ നിരക്ക്**

| | |
|---|---|
| ഒറ്റപ്രതി | : 15 രൂപ |
| വാർഷിക വരിസംഖ്യ | : 150 രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | : 100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | : 1000 രൂപ |



**സമകാലികം**



**അഡ്വ.ടി.ബി.മിനി**




# നഴ്സിംഗ് മേഖല നേരിടുന്ന വെല്ലുവിളികൾ

> **ലോകതൊഴിലാളി വർഗ്ഗം ഐ.എൽ.ഒയുടെ പ്രമേയത്തിലൂടെ അംഗീകരിച്ച മിനിമം വേതനം , 8 മണിക്കൂർ തൊഴിൽ സമയം നിജപ്പെടുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ഈ ഉയിർത്തെഴുന്നേൽപ്പ് ഉണ്ടായത്.**

**കേരളത്തിൽ** കഴിഞ്ഞ കുറേ മാസങ്ങളായി നഴ്സിംഗ് മേഖലയിൽ മുല്ലപ്പൂവിപ്ലവം എന്ന പേരിൽ ചൂഷണത്തിനെതിരെ നഴ്സുമാർ ശക്തമായ രീതിയിൽ ഉയിർത്തെഴുന്നേറ്റുകൊണ്ടിരിക്കുകയാണ്. ലോകതൊഴിലാളി വർഗ്ഗം ഐ.എൽ.ഒയുടെ പ്രമേയത്തിലൂടെ അംഗീകരിച്ച മിനിമം വേതനം, 8 മണിക്കൂർ തൊഴിൽ സമയം നിജപ്പെടുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ഈ ഉയർത്തെഴുന്നേൽപ്പ് ഉണ്ടായത്. പ്രധാനമായും സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ നേതൃത്വത്തിലാണ് സമരം പൊട്ടി പുറപ്പെട്ടത്. കേരളത്തിലെ വ്യവസ്ഥാപിത ട്രേഡ് യൂണിയൻ പ്രവർത്തന സമരപരിപാടികളിൽ നിന്നും വ്യത്യസ്തമായ സമരരീതിയായിരുന്നു ഈ സമരത്തിലുണ്ടായത്.

തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിൽ കേരളസമൂഹം വലിയ രീതിയിൽ മുന്നോട്ട് പോയിട്ടുണ്ട് എന്ന പൊതുവിശ്വാസം കേരളസമൂഹത്തിലുണ്ട്. കേരളത്തിലേക്ക് വ്യവസായങ്ങൾ വരാത്തത് ട്രേഡ് യൂണിയൻ സമരങ്ങൾ മൂലമാണ് എന്നും മറ്റും ബൂർഷ്വാസി ശക്തമായ പ്രചരണങ്ങൾ നടത്തി കൊണ്ടിരുന്നു. പലപ്പോഴും ട്രേഡ് യൂണിയൻ പ്രവർത്തനം ഇത്തരം ആക്ഷേപങ്ങളിൽ പകച്ച് പോയിട്ടുണ്ട്. ഈ പകപ്പിൽ തന്നെയാണ് ഇന്ത്യയിൽ ആഗോള വൽക്കരണ കാലഘട്ടത്തിൽ കൂണു പോലെ മുളച്ച് പൊങ്ങിയ സ്വകാര്യ ആശുപത്രികളിൽ നഴ്സുമാരുടേയും മറ്റും അവകാശങ്ങൾ നേടിയെടുക്കുന്നതിൽ ട്രേഡ്യൂണിയന് വലിയ വീഴ്ച പറ്റിയത്. ആശുപത്രികളെ ആവശ്യസർവ്വീസ്മേഖലയെന്ന നിലയിൽ കണ്ട് നഴ്സുമാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് ശ്രമിച്ചില്ല. ഹോസ്പിറ്റലിലെ മറ്റ് തൊഴിലാളികൾ സംഘടന രൂപീകരിച്ചപ്പോൾ നഴ്സുമാർ സംഘടിക്കുന്നതിന് വിമുഖത കാണിച്ചു. ഇത്തരക്കാരുടെ മോഹങ്ങളായിരു

ന്നു നഴ്സുമാരെ സംഘടിക്കുന്നതിൽ വിമുഖരാക്കിയത്. സർട്ടിഫിക്കറ്റുകളുമായി അന്യരാജ്യങ്ങളിൽ ജോലിക്ക് പോവുകയും അവിടെ ബുദ്ധിമുട്ട് നിറഞ്ഞതെങ്കിലും മെച്ചപ്പെട്ട സാലറിയും അംഗീകാരവും പ്രൊഫഷനലിസവും തങ്ങളെ തേടി ഉണ്ട് എന്ന വിശ്വാസവുമായിരുന്നു നഴ്സുമാരെ ഇന്ത്യയിൽ സംഘടിക്കുന്നതിന് വിമുഖരാക്കിയത്.

എന്നാൽ വിദേശരാജ്യങ്ങളിൽ ജോലി അവസരങ്ങൾ കുറഞ്ഞത് നഴ്സുമാർക്ക് നാട്ടിൽ തന്നെ ജോലി തേടേണ്ട അവസ്ഥയുണ്ടാക്കി. ആഗോളവൽക്കരണനയങ്ങളിലൂടെ എല്ലാ രാജ്യങ്ങളിലേയും ആരോഗ്യമേഖലയുടെ ചൂഷണവും സേവന മേഖലയെ ലാഭാധിഷ്ടിതമാക്കുന്നതിന് തീരുമാനിച്ചതും ഇതിന് കാരണമായ ഒരു ഘടകമാണ്.

ഇന്ത്യയിൽ സ്വകാര്യ – സർക്കാർ മേഖലയിൽ നഴ്സുമാർക്കെതിരായ ചൂഷണം എല്ലാ കാലത്തും ഉണ്ടായിരുന്നു എങ്കിലും അത് ഇത്രയും കടുത്തതും മിനിമം വേതനം പോലും ഇല്ലാതിരുന്നതും ആരോഗ്യ മേഖലയിൽ സർക്കാർതീരുമാനിച്ച സ്വകാര്യവൽക്കരണനയവുമായി ബന്ധപ്പെട്ടാണ്. പുത്തൻ സാമ്പത്തികനയങ്ങളുടെ ഭാഗമായി സർക്കാർ ആരോഗ്യസേവനമേഖലയെ ലാഭാധിഷ്ഠിതമാക്കുന്നതിന് തീരുമാനിച്ചത് ആരോഗ്യ മേഖലയിൽ വലിയ പ്രതിസന്ധി ഇന്ത്യയിൽ ഉണ്ടാക്കിയിരിക്കുകയാണ്. 2002 – ടുകൂടി എല്ലാവർക്കും ആരോഗ്യം എന്ന പദ്ധതി സർക്കാർ പ്രഖ്യാപിച്ചു എങ്കിലും ഇപ്പോഴും ജനസ്വപ്നം അതിവിദൂരമാണ്. സ്ത്രീകൾ, കുട്ടികൾ, വയസ്സായവർ, പട്ടികജാതി- വർഗ്ഗവിഭാഗത്തിൽപെട്ടവർ, പകർച്ച വ്യാധികൾ പിടിപെട്ടവർ, അതിഗുരുതരമായ രോഗങ്ങൾ പിടിച്ചവർ എന്നിവർ ജനകീയ ആരോഗ്യ ശൃംഖലയിൽ നിന്നും ഇപ്പോഴും പുറത്താണ്. സർക്കാർ ആരോഗ്യ മേഖലയിൽ എല്ലാവർക്കും ചികിത്സ എന്ന സംവിധാനം മാറ്റി ബി.പി. എൽകാർക്ക് മാത്രമാക്കി. അതു തന്നെ ഓരോ സീസണിലും കുറഞ്ഞു കൊണ്ടിരിക്കുന്നു. പോഷകാഹാരക്കുറവ് മൂലം ലക്ഷക്കണക്കിന് കുട്ടികൾ മരിക്കുന്നു. ചെറുപ്പക്കാർ പേലും പോഷകാഹാരക്കുറവ് നേരിടുകയാണ്. ഇത് ഗുരുതരമായ പ്രത്യാഘാതമാണ് ഇന്ത്യൻ സമൂഹത്തിൽ ഉണ്ടാക്കുവാൻ പോകുന്നത്.

ടെക്നോളജിയുടേയും മറ്റും വികാസം കൊണ്ട് ആതുരസേവനരംഗത്ത് ചികിത്സാരീതികൾക്കും മറ്റും വലിയ വികാസം ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതെല്ലാം സ്വകാര്യമേഖലയിലേക്ക് കേന്ദ്രീകരിക്കുകയും ചികിത്സാരംഗം വലിയ മുടക്കുമുതലും ലാഭവുമുള്ളതാക്കുകയും ചെയ്യുന്നു. സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ഈ ഉയർന്ന ചികിത്സാരീതികൾ നിഷേധിക്കപ്പെടുകയും പണമുള്ളവന് മാത്രം ആരോഗ്യം എന്ന നിലയിലേക്ക് എത്തിപ്പെടുകയുമാണ്. ആരോഗ്യ മേഖലയിലും വിദ്യാഭ്യാസമേഖലയിലും സ്വകാര്യ സ്വാശ്രയ കോളേജുകൾ അനുവദിച്ചത് ലക്ഷക്കണക്കിന് നഴ്സിംഗ് സ്ക്കൂളുകൾ ഇന്ത്യയിൽ ആരംഭിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ എൻറോൾമെന്റ് അനുസരിച്ച് ഓരോ വർഷവും ലക്ഷക്കണക്കിന് നഴ്സുമാരാണ് പഠിച്ച്പുറത്തിറങ്ങുന്നത്. ഈ നഴ്സുമാർക്ക് ജോലി നോക്കുന്നതിനായി സർക്കാർ ആരോഗ്യ മേഖലയിൽ കൂടുതൽ ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങുന്നതിനോ വിപുലപ്പെടുത്തുന്നതിനോ കേന്ദ്ര സർക്കാർ മുതൽ മുടക്കുന്നതിന് തയ്യാറല്ല. രാജ്യത്തെ സർക്കാർ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ 1991 –നു മുമ്പ് ഉണ്ടായിരുന്ന തൊഴിലവസരങ്ങൾ പോലും വെട്ടിക്കുറക്കപ്പെടുകയും അത് കൂലിയില്ലാത്ത ആശാ വർക്കേഴ്സിലൂടെ നടപ്പാക്കുകയും ചെയ്യുകയാണ്. സർക്കാർ തന്നെ ആരോഗ്യ മേഖലയിൽ ജോലി ചെയ്യുന്ന നഴ്സുമാരെ ഐ.എൽ.ഒ. വ്യവസ്ഥകൾക്കനുസരിച്ച് ജോലി ചെയ്യിപ്പിക്കുന്നില്ല. രാജ്യത്തെ തന്നെ ലക്ഷക്കണക്കി




**ഇന്ത്യയിൽ സ്വകാര്യ – സർക്കാർ മേഖലയിൽ നഴ്സുമാർക്കെതിരായ ചൂഷണം എല്ലാ കാലത്തും ഉണ്ടായിരുന്നു. മിനിമം വേതനം പോലും ഇല്ലാതിരുന്നതും ആരോഗ്യ മേഖലയിൽ സർക്കാർ തീരുമാനിച്ച സ്വകാര്യവൽക്കരണനയവുമായി ബന്ധപ്പെട്ടാണ്.**

ന് സർക്കാർ ആശുപത്രികളിൽ 8 മണിക്കൂർ ഡ്യൂട്ടി സമയം നടപ്പാക്കിയിട്ടില്ല. ഇൻർനാഷണൽ നോം അനുസരിച്ച് നഴ്സ് പേഷ്യന്റ് റേഷ്യോ നടപ്പാക്കിയിട്ടില്ല. പൈ കമ്മറ്റി റിപ്പോർട്ട് 1989 ൽ തന്നെ സർക്കാർ മേഖലയിൽ നഴ്സ് പേഷ്യന്റ് റേഷ്യോ 1:4ആക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. ഇത്തരത്തിൽ കൂടുതൽ ആശുപത്രികൾ സർക്കാർ മേഖലയിൽ ആരംഭിക്കുകയും സർക്കാർ ആശുപത്രിയിൽ ജോലി സമയം നിജപ്പെടുത്തുകയും നഴ്സ് പേഷ്യന്റ് റേഷ്യോ 11:4 ആയി നിജപ്പെടുത്തു കയും ചെയ്താൽ കൂടുതൽ നഴ്സുമാർക്ക് അവസരം ഉണ്ടാകും.

ഇത്തരമൊരു നയം സർക്കാറിനില്ലാതിരിക്കുകയും സർക്കാർ സ്വകാര്യ മേഖലയെ പരിപോഷിപ്പിക്കുകയും കൂണു പോലെ സ്വകാര്യ ആശുപത്രികൾ ഉയരുകയും അത് രാജ്യത്തെ ഏറ്റവും വലിയ ബിസിനസ് മേഖലയാവുകയും ചെയ്തിരിക്കുകയാണ്. ലോകത്താകമാനം തന്നെ മുതലാളിത്ത രാജ്യങ്ങളിൽ ആരോഗ്യ മേഖല വലിയ പ്രതിസന്ധി നേരിടുകയാണ്. ജനങ്ങൾക്ക് ആരോഗ്യ സംരക്ഷണത്തിന് നൽകിയ ഇൻഷുറൻസ് പദ്ധതികൾ അട്ടിമറിക്കപ്പെടുകയും അതു മൂലം ഇൻഷുറൻസ് കമ്പനികൾ കോടികൾ തട്ടിക്കൊണ്ട് പോവുകയും ചെയ്തിരിക്കുകയാണ്. സ്വകാര്യ ഇൻഷുറസൻസ് മേഖലയ്ക്ക് ആരോഗ്യ മേഖലയെ തീറെഴുതുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

വികസിതരാജ്യങ്ങളിലെ എല്ലാം തന്നെ ജനങ്ങളുടെ ആരോഗ്യസംരക്ഷണം ഒരു പരിധിവരെ സർക്കാർ നിയന്ത്രണത്തിലാണ്. സ്വകാര്യ ആശുപത്രികളിലേക്കുള്ള റിക്രൂട്ട്മെന്റ് അടക്കം സർക്കാർ നിയോഗിക്കുന്ന കമ്മറ്റിയാണ് നടപ്പാക്കുന്നത്. മാത്രമല്ല യു.എസ്.യു.കെ. പോലെയുള്ള രാജ്യങ്ങൾ നഴ്സുമാരുടെ സേവനവേതനവ്യവസ്ഥകൾ പൂർണ്ണമായും നടപ്പാക്കുന്നത് ഇത്തരം സർക്കാർ ഏജൻസികൾ വഴിയാണ്.

നഴ്സുമാരുടെ യോഗ്യതയനുസരിച്ച് അവരുടെ ജോലി നിജപ്പെടുത്തി ക്ലാസിഫൈ ചെയ്താണ് നഴ്സുമാരെ നിയമിക്കുന്നത്. ഒരു ജോലിക്ക് നിയോഗിച്ച നഴ്സുമാരെ മറ്റ് ജോലിക്ക് ഉപയോഗിക്കുന്നതോ നഴ്സുമാർ അത്തരത്തിൽ ജോലി ചെയ്യുന്നതോ നിഷിദ്ധവുമാണ്. രോഗികളുടേയും ജനങ്ങളുടേയും ആരോഗ്യ സുരക്ഷക്ക് കൂടി ഇതിലൂടെ പ്രാധാന്യം കിട്ടുന്നു. അതുവഴി എല്ലാ കാറ്റഗറിയിലും പഠിച്ച് പുറത്ത് വരുന്ന നഴ്സുമാരുടെ തൊഴിലും തൊഴിലിന്റെ മാന്യതയും പ്രൊഫഷണലിസവും നില നിർത്തുന്നതിനും രോഗികൾക്ക് പ്രൊഫഷണലിസത്തിലൂടെ രോഗശുശ്രൂഷ നൽകുന്നതിനും കഴിയുന്നു. ഇന്ത്യയിൽ നഴ്സിംഗ് മേഖലയിൽ വിവിധ കാറ്റഗറി വിദ്യാഭ്യാസം ഉണ്ടെങ്കിലും ഈ കാറ്റഗറിക്കനുസരിച്ച് വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് നിയമനം സ്വകാര്യ ആശുപത്രികളില്ല. എ.എൻ.എം. ജി.എൻ.എം. ബി.എസ്.സി. നഴ്സിംഗ് എന്നീ കോഴ്സുകൾ പാസായി പുറത്തുവരുന്ന നഴ്സുമാർക്ക് ആ യോഗ്യതക്കനുസരിച്ചു മാത്രമല്ല ജോലി നൽകുന്നത്. കൂടാതെ വർഷങ്ങളായി യാതൊരു ക്വാളിഫിക്കേഷനും ഇല്ലാതെ ആശുപത്രിയിൽ ജോലി ചെയ്യുന്നു എന്ന കാരണത്താൽ ഓപ്പറേഷൻ തിയറ്ററിന്റെ വരെ ഇൻ ചാർജ്ജുമാരായി ജോലി ചെയ്യുന്നവരുണ്ട്. മാത്രമല്ല എ.എൻ.എം. എന്ന യോഗ്യതയുള്ളവർ ബി.എസ്.സി.നഴ്സിന്റെ ജോലി ചെയ്യുന്നുണ്ട്. ഇങ്ങനെ ചെയ്യുന്ന സ്വകാര്യ മാനേജ്മെന്റുകൾ നഴ്സുമാരുടെ അധ്വാനത്തെ ചൂഷണം ചെയ്യുന്നു എന്നു മാത്രമല്ല, രോഗികളുടെ ജീവൻ വെച്ച് പന്താടുക കൂടിയാണ്.

സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിന് രാജ്യത്ത് ഒരു നിയമവും നില നിൽക്കുന്നില്ല. അവിടത്തെ നഴ്സിംഗ് സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള സേവനവേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനോ, റിക്രൂട്ട്മെന്റിനോ സർക്കാരിന് യാതൊരു നിയന്ത്രണവും ഇല്ല . പല സംസ്ഥാനത്തും മിനിമം വേതനം നിശ്ചയിക്കപ്പെട്ടിട്ടില്ല. രാജ്യത്തെ വിവിധ തൊഴിൽ മേഖലയിലെന്ന പോലെ കേരളത്തിൽ മാത്രമാണ് സ്വകാര്യ ആശുത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

7850 മുതൽ ഉയർന്നു പോകുന്ന തരത്തിൽ മിനിമം വേതനം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ വി



**ഒരു ജോലിക്ക് നിയോഗിച്ച നഴ്സുമാരെ മറ്റ് ജോലിക്ക് ഉപയോഗിക്കുന്നതോ നഴ്സുമാർ അത്തരത്തിൽ ജോലി ചെയ്യുന്നതോ നിഷിദ്ധവുമാണ്. രോഗികളുടേയും ജനങ്ങളുടേയും ആരോഗ്യ സുരക്ഷക്ക് കൂടി ഇതിലൂടെ പ്രാധാന്യം കിട്ടുന്നു.**

ലക്കയറ്റത്തിന്റെയും ജീവിത നില വാര ഉയർച്ചയുടേതുമായ നമ്മുടെ സാമൂഹിക അവസ്ഥയിൽ ഈ തുക അപര്യാപ്തമാണ്. പക്ഷേ 2009 ഡിസംബറിൽ ഇടതു സർക്കാരിന്റെ കാലത്ത് പ്രഖ്യാപിക്കുകയും 2009 ജൂൺ മുതൽ പ്രാബല്യത്തിൽ വരികയും ചെയ്യേണ്ടുന്ന മിനിമം വേതനം ഹൈക്കോടതിയിൽ കേസ് ഫയൽ ചെയത് താൽക്കാലികമായി പ്രോസിക്യൂഷൻ സ്റ്റേ വാങ്ങുകയും പിന്നീട് കേസ് എടുക്കാതിരിക്കുകയും ചെയ്തു. 2009 ജൂൺമുതൽ നഴ്സുമാർക്ക് മിനിമം വേതനം നൽകുന്നതിൽ നിന്നും രക്ഷപ്പെടുകയും അതിലൂടെ കോടിക്കണക്കിന് രൂപയുടെ ലാഭം കിട്ടുകയും ചെയ്തു. നഴ്സിംഗ് ചാർജ്ജ് എന്ന പേരിൽ എല്ലാ സ്വകാര്യ ആശുപത്രികളിലും രോഗികളിൽ നിന്നും പണം ഈടാക്കുന്ന ഈ മാനേജ്മെന്റുകൾ ഈ നഴ്സിംഗ് ചാർജ്ജിന്റെ 50% എങ്കിലും നഴ്സുമാർക്ക് ശമ്പളം കൊടുത്തിരുന്നെങ്കിൽ നല്ല ശമ്പളത്തിലൂടെ നഴ്സുമാർക്ക് ജോലി ചെയ്യുന്നതിന് കഴിയുമായിരുന്നു.

## കോൺട്രാക്റ്റ്, ഇന്റേൺഷിപ്പ്, ബോണ്ട്, ട്രെയിനി

സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരിൽ അധികവും കോൺട്രാക്റ്റ് സംവിധാനം അനുസരിച്ചാണ് നിയമിക്കപ്പെടുന്നത്. മറ്റൊരു പേര് ഇന്റേൺഷിപ്പ് എന്നതാണ്. നാലര വർഷം കേരളം പോലൊരു സ്ഥലത്ത് നഴ്സിംഗ് പഠിച്ചിറങ്ങുന്ന ഒരു നഴ്സ് യഥാർത്ഥത്തിൽ പക്കാ നഴ്സ് ആണ്. എന്നാൽ ഇവരെ വീണ്ടും ഇന്റേൺഷിപ്പിന്റേയും ട്രെയിനിങിന്റേയും പേരിൽ കാശില്ലാതെ വർഷങ്ങളോളം ജോലി ചെയ്യിപ്പിക്കുന്നു. സബ്ബ് കോൺട്രാക്റ്റർമാർ വഴിയോ നേരിട്ടുള്ള കോൺട്രാക്റ്റ് വഴിയോ മാത്രമാണ് വൻകിട ആശുപത്രികളിലെല്ലാം നഴ്സുമാരെ നിയമിക്കുന്നത്.

സ്ഥിരസ്വഭാവമുള്ള ഇത്തരം ജോലികളിൽ കോൺട്രാക്റ്റ് സംവിധാനം പാടുള്ളതല്ല. ട്രെയിനിംഗ് ആണ് മറ്റൊരു പേര്. കോൺട്രാക്റ്റ് പോലെ തന്നെ സ്വമേധയാ എഴുതി കൊടുത്ത് ജോലിക്ക് കയറുന്നതിനാണ് ട്രെയിനിംഗ് എന്നു പറയുന്നത്. ഇത് ഓരോ വർഷവും പുതുക്കി നൽകണം. സ്വകാര്യ ആശുപത്രിയിലെ നഴ്സുമാർ വലിയ ചൂഷണത്തിന് വിധേയരാവുകയാണ്. ശാരീരികമോ സാമ്പത്തികമോ ആയ പീഡനങ്ങളേക്കാൾ മാനസിക പീഡനങ്ങളാണ് നഴ്സുമാർക്ക് ഏൽക്കേണ്ടി വരുന്നത്. രാവും പകലും ഇല്ലാതെ, സമയപരിധി നോക്കാതെ രോഗികളുമായി ഇടപഴകുന്നവരാണ് നഴ്സുമാർ. ആശുപത്രി മാനേജ്മെൻറുകൾ ഇത് പരമാവധി മുതലെടുക്കുകയാണ്. നഴ്സിംഗ് സംഘടനകൾ ഓവർടൈം ജോലിക്ക് സർക്കാർ നിശ്ചയിച്ച കൂലി തരണമെന്ന് ആവശ്യപ്പെട്ടപ്പോൾ പല ആശുപത്രി മാനേജ്മെൻറുകളും ചോദിച്ച ചോദ്യം ഇത് ഒരു സേവനമല്ലേ, കുറച്ചു നേരം കൂടെ രോഗികളുടെ കൂടെ ചെലവഴിക്കുന്നതിന് എന്തിനാണ് ഓവർടൈം കൂലി എന്നാണ്. ഇതാണ് സ്ഥിതി. കേരളത്തിൽ 30 വർഷത്തിനു മുമ്പ് എല്ലാ തൊഴിൽ മേഖലകളിലും നടപ്പാക്കിയ 8 മണിക്കൂർ ജോലി സമയം, ഓവർടൈം വേതനം, മെറേറണിററി ലീവ്, ഇ.എസ്.ഐ, പി.എഫ് ആനുകൂല്യങ്ങൾ എന്നിങ്ങനെ നിയമപരമായവ ചോദിച്ചാണ് കേരളത്തിലെ നഴ്സുമാർ സമരം ചെയ്യുന്നത്.

മെറേർണിററി ലീവ് 6 മാസമായി കേരള സർക്കാർ, സർക്കാർ സ്ഥാപനങ്ങളിൽ മാററി എങ്കിലും ഇപ്പോഴും സ്വകാര്യ മേഖലയിൽ ബാധകമല്ല. അത് അങ്ങനെ ബാധകമാകണമെങ്കിൽ കേന്ദ്ര സർക്കാർ മെറേറണിറ്റി ആക്ട് ഭേദഗതി ചെയ്യണം. സ്വകാര്യ ആശുപത്രിയിലെ നഴ്സുമാർക്ക് മെറേറണിററി ലീവ് അനുവദിക്കുന്നില്ല. പ്രസവ സമയമായാൽ ലീവ് എടുക്കാം പക്ഷെ, പിന്നെ പണിയില്ല. പിന്നെ വരണമെങ്കിൽ വീണ്ടും അപേക്ഷ എഴുതി കൊടുക്കണം. മാനേജ്മെന്റ് പരിഗണിക്കുകയോ പരിഗണിക്കാതിരിക്കുകയോ ചെയ്യാം. പരിഗണിച്ചാൽ പുതിയ നിയമനമായേ പരിഗണിക്കുകയുള്ളൂ. ഇങ്ങനേയും ഒരു തൊഴിൽ ചൂഷണ മേഖല നിലനിൽക്കുന്നുണ്ടോ എന്ന് അതിശയപൂർവ്വം കേരളീയർ ഇന്ന് മൂക്കത്ത് വിരൽ വക്കുകയാണ്.

ഒരു വശത്ത് മാനേജ്മെന്റ് നഴ്സുമാരെ മാലാഖമാരായി കാണുന്നു എന്നും അവർ ഫ്ളോറൻസ് നൈറ്റിംഗേലിനെപ്പോലെ സേവന മനുഷ്ഠിക്കണമെന്നുമാണ് പറയുന്നത്. എന്നാൽ നിലനിൽപിനും ജീവിക്കുന്നതിനും വേണ്ടി നഴ്സുമാർ സമരം ചെയ്തപ്പോൾ ഈ സമരത്തിൽപ്പെട്ടവരേയും പൊതു നഴ്സിംഗ് സമൂഹത്തിലെ സ്ത്രീകളേയും സ്വഭാവഗുണമില്ലാത്തവർ എന്ന് വിളിക്കുന്നതിനും മാനേജ്മെന്റ് മടിക്കുന്നില്ല.

ഇപ്പോൾ തന്നെ സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾ നഴ്സുമാരടക്കമുള്ള തൊഴിലാളികളേയും പൊതുജനസമൂഹത്തേയും കൊള്ളയടിക്കുകയാണ്. എന്നാൽ വൻകിട ബഹുജനകുത്തകകൾക്ക് ആരോഗ്യമേഖല തുറന്നു കൊടുക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. സാമ്പത്തിക നഷ്ടംമൂലം ബുദ്ധിമുട്ടുന്ന സാമ്രാജ്യത്വ മൂലധനശക്തികൾക്കു വേണ്ടി സർക്കാർ ഇത്തരം തീരുമാനമെടുക്കുമ്പോൾ ഇന്ത്യൻ ആരോഗ്യമേഖല തികച്ചും ലാഭകരമായ വമ്പൻ ബിസിനസ്സാകാൻ പോവുകയാണ്. ഈ പശ്ചാത്തലത്തിൽ കൂടി വേണം ഇന്ത്യയിലെ സ്വകാര്യമേഖലയിലെ നഴ്സുമാർ നടത്തുന്ന തൊഴിൽ ചൂഷണത്തിനെതിരായ സമരത്തെ കാണുവാൻ.

നഴ്സുമാർ ഇന്ത്യയിൽ സംഘടിക്കുവാൻ തുടങ്ങിയത് തികച്ചും മാനസികവും സാമ്പത്തികവുമായ ചൂഷണത്തിനെതിരായിട്ടാണ്. മിനിമം വേതനം എന്ന നിയമപരമായ അവകാശം നേഴ്സിംഗ് മേഖലയിൽ നിശ്ചയിച്ചിരിക്കുന്നത് കേരളത്തിൽ മാത്രമാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്തരത്തിൽ മിനിമം വേതനം നൽകുന്നില്ല.

കേരളത്തിൽ സ്വകാര്യ ആശുപത്രികൾ- ക്രിസ്ത്യൻ ചാരിറ്റിമിഷൻ അടക്കമുള്ളവരുടെ- ജാതി മത വർഗ്ഗീയ ശക്തികളുടെ കൈകളിലാണ് എങ്കിലും മറ്റ് സംസ്ഥാനങ്ങളിൽ ഫ്യൂഡൽ പ്രഭുക്കളുടെ ഉട

മസ്ഥതയിലാണ് സ്വകാര്യ ആശുപത്രികൾ. സർട്ടിഫിക്കറ്റ് തിരിച്ചു കൊടുക്കാതെയും തിരിച്ചു കൊടുക്കുന്നതിന് ലക്ഷങ്ങൾ ആവശ്യപ്പെട്ടും മാനേജ്മെന്റ് പാവപ്പെട്ട നഴ്സുമാരെ പീഡിപ്പിക്കുന്നു. ഒന്നാം ഘട്ടത്തിൽ നഴ്സുമാരുടെ സമരത്തിൽ വൻ ജനപിന്തുണ കിട്ടിയപ്പോൾ മാനേജ്മെന്റുകൾ പെട്ടെന്ന് പതുങ്ങി. പക്ഷെ ഇപ്പോൾ അവർ സംഘടിതമായ രീതിയിൽ വീണ്ടും നഴ്സുമാരുടെ മിനിമം വേതനം നൽകേണ്ട എന്ന് തിരുമാനിക്കുകയാണ്. ഒരു മാസമെങ്കിൽ ഒരുമാസം നീണ്ടുപോകട്ടെ എന്നാണ് മാനേജ്മെന്റ് കരുതുന്നത്. അങ്ങനെനീണ്ടുപോയാൽ അത്രക്ക് ലാഭം. മിനിമം വേതനത്തിന് കേരളത്തിൽ നഴ്സുമാർ സമരം ചെയ്തപ്പോൾ പൊതുജനപിന്തുണയോടെ സമരം വികസിച്ചപ്പോൾ മാനേജ്മെന്റുകൾ പതുങ്ങി. പക്ഷെ മറ്റ് സംസ്ഥാനങ്ങളിൽ മാനേജ്മെന്റുകൾ വലിയ ശക്തിയോടെ തന്നെയാണ് നിൽക്കുന്നത്. ബോംബെയിൽ സർക്കാർ പണിമുടക്കുന്നവർക്ക് 6 മാസം കഠിനതടവും പ്രേരിപ്പിക്കുന്നവർക്ക് 1 വർഷം കഠിനതടവിനുമുള്ള ഒരു നിയമം ഇപ്പോൾതന്നെ പാസാക്കി കഴിഞ്ഞിരിക്കുകയാണ്. ഇതിനിടയിൽ നഴ്സുമാർ സംഘടിക്കുകയോ സമരം ചെയ്യുകയോ ചെയ്താൽ അടിച്ചമർത്തും എന്ന കാര്യത്തിൽ സംശയമില്ല.

## സർക്കാർ നിലപാട്

ആശുപത്രി തൊഴിലാളികൾക്ക് മിനിമം വേതനം കേരളത്തിൽ മാത്രമാണ് നടപ്പാക്കിയിരിക്കുന്നത്. 2009 ഡിസംബറിൽ പ്രഖ്യാപിക്കപ്പെട്ട ഈ നിയമത്തിനെതിരെ മാനേജ്മെൻറുകൾ കോടതിയിൽ പോയി പ്രോസിക്യൂഷൻ നടപടിക്ക് സ്റ്റേ വാങ്ങി. സർക്കാരും ലേബർ ഡിപ്പാർട്ട്മെൻറുകളും സ്റ്റേ എന്ന വാക്ക് കേട്ടതോടെ നിയമം നടപ്പിലാക്കുന്നതിന് ഒരു ശ്രമവും നടത്തിയില്ല. സ്റ്റേ പിൻവലിക്കുന്നതിനും ശ്രമിച്ചില്ല. 2009 ജൂൺ മുതൽ നടപ്പാക്കിയ മിനിമം വേതനം നിയമക്കുരുക്കിൽ പെട്ടപ്പോൾ പതിനായിരക്കണക്കിന് നഴ്സുമാർക്ക് അത് 3 വർഷത്തേയ്ക്ക് നിരോധിച്ചു. അതിനെതിരായി ഒന്നും സർക്കാർ ചെയ്തില്ല. ഉർവ്വശീ ശാപം ഉപകാരം. സമരങ്ങൾ വന്നപ്പോൾ പലപ്പോഴും ആദ്യഘട്ടത്തിൽ സർക്കാർ മാനേജ്മെൻറിൻെറ കൂടെ നിന്നു. പക്ഷേ പൊതു സമൂഹം ഉയർന്നപ്പോൾ സർക്കാർ നഴ്സുമാരെ സഹായിച്ചു. ഡോക്ടർ ബലരാമനെഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയോഗിച്ചു. ഈ റിപ്പോർട്ട് അട്ടിമറിക്കുന്നതിനാണ് IRC കമ്മിററി ഉണ്ടാക്കിയത്. അതുവഴി ട്രെയിനിംഗ് സംവിധാനം കൊണ്ടുവന്ന് കഴിഞ്ഞിരിക്കുകയാണ്.

## നഴ്സിംഗ് സംഘടനകളുടെ പ്രതിസന്ധി

സ്വാതന്ത്ര്യബോധത്താലാണ് കേരളത്തിൽ നഴ്സിംഗ് സംഘടനകൾ ഉണ്ടായത്. അമൃത സമരം കഴിഞ്ഞ് എലൈററ്, ലിററിൽ ഫ്ളവർ, ലേക്ഷോർ സമരങ്ങൾ. ഗോകുലം, പൈങ്കുളം, കോലഞ്ചേരി സമരങ്ങൾക്ക് പൊതുസ്വഭാവമായിരുന്നു. പരസ്പരം പഴിചാരാതെ പൊതു ആവശ്യത്തിന് ജനിച്ചുവീണ കുട്ടികൾ എന്ന നിലയിൽ സഹായിച്ചുകൊണ്ടിരുന്നു. സമരങ്ങളുടെ അവകാശ പത്രിക എഴുതി തയ്യാറാക്കുന്നതിൽ നഴ്സിംഗ് മേഖലയിൽ നാലോ അഞ്ചോ സംഘടനകളുണ്ട്. UNA, INA എന്നീ സംഘടനകളാണ് പ്രധാന സമരസംഘടനകളായി നിലനിന്നു പോരുന്നത്. INA എന്ന സംഘടനയാണ് കോതമംഗലത്ത് സമരം നടത്തിയത്. അഖിലേന്ത്യാതലത്തിൽ പ്രവർത്തിക്കുന്ന ഒരു സംഘടനകൂടിയാണ് അത്. ഇന്ന് ചില നഴ്സിംഗ് സംഘടനകൾക്ക് പ്രത്യേക രാഷ്ട്രീയ താൽപ്പര്യം ഉണ്ടായിരിക്കുകയാണ്. ഈ താൽപ്പര്യത്തിൽ നിന്നും പരസ്പരം പഴിചാരുകയും മററ് സംഘടനാ നേതാക്കളെ ചെളിവാരിയെറിയുകയും തീരെ പക്വതയില്ലാതെ കാര്യങ്ങളെ സമീപിക്കുകയും ചെയ്യുകയാണ്. അത് മാനേജ്മെൻറിനു മാത്രമാണ് ഗുണം ചെയ്യുന്നത് എന്നും അവരെ സഹായിക്കുന്ന പത്രങ്ങളും അതാണ് ചെയ്യുന്നത് എന്നും നഴ്സിംഗ് സംഘടനാ നേതാക്കൾ തിരിച്ചറിയണം. തീർത്തും അസംഘടിതരായ നഴ്സുമാർ വിവിധ സംഘടനകൾ വഴി സംഘടിതരായിട്ടുണ്ടെങ്കിലും പക്വതയുള്ള നേതൃത്വപാടവം ഈ സംഘടനാ നേതാക്കൾ കാണിക്കേണ്ടതുണ്ട്.

കേരളത്തിലെ നഴ്സുമാർക്കും ആശുപത്രി ജീവനക്കാർക്കും എതിരായ മാനേജ്മെൻറുകളുടെ ചൂഷണം കുറഞ്ഞു എന്നു കരുതുന്നത് തെററായിരിക്കും. ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ അത് ശക്തിപ്പെടുകയാണ്. ചൂഷണങ്ങൾ ഉണ്ടാകുന്ന കാലത്തോളം അതിനെതിരായ അവരുടെ ചെറുത്തുനിൽപ്പുകൾ ഉണ്ടാകും. ഒരാളല്ലെങ്കിൽ മറെറാരാൾ അവരിൽ നിന്നും നേതൃത്വത്തിലേയ്ക്ക് ഉയർന്നു വരും. ആഗോളവൽക്കരണത്തിനും മാഫിയകൾക്കും എതിരെ ലോകമെങ്ങും ഉയർന്നുവരുന്ന പ്രക്ഷോഭത്തിന്റെ പ്രതിഫലനം ആഗോളവൽക്കരണത്തിൻെറ ശക്തികളുടെ ഏററവും വലിയ വിഹാരകേന്ദ്രമായ ആരോഗ്യമേഖലയിലെ ചൂഷണത്തിനെതിരായും ഉണ്ടാകും. പല വ്യവസായങ്ങളും ആഗോളവൽക്കരണ ചൂഷണത്തിൽ തകർന്നെങ്കിലും കോർപ്പറേററ് ഭീമന്മാർ തടിച്ചുകൊഴുക്കുന്ന ഒരു മേഖലയാണ് ഇന്ത്യയിലെ ആരോഗ്യ മേഖല. ചൂഷണത്തിനെതിരായ നഴ്സുമാരുടേയും ആശുപത്രി ജീവനക്കാരുടേയും സമരങ്ങൾ ഇനിയും മുന്നോട്ട് പോകേണ്ടതുണ്ട്.

കേരളത്തിൽ നഴ്സിംഗ് സമരത്തിലെ ഏറ്റവും പ്രധാന മുദ്രവാക്യം ടെയിനിംഗ്, കോൺട്രാക്റ്റ് ചൂഷണ സംവിധാനം ഒഴിവാക്കുക എന്നതായിരുന്നു. എലൈറ്റ് ആശുപത്രി സമരം മുതൽ നഴ്സിംഗ് സമരത്തിലെ പ്രധാനമുദ്രാവാക്യം ട്രെയിനിംഗിന്റെ പേരിലുള്ള ചൂഷണം അവസാനിപ്പിക്കുക എന്നതായിരുന്നു. ലിറ്റിൽ ഫ്ളവർ ആശുപത്രിയിൽ 15 വർഷം വരെ എത്തിയവരെ ഓരോ വർഷവും

പുതുക്കി ട്രെയിനി എന്ന നിലയിൽ നിലനിർത്തി ചൂഷണം ചെയ്തു പോന്നു. പക്ഷേ അവിടെ 10 ദിവസം നടന്ന സമരത്തിലും ഈ സംവിധാനത്തിന് അവസാനം ഉണ്ടായി. കേരള ഹൈക്കോടതിയുടെ ചരിത്രത്തിലെ ഏറ്റവും നല്ല ഒരു ഇടപെടൽ ഈ സമരത്തിലുണ്ടായി.

മാനേജ്മെന്റ് കൊടുത്ത പോലീസ് പ്രൊട്ടക്ഷൻ കേസിൽ ഹോസ്പിറ്റൽ കോമ്പൗണ്ടിന്റെ ഉള്ളിൽ (ഇതുവരെ ഒരു സമരത്തിനും അനുവദിച്ചിട്ടില്ല) സമരം ചെയ്യുന്നതിനും എല്ലാ നഴ്സുമാർക്കും മിനിമം വേതനം നൽകി സത്യവാങ് മൂലം നൽകുന്നതിനും കോടതി നിർദ്ദേശിച്ചു. ഈ വിധിയാണ് സമരം ഒത്ത് തീർപ്പാക്കുന്നതിലേക്ക് നയിച്ചത്.

കേരളത്തിൽ ഈ സമയത്ത് ഉയർന്നു വന്ന എല്ലാ സമരങ്ങൾക്കും ഈ കോടതി വിധി കരുത്തേകി. എന്നാൽ ബലരാമൻ കമ്മറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങളേയും ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ നിർദ്ദേശങ്ങളേയും മറി കടന്ന് ഐ.ആർ.സി കമ്മറ്റി വഴി ഈ ട്രെയിനിംഗ് സംവിധാനം (എന്താണോ സമരത്തിലൂടെ ചെറുത്ത് തോൽപിച്ചത്) അത് മാനേജ്മെന്റുകൾക്ക് വേണ്ടി തിരിച്ച് കൊണ്ടു വന്നിരിക്കുകയാണ്. ബോണ്ട് വ്യവസ്ഥയും ട്രെയിനി സംവിധാനവും തമ്മിൽ ഒരുപാട് വ്യത്യാസമുണ്ട്. ബോണ്ട് എന്നത് നിർബന്ധിത തൊഴിലാണ്. പഠിച്ച് കഴിഞ്ഞ് ആ ആശുപത്രിയിൽ നിർബന്ധമായും ജോലി ചെയ്യണം എന്നത്. മന്ത്രി ഷിബു ബേബി ജോൺ വ്യക്തമാക്കിയിട്ടുണ്ടായിരുന്നു ബോണ്ട് സംവിധാനമാണ് എങ്കിൽ നിർബന്ധമായും മിനിമം വേതനം നൽകണമെന്ന്. പക്ഷേ കോതമംഗലത്ത് അത് കാറ്റിൽ പറത്തിയതാണ് സമര കാരണമായി മാറിയത്. കോതമംഗലം മാർബസേലിയസ് സമരത്തിന്റെ വിജയം കേരളത്തിലെ ജനകീയ സമരങ്ങൾക്ക് മാതൃകയാകേണ്ടതാണ്.

**കേരളത്തിലെ നഴ്സുമാർക്കും ആശുപത്രി ജീവനക്കാർക്കും എതിരായ മാനേജ്മെൻറുകളുടെ ചൂഷണം കുറഞ്ഞു എന്നു കരുതുന്നത് തെററായിരിക്കും. ഒരു രീതിയിലല്ലെങ്കിൽ മറെറാരു രീതിയിൽ അത് ശക്തിപ്പെടുകയാണ്.**

ആത്മഹത്യാസമരം എന്ന നിലയിൽ അതിന്റെ മാറ്റു കുറയ്ക്കുന്ന ചില നീക്കങ്ങൾ നമുക്ക് കാണാൻ കഴിയും. പക്ഷേ തികച്ചും തെറ്റായ വിലയിരുത്തലാകും ഇങ്ങനെ ചെയ്യുന്നത്. മിനിമം വേതനവും 3 ഷിഫ്റ്റ് ഡ്യൂട്ടിയുംചോദിച്ച് സമരത്തിനിറങ്ങിയ നഴ്സുമാർക്ക് ബോണ്ടിന്റെ പേരിൽ ജോലി നിഷേധിച്ചത് സഭയുടേയും കോടീശ്വരനായ മാനേജ്മെന്റിന്റെ സെക്രട്ടറിയുടേയും തന്ത്രങ്ങളായിരുന്നു.

സമരം 115 ദിവസം നീണ്ടു പോയത് കേരളത്തിൽ ഏതെങ്കിലും നഴ്സിംഗ് സമരം തോൽപിക്കുക എന്നത് ഹോസ്പിറ്റൽ മാനേജ്മെന്റ് അസോസിയേഷന്റെ തീരുമാനമായിരുന്നു. മാനേജ്മെന്റ് അസോസിയേഷൻ സാരഥിയാകുന്നതിന് ബെസേലിയസ് ആശുപത്രി സെക്രട്ടറി തീരുമാനിച്ചിരുന്നു. ആരും പ്രേരിപ്പിച്ചിട്ടല്ല ആഗസ്റ്റ് 15 ന് 3 പെൺകുട്ടികൾ ടെറസിനു മുകളിലേക്ക് കയറിയത്.

അന്നു വരെ ആ നാട്ടിലെ മുഴുവൻ ജനങ്ങളും ഏറിയും കുറഞ്ഞും സമരത്തിൽ പങ്കാളികളായി. സഖാവ് വി.എസ് അടക്കമുള്ള രാഷ്ട്രീയ ട്രേഡ് യൂണിയൻ നേതാക്കളും സമരത്തിൽ പങ്കാളിയായിരുന്നു. സ്വന്തം ജീവൻ നൽകാൻ തയ്യാറായി 100 കണക്കിന് ആളുകൾ ആഗസ്റ്റ് 15, 16 തീയതികളിൽ കോതമംഗലത്ത് തമ്പടിച്ചു. കേരളം കണ്ട ഉജ്ജ്വല സമരമായിരുന്നു അത്. പോലീസിന്റെ മർദ്ദനമേറ്റിട്ടും കേസുകൾ ഏറ്റു വാങ്ങിയിട്ടും ഒരാൾ പോലും പരാതി പറഞ്ഞില്ല. ഈ സമരത്തിന് നേതൃത്വം നൽകിയത് ഇന്ത്യൻ നഴ്സസ് അസോസിയേഷനായിരുന്നു. എങ്കിലും സമരത്തിന്റെ വിജയം നല്ലവരായ നാട്ടു



# പത്മപ്രഭാ പുരസ്കാരം സാറാ ജോസഫിന്

സംഘടിതയുടെ എഡിറ്ററായ പ്രൊഫ.സാറാ ജോസഫ്, 2012ലെ പത്മപ്രഭാപുരസ്കാരത്തിന് അർഹയായി. സമകാലിക സ്ത്രീപക്ഷ രചനകളുടെ പ്രയോക്താവും പാരിസ്ഥിതിക-സാമൂഹ്യപ്രവർത്തകയുമാണ് സാറാ ജോസഫ്. 2012 ഡിസംബറിൽ കൽപ്പറ്റയിൽ നടക്കുന്ന ചടങ്ങിൽ എഴുത്തുകാരനും പത്രപ്രവർത്തകനുമായ കുൽദീപ് നയ്യാർ പുരസ്കാരം സമ്മാനിക്കുന്നു. 75,000 രൂപയും പത്മരാഗക്കല്ല് പതിച്ച ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.

# കണ്ടൽക്കാടുകൾ – അന്യമായിക്കൊണ്ടിരിക്കുന്ന ആവാസവ്യവസ്ഥ

**അനുമോൾ ജോയ്**

> ചതുപ്പുകളിൽ ഇടതൂർന്ന് വളരുന്ന കണ്ടൽപച്ചകൾ നയനാനന്ദകരമാണ്. ഋതുഭേദങ്ങളുടെ തീക്ഷണതകളെ മറികടക്കുവാനും, പ്രജനനത്തിനും എല്ലാമായി കടൽകടന്നെത്തുന്ന ദേശാടകരായ പക്ഷികളെ ആദ്യം വരവേൽക്കുന്നത് കണ്ടൽ വനങ്ങളാണ്.

**പുനർനിർമ്മാണം** സാധ്യമല്ലാത്ത ഒന്നിനെയും നശിപ്പിക്കാൻ നമുക്ക് അവകാശമില്ലെന്ന ചിന്തയാണ് പരിസ്ഥിതിവാദത്തിന്റെ കാതൽ . ഭൂമിയിലെ ആവാസവ്യവസ്ഥകളെല്ലാം ഇത്തരത്തിൽ മനുഷ്യനാലുള്ള പുനർനിർമ്മാണം സാധ്യമല്ലാത്തവയാണ്. ഭൂമിശാസ്ത്രസവിശേഷതകൾ ,കാലാവസ്ഥ തുടങ്ങിയ ഘടകങ്ങളാൽ നിർണ്ണയിക്കപെടുന്നതാണ് ഓരോ ആവാസവ്യവസ്ഥയുടേയും സ്വഭാവം. നമുക്കിന്നും വ്യക്തമായറിയാത്ത സ്ഥിരതയ്ക്കായുള്ള ജീവന്റെ ചോദനയാൽ കൂടുതൽ സങ്കീർണ്ണതയിലേക്ക് എത്തപ്പെട്ടവയാണ് അവ.തീർത്തും വ്യത്യസ്തമായ ജൈവസവിശേഷതകളുള്ള കടലിനും കരയ്ക്കുമിടയിലെ ആവാസവ്യസ്ഥയാണ് കണ്ടൽക്കാടുകൾ.

590 കി.മീ. ദൈർഘ്യത്തിൽ കടൽ തീരമുള്ള കേരളത്തിൽ ,ഒരു മൂന്ന് ദശകങ്ങൾക്കപ്പുറം വരെ കണ്ടൽക്കാടുകൾ ധാരാളമുണ്ടായിരുന്നു.ജീവന്റെ മഹാ കലവറയായ പശ്ചിമഘട്ട മലനിരകളിൽ നിന്നും ഇന്ത്യൻ മഹാസമുദ്രത്തിലേക്ക് ചരിഞ്ഞുകിടക്കുന്ന നമ്മുടെ കൊച്ചു സംസ്ഥാനം പ്രകൃതി വിഭവങ്ങളാൽ അനുഗ്രഹീതമായിരുന്നു.പശ്ചിമഘട്ടത്തിൽ നിന്നും ,ഇടനാടൻ കുന്നുകളിൽ നിന്നും ഉത്ഭവിക്കുന്ന 41 നദികളും നൂറുകണക്കിന് തോടുകളും ഒഴുക്കികൊണ്ടുവരുന്ന ജൈവ പദാർത്ഥങ്ങളാൽ സമ്പുഷ്ടമാക്കപ്പെട്ടവയായിരുന്നു നമ്മുടെ കായലുകളും നദീമുഖങ്ങളും .ലവണജലവും ശുദ്ധജലവും ഒന്നിച്ചുചേരുന്ന ഈ ഭൂഭാഗങ്ങളിൽ ഉരുത്തിരിഞ്ഞ ഈ ആവാസവ്യവസ്ഥയ്ക്ക് അതിന്റേതുമാത്രമായ ധാരാളം സവിശേഷതകൾ ഉണ്ട്.

കണ്ടൽക്കാട് എന്ന ആവാസവ്യവസ്ഥയുടെ പാരിസ്ഥിതിക പ്രാധാന്യത്തിന്റെ ആഴത്തിലുള്ള വിശകലനത്തിന് ഇവിടെ മുതിരുന്നില്ല, കണ്ടൽക്കാടുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പാപ്പിനിശ്ശേരിയിലെ കണ്ടൽ പാർക്ക് മുതൽ ഇടക്കൊച്ചിയിലെ സ്റ്റേഡിയം വരെ നീണ്ട രാഷ്ട്രീയ വിവാദങ്ങളുടെ സൂക്ഷ്മാംശങ്ങളിലേക്കും കടക്കുന്നില്ല. കണ്ടലുകളെ മുൻനിർത്തി 'പരിരക്ഷണം' എന്ന വാക്കിന്റെ സാമൂഹികവും പാരിസ്ഥിതികവുമായ മാനങ്ങളെ പരിശോധിക്കാനാണ് ശ്രമിക്കുന്നത്.

ചതുപ്പുകളിൽ ഇടതൂർന്ന് വളരുന്ന കണ്ടൽപച്ചകൾ നയനാനന്ദകരമാണ്. ഋതുഭേദങ്ങളുടെ തീക്ഷണതകളെ മറികടക്കുവാനും, പ്രജനനത്തിനും എല്ലാമായി കടൽകടന്നെത്തുന്ന ദേശാടകരായ പക്ഷികളെ ആദ്യം വരവേൽക്കുന്നത് കണ്ടൽ വനങ്ങളാണ്. കണ്ടൽക്കാടുകൾ അവയ്ക്ക് ആഹാരവും അഭയവും നൽകുന്നു. പല പറവകളും അതിൽ കൂടൊരുക്കുന്നു. ചതുപ്പുകളുടെ മധ്യത്തിലായതിനാൽ കരയിലെ മനുഷ്യരടക്കമുള്ള ശത്രുക്കളിൽ നിന്നുള്ള ആക്രമണത്തിന് സാധ്യത ഇവിടെ വളരെ കുറവായിരിക്കും. മത്സ്യങ്ങൾ, ഞണ്ടുകൾ, വിവിധതരം ഒച്ചുകൾ, കക്കകൾ, ആമകൾ, എന്നിവയുടെയെല്ലാം പ്രജനനകേന്ദ്രങ്ങളാണ് കണ്ടൽ വനങ്ങൾ.

മീൻപൂച്ച ,നീർനായ ,കുറുക്കൻ, തുടങ്ങിയ സസ്തനികളു



ടേയും അഭയകേന്ദ്രങ്ങളാണിവ. ഓരുജലത്തിന്റെ കരയിലേക്കുള്ള തള്ളിക്കയറലിനെ പ്രതിരോധിച്ചത് കടലോരത്തെ ഈ ഹരിത കവചമായിരുന്നു. കരയിൽ നിന്നും നദികളൊഴുക്കി കൊണ്ടുവരുന്ന ജൈവപദാർത്ഥങ്ങളെ വേരുകളാൽ തടഞ്ഞു നിർത്തി, അനേക ജീവിവർഗ്ഗങ്ങൾക്ക് അഭയമേകുന്ന കണ്ടൽക്കാടുകൾ, ശക്തമായ ഉപ്പുകാറ്റിനെയും കടൽക്ഷോഭത്തെയും പ്രതിരോധിക്കുന്നു. കടൽക്ഷോഭത്തെ പ്രതിരോധിക്കാൻ കരിങ്കൽ ഭിത്തികൾ നിർമ്മിക്കാൻ കോടികൾ മുടക്കുന്ന നാടാണ് നമ്മുടേത് . ഈ കടൽഭിത്തികൾ പരാജയമാണെന്ന് തെളിഞ്ഞതാണ്. ഓരുജലം കയറി നൂറുകണക്കിന് ഹെക്ടർ പാടശേഖരങ്ങൾ നമ്മുടെ നാട്ടിൽ കൃഷി യോഗ്യമല്ലാതായി തീർന്നിട്ടുണ്ട്. മത്സ്യസമ്പത്ത് നാൾക്കുനാൾ കുറഞ്ഞുവരികയാണെന്ന് പഠനങ്ങൾ പറയുന്നു. ഉൾനാടൻ മത്സ്യസമ്പത്ത് മാത്രമല്ല കടലിലെ മത്സ്യലഭ്യതയും ഭയാനകമാം വിധം കുറഞ്ഞുവരികയാണ്. യന്ത്രവൽകൃത മത്സ്യബന്ധനം -മലിനീകരണം എന്നിവ മാത്രമല്ല തീരത്തെ കണ്ടൽ വനങ്ങളുടെ നാശവും ഇതിനുള്ള കാരണമാണ്.

കേരളത്തിന്റെ ആകെ വാർഷിക വരുമാനത്തിന്റെ 3% മത്സ്യബന്ധനം വഴിയുള്ളതാണ്.11.114 ലക്ഷത്തിൽ പരമാണ് കേരളത്തിലെ മത്സ്യതൊഴിലാളികൾ, ഇതിൽ 8.558 ലക്ഷം പേർ കടൽ മത്സ്യബന്ധനവും 2.556 ലക്ഷം പേർ ഉൾനാടൻ മത്സ്യബന്ധനവും ഉപജീവനമാർഗ്ഗമാക്കിയവരാണ്. 675000 ടണ്ണാണ് പ്രതിവർഷം നമ്മുടെ നാട്ടിൽ മത്സ്യലഭ്യത.300 ഓളം വ്യത്യസ്ത ഇനം മത്സ്യങ്ങൾ കേരള തീരത്ത് ലഭ്യമാകുന്നുണ്ട്.

പുഴയോരത്തെയും കായലോരത്തെയും കണ്ടൽവനങ്ങളും ഈ മത്സ്യ വൈവിധ്യവും തമ്മിൽ നേരിട്ടുള്ള ബന്ധമാണുള്ളതെന്ന് ,നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കറിയാമായിരുന്നു. കൈപ്പാട് കൃഷിക്കായും മറ്റും മാറ്റപ്പെട്ടതല്ലാതെ കണ്ടൽ നിറഞ്ഞ ചതുപ്പുകൾ അടുത്തൊരു കാലം വരെ നികത്തപ്പെട്ടിരുന്നില്ല.1970 കളിൽ ശക്തിയാർജ്ജിച്ച ഗൾഫ് സ്വാധീനവും, പുത്തൻ പണക്കാരുടെ കടന്നുവരവും ഇവിടുത്തെ മറ്റെല്ലാ ആവാസവ്യവസ്ഥകളെയും പോലെ തണ്ണീർത്തടങ്ങളുടെയും നാശത്തിന്റെ വേഗതകൂ

**❝ പുഴയോരത്തെയും കായലോരത്തെയും കണ്ടൽവനങ്ങളും ഈ മത്സ്യവൈവിധ്യവും തമ്മിൽ നേരിട്ടുള്ള ബന്ധമാണുള്ളതെന്ന്, നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കറിയാമായിരുന്നു. കൈപ്പാട് കൃഷിക്കായും മറ്റും മാറ്റപ്പെട്ടതല്ലാതെ കണ്ടൽ നിറഞ്ഞ ചതുപ്പുകൾ അടുത്തൊരുകാലം വരെ നികത്തപ്പെട്ടിരുന്നില്ല. ❞**

ട്ടി.മണ്ണ ഖനനവും പാടം നികത്തലും യന്ത്രവൽകൃതമായതോടെ തണ്ണീർത്തടങ്ങൾ ഒന്നൊന്നായി അപ്രത്യക്ഷമായി .കോഴിക്കോട് ,കണ്ണൂർ, ജില്ലകളിലെ കണ്ടൽവനങ്ങൾ പിന്നെയും കുറച്ചുകാലം കൂടി പിടിച്ചു നിന്നുവെന്ന് പറയാം കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം പഞ്ചായത്തിലാണ് കേരളത്തിൽ ഏറ്റവും കൂടുതൽ കണ്ടൽക്കാടുകൾ അവശേഷിച്ചിട്ടുള്ളത്. ഏഴിമലയുടെ നിഴലിൽ, വിശാലമായികിടന്ന ചതുപ്പുഭൂമികളിൽ കണ്ടൽപൊന്തകൾ വളർന്നുനിന്നു. തദ്ദേശീയ ദളിതുജനവിഭാഗങ്ങൾ, ചെമ്മീൻ തപ്പിപ്പിടിച്ചും, കക്കവാരിയും കൈപ്പാടുകൃഷിനടത്തിയ കൈതയോലവെട്ടി പായമെടഞ്ഞും കണ്ടലുമായി ചേർന്ന് ജീവിതം പുലർത്തി വന്നു.തെക്കൻകേരളത്തിൽ നിന്നുമെത്തിയ കുടിയേറ്റക്കാരാണ് ആദ്യം ഈ പ്രദേശങ്ങളിൽ വ്യാവസായികമായി ചെമ്മീൻ പാടങ്ങൾ നിർമ്മിക്കുന്നത്. ഇതിനായി കണ്ടൽക്കാടുകൾ വ്യാപകമായി നശിപ്പിക്കപ്പെട്ടു.നാടൻ ചെമ്മീൻ ഇനങ്ങളെ മാത്രമല്ല ഉൾനാടൻ മത്സ്യവൈവിധ്യത്തെയും ഇത് ദോഷകരമായി ബാധിച്ചു. എല്ലാ നിയമങ്ങളെയും കാറ്റിൽ പറത്തി വൻകിടചെമ്മീൻ കർഷകർ കണ്ടൽക്കാടുകൾ കയ്യേറി നശിപ്പിച്ചു. തണ്ണീർത്തട വ്യവസ്ഥയോടിണങ്ങി ജീവിച്ച തദ്ദേശീയ ജനതയുടെ ചെറുത്തുനിൽപ്പിനെ പണവും കായികശേഷിയും കൊണ്ടു നേരിട്ടാണ് ചെമ്മീൻമാഫിയ അവരുടെ സാമ്രാജ്യം വിപുലപെടുത്തിയത്.

വികാരങ്ങൾക്കുപോലും വിപണിമൂല്യം ചികഞ്ഞ ആഗോളവൽക്കരണക്കാലത്ത് പാരിസ്ഥിതിക പ്രാധാന്യം എടുത്തു പറഞ്ഞുകൊണ്ടുമാത്രം ഒന്നിനെയും സംരക്ഷിക്കാനാവില്ല എന്ന സ്ഥിതി വന്നു. നശിപ്പിക്കാനുള്ള കാരണത്തെക്കാളും നശിപ്പിക്കപ്പെടാനുള്ള കാരണമാണ് ചെറുതും വലുതുമായ അധികാര കേന്ദ്രങ്ങൾ ആരാഞ്ഞു കൊണ്ടിരിക്കുന്നത്. കഴിഞ്ഞ 10 വർഷത്തിനിടെയാണ് വിനോദസഞ്ചാരവ്യവസായം കേരളത്തിൽ ശക്തിയാർജ്ജിക്കുന്നത്. ലോകമെങ്ങും ഉണ്ടായ പാരിസ്ഥിതിക അവബോധത്തെ വിപണിയുടെ വളമാക്കാനായി പരിസ്ഥിതി സൗഹൃദം തുടങ്ങിയ വാക്കുകൾ ഉദയം ചെയ്തു. കായലോരങ്ങളുടെയും തീരത്തിന്റെയും ജൈവസൗന്ദര്യം ഹൗസ്ബോട്ടുകളുടെ മൃതസൗന്ദര്യത്തിന് വഴിമാറിയതോടെ സഞ്ചാരികളും വിനോദ വ്യവസായികളും പുത്തൻമേച്ചിൽപ്പുറങ്ങൾ തേടി പശ്ചിമഘട്ടത്തിലെ അസ്പർശ്യമായ കന്യാവനങ്ങളിലും കണ്ടൽ നിറഞ്ഞതീരഭൂമിയിലും എത്തിചേർന്നു. വിനോദവ്യവസായത്തിന്റെ പുത്തൻ സാധ്യതകളിൽ മുഖ്യധാര ഇടതുപക്ഷം എന്നു വിശേഷിപ്പിക്കപെടുന്നവർ പോലും വളരെ പെട്ടന്നാണ് അകപ്പെട്ടത്. ഇതിന്റെ പ്രത്യക്ഷ ഉദാഹരണമായിരുന്നു പാപ്പിനിശ്ശേരിയിൽ വളപ്പട്ടണം പുഴയോരത്തെ കണ്ടൽപ്പാർക്ക്. പ്രതിഷേധങ്ങളെ കായികമായി പോലും നേരിട്ടുകൊണ്ടായിരുന്നു പാർക്കിന്റെ പ്രവർത്തനം. കണ്ടൽ ഗവേഷണത്തെ ജനകീയമാക്കാനാണ് പാർക്ക് തുടങ്ങിയതെന്നുവരെ നേതാക്കൾ തട്ടിവിട്ടു.ഒടുവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ സന്ദർഭോചിതമായ ഇടപെടൽ കൊണ്ടാണ് പാർക്ക് അടച്ചുപൂട്ടിയത്.

യുക്തിഭദ്രതയിൽ അടിയുറച്ച പ്രത്യയശാസ്ത്രങ്ങളെ പ്രമാണമാക്കിയവർക്കുപോലും സെമിറ്റിക്ക് മതകൽപ്പനയിൽ നിന്നും ഭിന്നമായി പ്രകൃതിയുടെ ഭാഗമായി മനുഷ്യനെ കാണാനാകുന്നില്ല എന്നതാണ് വസ്തുത.പരസ്പരാശ്രിതവും പരസ്പരബന്ധിതവുമായ പ്രകൃതിയുടെ വ്യവസ്ഥയ്ക്ക് പുറത്ത് മനുഷ്യനെ പ്രതിഷ്ഠിച്ചുകൊണ്ടുള്ള ചിന്താപദ്ധതികൾക്ക് ആവാസവ്യവസ്ഥകളുടെ സംരക്ഷണം യഥാർത്ഥമായ അർത്ഥത്തിൽ ഉൾകൊള്ളാനാകില്ല.അതുകൊണ്ടു തന്നെ കേരളത്തിലെ കണ്ടൽവനങ്ങളുടെ ഭാവി ആശാജനകമല്ല.

സമകാലികം



ഡോ.എ.ലത



# പുഴകൾ നിശ്ശബ്ദമാക്കപ്പെടുന്നതിന് മുൻപ്

**നമുക്ക്** പ്രകൃതിയുമായിട്ടുള്ള പൊക്കിൾക്കൊടി ബന്ധം നഷ്ടപ്പെട്ടു തുടങ്ങിയിരിക്കുന്നു: സ്വന്തം പ്രകൃതവും ചുറ്റുമുള്ള പ്രകൃതിയും തമ്മിൽ സന്തുലനം നിലനിർത്തുന്ന രീതിയിലുള്ള ഒരു ജീവിതശൈലിയിൽ നിന്നും നാം അകന്നു തുടങ്ങിയിരിക്കുന്നു. കേരളത്തിലും മറ്റിടങ്ങളിലും ഭൂമിക്കും വെള്ളത്തിനും വേണ്ടി നടന്നു വരുന്ന സമരങ്ങളും പോരാട്ടങ്ങളും അതുതന്നെയാണ് സൂചിപ്പിക്കുന്നത്. വർഷങ്ങൾക്കു മുമ്പ് കണ്ണൂർ ജില്ലയിൽ കുന്നിടിക്കലിനെതിരെ കുടുംബശ്രീ അംഗങ്ങൾ കുന്നിനു ചുറ്റും മനുഷ്യചങ്ങല തീർത്തുകൊണ്ട് മണ്ണുമാന്തി യന്ത്രത്തിനെ തടുത്തത് ഇന്നും പച്ചയായ ഓർമ്മയായി അവശേഷിക്കുന്നു. നർമ്മദ സമരത്തിൽ മണിബേരിയിലും ജലസിന്ധിയിലും ഈയടുത്ത് ഓംകാരേശ്വർ-മഹേശ്വർ അണക്കെട്ടുകൾക്കെതിരെയുള്ള ജലസത്യാഗ്രഹങ്ങളിലും സ്ത്രീകൾ രാപ്പകൽ കഴുത്തോളം വെള്ളത്തിൽ മുങ്ങി നിന്നത് നമുക്ക് മറക്കാനാവില്ല. അതിരപ്പിള്ളി അണക്കെട്ടിനെതിരെ നടന്ന സമരത്തിൽ സ്ത്രീകളും കുട്ടികളുമാണ് അനിശ്ചിതകാല സത്യാഗ്രഹത്തിനു നെടുംതൂണായി വർത്തിച്ചത്. അതിരപ്പിള്ളിയിൽ ഹോട്ടൽ നടത്തുന്ന അമ്മിണിചേച്ചിയും വാഴച്ചാൽ കാടർ ഊരിൽ താമസിക്കുന്ന ഗീതയും അവിടുത്തെ സ്ത്രീകളെയും പുരുഷന്മാരെയും പ്രത്യക്ഷസമരത്തിലേക്ക് കൊണ്ടുവരാൻ വേണ്ടി പ്രവർത്തിച്ചതിന്റെ ഫലമാണ് അവിടുത്തെ ആൾക്കാർ പദ്ധതിക്കെതിരെ ഇന്നും ശക്തമായ നിലപാടെടുത്തു കൊണ്ട് ഉറച്ചുനിൽക്കുന്നത്. പുഴയെന്ന ആവാസവ്യവസ്ഥയേക്കുറിച്ച് അമ്മിണിചേച്ചിക്കുള്ള അറിവ്, വൈദ്യുതി ബോർഡിലെ എഞ്ചിനീയർമാരേയും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരേയും ഒരുപോലെ അതിശയിപ്പിച്ചിട്ടുണ്ട്. അതിരപ്പിള്ളി-വാഴച്ചാൽ സന്ദർശിക്കാൻ എത്തുന്ന ഒരുപാട് ടൂറിസ്റ്റുകൾക്ക് അണക്കെട്ട് എന്തുകൊണ്ട് പണിയാൻ പാടില്ല, അതെങ്ങിനെയാണ് വെള്ളച്ചാട്ടത്തിനേയും പുഴയേയും മത്സ്യസമ്പത്തിനേയും എന്തിന് ആനയെ വരെ ബാധിക്കുക എന്ന ഉള്ളറിവ് അമ്മിണി ചേച്ചി പകർന്നുകൊടുത്തിട്ടുണ്ട്. നേരിട്ടു കാണുമ്പോഴൊക്കെ നാവിൽ വരുന്ന ആദ്യത്തെ ചോദ്യം. "ഡാമിന്റെ പണി ഇനിയൊരിക്കലും വരില്ലല്ലോ അല്ലേ?" എന്നാണ്. കൂടംകുളംആണവനിലയത്തിനെതിരെയുള്ള സമരത്തിൽ എല്ലാം വിട്ടെറിഞ്ഞ് കടലിനേയും മത്സ്യസമ്പത്തിനേയും രക്ഷിക്കാൻ വേണ്ടി ആയിരകണക്കിന് സ്ത്രീകളാണ് മുൻനിരയിലുള്ളത്.

ഇതു കേരളത്തിന്റെ മാത്രം അവസ്ഥയല്ല. ഒരു പക്ഷേ കേരളത്തിലാണ് പ്രകൃതിസംരക്ഷണത്തിൽ സ്ത്രീകളുടെ നേരിട്ടുള്ള പ്രാതിനിധ്യം ഏറ്റവും കുറവ് എന്ന് തന്നെ കരുതാം. ഇന്ത്യയിൽ മറ്റിടങ്ങ

**പരാഗുവേയിൽ അണക്കെട്ടുകൾക്കെതിരെ സമരം നടത്തുന്ന ഡോറാ ഗൗട്ടോ റിയോസ് പറയുന്നു; 'ഇന്ന് നമ്മുടെ പുഴ നിശ്ശബ്ദമാണ്. പുഴയ്ക്ക് ഞങ്ങളോട് എന്താണ് പറയുവാനുള്ള എന്ന് എനിക്കറിയാം. 17 വർഷത്തിനുള്ളിൽ മൂന്നു അണക്കെട്ടുകളാണ് ഞങ്ങളുടെ പരാഗനദിയിൽ പണിതിട്ടുള്ളത്. പുഴ നശിച്ചു കഴിഞ്ഞു. നമ്മുടെ കുഞ്ഞുങ്ങൾക്ക് ആസ്വദിക്കാൻ ഇനി പുഴയില്ല.**

ളിലും ലോകത്തെമ്പാടും എല്ലാം വിട്ടെറിഞ്ഞ് സമരമുഖത്ത് ഇറങ്ങുന്ന അമ്മമാരേയും മുത്തശ്ശിമാരേയും പെൺകുട്ടികളേയും നമുക്ക് കാണാം. കാരണം അവർക്ക് അവരുടെ പുഴയും വയലും കാടും മറ്റും കൺമുമ്പിൽ നശിപ്പിക്കപ്പെടുന്നത് കണ്ടു നിൽക്കാൻ വയ്യ. അതു കണ്ടിട്ടും കണ്ടില്ല എന്ന് നടിച്ച് സ്വന്തം ലോകത്ത് മാത്രം മുഴുകിയിരിക്കാൻ വയ്യ. അത്ര തന്നെ.

പരാഗുവേയിൽ അണക്കെട്ടുകൾക്കെതിരെ സമരം നടത്തുന്ന ഡോറാ ഗൗട്ടോ റിയോസ് പറയുന്നു; 'ഇന്ന് നമ്മുടെ പുഴ നിശ്ശബ്ദമാണ്. പുഴയ്ക്ക് ഞങ്ങളോട് എന്താണ് പറയുവാനുള്ളത് എന്ന് എനിക്കറിയാം. 17 വർഷത്തിനുള്ളിൽ മൂന്നു അണക്കെട്ടുകളാണ് ഞങ്ങളുടെ പരാനനദിയിൽ പണിതിട്ടുള്ളത്. പുഴ നശിച്ചു കഴിഞ്ഞു. നമ്മുടെ കുഞ്ഞുങ്ങൾക്ക് ആസ്വദിക്കാൻ ഇനി പുഴയില്ല.

ഗ്രാമീണ സ്ത്രീകളുടെ നിത്യ ജീവിതം അവരുടെ പുഴകളുമായി ബന്ധപ്പെട്ടു കിടക്കുന്നു. പുഴ വഴിയാണ് അവർ കുടുംബവും ഗ്രാമവുമായിട്ടുള്ള ബന്ധം നിർവചിക്കുന്നത്. അണക്കെട്ടുകൾ പണിയുമ്പോൾ ഭൂമി-മണ്ണ്-കാട്-പുഴതീരം എന്നിവയുമായിട്ടുള്ള അഭേദ്യമായതും ജൈവപരവുമായ ബന്ധം പുഴക്ക് എന്നെന്നേക്കും നഷ്ടപ്പെടുന്നു. പൊക്കിൾക്കൊടി ബന്ധം അറ്റുപോകുന്നതു പോലെ. അതുകൊണ്ടു തന്നെ പുഴയെ സംരക്ഷിക്കേണ്ട ചുമതല തന്റേതാണെന്ന് അവർ കരുതുന്നു.

"എന്റെ മുത്തശ്ശി എന്നെ പുഴത്തീരത്ത് കൊണ്ടുപോകുമായിരുന്നു. ഭൂമിയുടെ സംഗീതം ശ്രവിക്കാൻ. പുഴ പാടുന്ന പാട്ടു കേൾപ്പിക്കാൻ. പ്രകൃതിയുടെ ഓരോ ശബ്ദവും അതിന്റെ അന്തസ്സത്തയാണ് വിളിച്ചോതുന്നത്. നാം അതു സംരക്ഷിക്കാൻ ബാധ്യസ്ഥരാണ്.' ലാറ്റിൻഅമേരിക്കയിലെ പാറ്റഗോണിയ (patagonia) നദിയുടെ സംരക്ഷണത്തിൽ മുൻപന്തിയിൽ നിൽക്കുന്ന 'മാപൂച്ച'



ഗോത്രവർഗ്ഗത്തിൽപെട്ട മോയിറ മിലാൻ (Moira Millan) പുഴയുമായിട്ടുള്ള തന്റെ ബന്ധം ഇത്തരത്തിലാണ് കാണുന്നത്. ഒരുപാട് തവണ പോലീസിന്റെ മർദ്ദനമേറ്റിട്ടും തന്റെ സമൂഹത്തിലെ സ്ത്രീകളെ മാനഹാനിക്കു വിധേയരാക്കുന്നത് കാണേണ്ടി വന്നിട്ടും മോയിറ തളർന്നില്ല.

'ഞങ്ങളുടെ പുഴയാണ് ഞങ്ങളുടെ പേര്. അതുകൊണ്ട് പുഴക്കെന്തെങ്കിലും സംഭവിച്ചാൽ അതിനുവേണ്ടി മരിക്കാൻ ഞങ്ങൾ തയ്യാറാണ്. കാലിഫോർണിയായിലെ വിണേമാൻ വിന്റു (Winneman Wintu) ഗോത്രവർഗക്കാരുടെ പേര് അവരുടെ പുഴയുടെ പേരുതന്നെയാണ്. 1965ൽ പണിത മക്ക് ക്ലൗഡ് (Macc cloud) അണക്കെട്ടും അതിനു മുമ്പ് രണ്ടാംലോകമഹായുദ്ധകാലത്ത് പണിത ഷാസ്ത അണക്കെട്ടും കാരണം പുഴയുടെ നീരൊഴുക്ക് 6000 cuft/sec ൽനിന്നും വെറും 200 cuft/sec ആയി കുറഞ്ഞു. അവർക്ക് ഏറ്റവും പ്രിയപ്പെട്ട സാൽമൺ മത്സ്യവും അവരുടെ എല്ലാമായ പുഴയുമാണ് അവർക്ക് നഷ്ടമായത്.

ലോകത്തെവിടെയും സ്ത്രീകൾ പുഴയുടെ സംരക്ഷണത്തിനായി സമരമുഖത്തേക്ക് ഇറങ്ങിത്തിരിച്ചിരിക്കുന്നതിന്റെ പിന്നിൽ ഇത്തരം വിശ്വാസങ്ങളാണ് പ്രധാനഅത്താണി. പുഴയിലും പുഴയുടെ ഒഴുക്കിലുമുള്ള അചഞ്ചലമായ വിശ്വാസം. എന്നാൽ ഇത്തരത്തിൽ എല്ലാം വിട്ടെറിഞ്ഞ് ഇറങ്ങിത്തിരിക്കുക എളുപ്പമാണെന്ന് കരുതുന്നവർക്ക് തെറ്റി. കൃഷിയും കന്നുകാലികളും കുട്ടികളും ഭർത്താവും വീടും എല്ലാംകൂടി ജീവിതം നിറഞ്ഞു നിൽക്കുന്നവരായിരുന്നു അവരും. ഇന്നലെവരെ

അമ്മയായിട്ടും അമ്മായിമ്മയായിട്ടും അമ്മൂമ്മയായിട്ടും തങ്ങളുടെ ഇടയിൽ ഒതുങ്ങി ജീവിച്ചവരാണ് മിക്കവരും. പുഴ വിളിക്കുമ്പോൾ കാടും കടലും ആവശ്യപ്പെടുമ്പോൾ അവർക്ക് പോകാതെ വയ്യ. പലർക്കും കുടുംബങ്ങളിൽ കടുത്ത എതിർപ്പ് നേരിടേണ്ടി വരുന്നു. പലരുടേയും വ്യക്തിജീവിതം തകർന്നുപോയിട്ടുണ്ട്. വീട്ടിൽ നിന്നുപുറത്താക്കപ്പെട്ടിട്ടുണ്ട്. ബ്രസീലിലെ Movement against Barrages നയിക്കുന്ന സോണിയ മാരാ (Soniamara) പറയുന്നു, 'സമരങ്ങളിൽ പങ്കാളികളാകുന്ന സ്ത്രീകളുടെ ഭർത്താക്കന്മാരുടെ പ്രതീക്ഷ ഭാര്യമാർ കുടുംബത്തിന്റെ ഉത്തരവാദിത്വം മാത്രമെടുത്താൽ മതി എന്നാണ്. എന്നാൽ സ്ത്രീകളാണ് ജീവന്റെ വിത്തു സൂക്ഷിപ്പുകാർ. അവർ ഏറ്റവും കൂടുതൽ ജോലിചെയ്യുന്നു- ഏറ്റവും കൂടുതൽ പട്ടിണികിടക്കുന്നു-സ്ത്രീകളെപ്പോലെ സഹനശക്തിയോ വിശ്വാസമോ പുരുഷന്മാർക്കുണ്ടാവില്ല.' അതുകൊണ്ട് സ്ത്രീകളുടെ പങ്ക് പകരംവെക്കാൻ പറ്റാത്തതാണ്. ഏതു പ്രതിസന്ധിയിലും തളരാതെ അവരെ പിടിച്ചുനിർത്തുന്നത് പ്രകൃതിയിലുള്ള അവരുടെ വിശ്വാസമാണ്. വർഷങ്ങൾക്കു മുമ്പ് അതിരപ്പിള്ളിസമരം തുടങ്ങിയ കാലഘട്ടത്തിൽ പൊകലപ്പാറ കാടർ ആദിവാസി ഊരിലെ ലക്ഷ്മിപാട്ടി (ഇന്നവർ ജീവിച്ചിരിപ്പില്ല) പറഞ്ഞത് ഇന്നും ഞാനോർക്കുന്നു. "ഈ കാടും പുഴ്യും ഇവിടെയുള്ളിടത്തോളം കാലം അണക്കെട്ട് ഇവിടെകെട്ടാൻ നിങ്ങൾക്കു കഴിയില്ല." പുഴയൊഴുകിയില്ലെങ്കിൽ, പുഴ ആത്മാക്കൾക്ക് (River spirit) ശാന്തിയില്ലെങ്കിൽ നാടുമുടിഞ്ഞു പോകുമെന്നാണ് തീസ്റ്റാ നദിയെ ആശ്രയിച്ചു ജീവിക്കുന്ന ലേപ്ച്ചാ-ലാപേച്ചാ (Lepcha-Lapecha) എന്ന ഗോത്രവർഗ്ഗത്തിൽപെട്ടവർ വിശ്വസിക്കുന്നത്. അതുകൊണ്ടു തന്നെ അവരുടെ നദിയിൽ ഇരുപത്തൊമ്പത് അണക്കെട്ടുകൾ പണിയാൻ സിക്കിം സർക്കാർ തീരുമാനിച്ചപ്പോൾ കൃഷിചെയ്തു ജീവിക്കുന്ന ഇതുവരെ തങ്ങളുടെ മലഞ്ചെരുവുകളിൽ നിന്നുമാത്രം പുറംലോകം കണ്ടിരുന്ന സ്ത്രീകളും കുട്ടികളും ഗ്രാമം വിട്ടിറങ്ങി തലസ്ഥാനമായ ഗാംഗ്ടോക് വരെ യാത്രചെയ്യാൻ തയ്യാറായി. സർക്കാരിനോട് ചിലതു ചോദിക്കാൻ- തങ്ങളുടെ നദീതീരങ്ങളെ രക്ഷിക്കാൻ.

അണക്കെട്ടുകൾ പുഴകളിൽ നിറയുമ്പോൾ ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നത് സ്ത്രീകളും കുട്ടികളുമാണ്. നിങ്ങൾ അണക്കെട്ടിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെടേണ്ടിവരും. അതിനു പകരം നിങ്ങൾക്കു ലഭിക്കുന്ന സൗകര്യങ്ങൾ നോക്കൂ. അണക്കെട്ടുപണിയാൻ തുടങ്ങുമ്പോൾ പ്രലോഭനങ്ങൾ നിരവധിയാണ്; വൈദ്യുതി ലഭിക്കും നിങ്ങളുടെ കുട്ടികൾക്കും ഭർത്താവിനും ജോലി ലഭിക്കും ശുദ്ധജലം നിങ്ങളുടെ ടാപ്പിൽ ലഭ്യമാകും കുട്ടികൾക്കു പഠിക്കാൻ പുതിയ വിദ്യാലയങ്ങൾ, ആരോഗ്യകേന്ദ്രങ്ങൾ തുറക്കും, പുത്തൻ റോഡുകൾ പണിയുമെന്നിങ്ങനെ.

ഒരുപാട് ഇടങ്ങളിൽ അണക്കെട്ടുകൾക്കു വേണ്ടി- വികസനത്തിന്റെ പേരിൽ-ഗ്രാമവാസികളും ഗോത്രവർഗ്ഗക്കാരും കുടിയിറങ്ങേണ്ടിവന്നു. കണക്കുകൾ സൂചിപ്പിക്കുന്നത് നാളിതുവരെ 40-80 ദശലക്ഷം ആൾക്കാർ അണക്കെട്ടുകൾക്കു വേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടിട്ടുണ്ട് എന്നാണ്. സ്വന്തം ഇടങ്ങളിൽ നിന്നും പിഴുതെറിയപ്പെടുന്ന കുടിയൊഴിപ്പിക്കൽ എന്ന പ്രക്രിയ വളരെ വേദനാജനകമായ ഒന്നാണ്. നർമ്മദാസമരം തന്നെ അതിനുള്ള ഏറ്റവും പ്രത്യക്ഷ ഉദാഹരണം. 30 വർഷത്തെ നീണ്ട സമരമുറകൾക്കും ആയിരക്കണക്കിന് കോടതി കേസുകൾക്കും ഒടുവിൽ ഇന്നും സർദാർ സരോവർ-മഹേശ്വർ-ഓംകാരേഷ്യർ അണക്കെട്ടുകളുമായി ബന്ധപ്പെട്ട് കുടിയിറക്കു പ്രശ്നങ്ങൾ നിലനിൽക്കുന്നു. നീറുന്ന വേദനയായി-വേദനിപ്പിക്കുന്ന യാഥാർത്ഥ്യമായി.

റീഹാബിലിറ്റേഷൻ എന്നപേരിൽ പുതിയ സ്ഥലങ്ങളിലേക്ക് പറിച്ചു മാറ്റപ്പെടുമ്പോൾ അവിടെയും സ്ത്രീകൾ തന്നെയാണ് ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നത്. വാഗ്ദാനങ്ങളെല്ലാം കാറ്റിൽ പറത്തിക്കൊണ്ട് അണക്കെട്ട് പണിയുന്ന കമ്പനിയും സർക്കാരും അവരെ കയ്യൊഴിയുന്നു. ഊഷരമായ ഭൂമിയിൽ മല്ലിട്ട് കൃഷി ചെയ്യാൻ ശ്രമിക്കുക, ദൂരങ്ങൾ താണ്ടി വെള്ളവും വിറകും വീട്ടിലെത്തിക്കുക, പുതിയ രോഗങ്ങൾ നേരിടുക, കുട്ടികളുടെ പഠിത്തം മുടങ്ങുക, കന്നുകാലികൾക്ക് തീറ്റയും വെള്ളവും ലഭിക്കാതിരിക്കുക, മലിനജലം കുടിച്ചു

**"അണക്കെട്ടുകൾ പുഴകളിൽ നിറയുമ്പോൾ ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നത് സ്ത്രീകളും കുട്ടികളുമാണ്. നിങ്ങൾ അണക്കെട്ടിനു വേണ്ടി കുടിയൊഴിപ്പിക്കപ്പെടേണ്ടിവരും. അതിനു പകരം നിങ്ങൾക്കു ലഭിക്കുന്ന സൗകര്യങ്ങൾ നോക്കൂ. അണക്കെട്ടുപണിയാൻ തുടങ്ങുമ്പോൾ പ്രലോഭനങ്ങൾ നിരവധിയാണ്; വൈദ്യുതി ലഭിക്കും നിങ്ങളുടെ കുട്ടികൾക്കും ഭർത്താവിനും ജോലി ലഭിക്കും ശുദ്ധജലം നിങ്ങളുടെ ടാപ്പിൽ ലഭ്യമാകും കുട്ടികൾക്കു പഠിക്കാൻ പുതിയ വിദ്യാലയങ്ങൾ, ആരോഗ്യകേന്ദ്രങ്ങൾ തുറക്കും, പുത്തൻ റോഡുകൾ പണിയുമെന്നിങ്ങനെ."**

കൊണ്ട് തൃപ്തിയടയുക. ഇങ്ങനെദുരിതങ്ങളുടെ നീണ്ടപട്ടികയായി പിന്നെ ജീവിതം മാറുന്നു. നൈൽ നദിയിൽ പണിത ബുജാഖലി അണക്കെട്ടിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട ക്രിസ്റ്റീനക്ക് പറയാൻ ദുരിതങ്ങൾ ഒരുപാടുണ്ട്. "പുഴത്തീരത്ത് താമസിച്ചിരുന്ന കാലത്ത് മത്സ്യബന്ധനമായിരുന്നു ഞങ്ങളുടെ പ്രധാനഉപജീവനമാർഗ്ഗം. എന്നും കുടുംബത്തിനാവശ്യമായ മത്സ്യം പുഴ ഞങ്ങൾക്ക് തരുമായിരുന്നു. എന്നാൽ അണക്കെട്ടിനു വേണ്ടി പുതിയ സ്ഥലത്തേക്ക് താമസം മാറ്റിയപ്പോൾ സ്ഥിതി മാറി. ഇന്ന് എന്റെ കുടുംബത്തിന്റെ മുഖ്യ പ്രോട്ടീൻ സ്രോതസ്സ് ഞങ്ങൾക്ക് എന്നന്നേക്കും നഷ്ടമായി. മത്സ്യം വിലകൊടുത്ത് വാങ്ങിക്കേണ്ടിവരുന്നു. മാത്രമല്ല മത്സ്യം വിറ്റുകിട്ടിയിരുന്ന വരുമാനമാർഗ്ഗവും അടഞ്ഞു. ഞാൻ ഇന്ന് താമസിക്കുന്നയിടത്ത് അടുത്തൊന്നും ഒരുകടപോലും ഇല്ല. അടുത്തുള്ള മാർക്കറ്റിലേക്ക് ഒന്നരമണിക്കൂറെങ്കിലും നടക്കണം. റീസെറ്റിൽമെന്റ് സൈറ്റിൽ നിന്നും പൊതുവാഹനസർവ്വീസ് പോലുമില്ല." ഇതിവിടുത്തെമാത്രം അവസ്ഥയല്ല. എവിടെയൊക്കെ അണക്കെട്ടുകൾക്കുവേണ്ടി ജനങ്ങളെ മാറ്റിപാർപ്പിച്ചിട്ടുണ്ടോ അവിടങ്ങളിലെല്ലാം തന്നെ സ്ത്രീകൾ സമരമുഖത്താണ്. അന്തസ്സോടെ ജീവിക്കാനുള്ള അവകാശങ്ങൾ സംരക്ഷിക്കാൻ ശുദ്ധമായ വെള്ളവും, കയറിക്കിടക്കാൻ നല്ലൊരു വീടുങ്കിലും നേടിയെടുക്കാൻ. ജീവിത സമരങ്ങൾ നീളുകയാണ്. സ്ത്രീകളുടെ ക്ഷമക്കും സഹനശക്തിക്കും അതിരുകളില്ല എന്ന സങ്കല്പം വെച്ചുപുലർത്തുന്ന പൊതു സമൂഹത്തിന്റെ മുന്നിൽ പല ചോദ്യങ്ങളും ഉയർത്തിക്കൊണ്ടാണ് ലോകമെമ്പാടും ഇത്തരം സമരങ്ങൾ മുന്നോട്ട്പോയിക്കൊണ്ടിരിക്കുന്നത്.


*ചോദ്യം 1 : ജീവനുള്ള പുഴയ്ക്ക് മാത്രമേ മനുഷ്യന്റേയും സകലജീവജാലങ്ങളുടേയും അസ്തിത്വം ഉറപ്പുവരുത്താൻ സാധിക്കുകയുള്ളൂ എന്ന മഹത്തായ യാഥാർത്ഥ്യം ഈ സ്ത്രീകൾക്കും മനസ്സിലായെങ്കിൽ എന്തുകൊണ്ട് പൊതുസമൂഹവും സർക്കാരും അതിനെ കണ്ടില്ലെന്ന് നടിക്കുന്നു.*

*ചോദ്യം 2 : ആരുടെയൊക്കെയോ വികസനസങ്കല്പങ്ങൾ സാക്ഷാത്കരിക്കാൻ വേണ്ടി ദുരിതങ്ങൾ അനുഭവിക്കേണ്ടി വരുന്ന ജീവിതങ്ങൾ പെരുകി വരുന്ന ഈ കാലഘട്ടത്തിൽ വികസനത്തിന്റെ പേരിൽ അവർക്ക് എന്നന്നേക്കുമായി നഷ്ടപ്പെടുന്ന അവരുടെ വെള്ളത്തിനും പുഴക്കും കൃഷിയിടങ്ങൾക്കും സ്വസ്ഥതക്കും സാമൂഹിക സുരക്ഷക്കും സർക്കാരിനു വിലയിടാനാകുമോ?*

*ചോദ്യം 3 : ഒഴുക്കുനിലക്കാത്ത ജീവനുള്ള ഒരു പുഴയെങ്കിലും വരും തലമുറകൾക്കു വേണ്ടി ബാക്കിവെക്കുക! ഈയൊരു ലക്ഷ്യത്തോടു കൂടിയാണ് ഇവർ സഹനസമരത്തിലേർപ്പെട്ടിരിക്കുന്നത്. അതിനെ തിരിച്ചറിഞ്ഞുകൊണ്ട് നിലനിൽക്കുന്ന പുഴകളെയെങ്കിലും സംരക്ഷിക്കാനും അണക്കെട്ടുകൾ പോലുള്ള വിനാശകരമായ പദ്ധതികൾ വേണ്ടെന്നുവെക്കാനുമുള്ള വിവേകത്തിലൂന്നിയ തീരുമാനങ്ങളല്ലേ സർക്കാരുകൾ കൈക്കൊള്ളേണ്ടത്.*

ആദ്യത്തെ വാചകത്തിലേക്ക് തന്നെ തിരിച്ചെത്തട്ടെ. നമുക്ക് പ്രകൃതിയുമായുള്ള ബന്ധം നഷ്ടപ്പെട്ടു തുടങ്ങിയതുകൊണ്ടുതന്നെയാണ് ഇത്തരം സമരങ്ങൾ ഏറിവരുന്നത്. എല്ലാം വിട്ടെറിഞ്ഞ് സ്ത്രീകൾക്ക് കാടും പുഴയും തണ്ണീർത്തടവും സംരക്ഷിക്കാൻ ഇറങ്ങേണ്ടിവരുന്നതും അതുകൊണ്ടുതന്നെയാണ്. സ്ത്രീകൾ നയിക്കുന്ന സമരങ്ങൾ ഇനിയും പൊതുസമൂഹം കണ്ടില്ല-കേട്ടില്ല എന്നു നടിക്കുകയാണെങ്കിൽ, അതിന്റെ അന്തസ്സത്ത ഉൾക്കൊണ്ടില്ലെങ്കിൽ നിശ്ശബ്ദമായ താഴ്‌വാരങ്ങളും നിശ്ശബ്ദമാക്കപ്പെട്ട പുഴകളും നമ്മെ കാത്തിരിക്കുന്നു.

(2010 സെപ്റ്റംബറിൽ മെക്സിക്കോയിൽവെച്ച് അന്താരാഷ്ട്ര പുഴസൗഹൃദ കൂട്ടായ്മയുടെ (International Rivers) ആഭിമുഖ്യത്തിൽ നടന്ന റിവേഴ്സ് ഫോർ ലൈഫിൽ പങ്കെടുത്ത സ്ത്രീ പ്രതിനിധികളുമായിട്ടുള്ള സംവാദമാണ് അവലംബം)




**"ഭോപ്പാൽ ദുരന്തം പോലെ ഏറെ ശപിക്കപ്പെട്ട വ്യാവസായിക ദുരന്തങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ ആണവോർജ്ജം അപകടകരമായ ഒരു പ്രവണതയാണ്. കൂടംകുളം ആണവനിലയത്തിനെതിരെ ധീരതയോടെ പോരാടുന്ന ജനകീയ പ്രസ്ഥാനത്തിന് എന്റെ പൂർണ്ണ പിന്തുണ."**

**-നോം ചോംസ്കി**




വായനാനുഭവം



ഡോ.പി.കെ.ഭാഗ്യലക്ഷ്മി

# ജൈവനീതി ജീവാവകാശം

**റെയ്ച്ചൽ കാഴ്സന്റെ 'നിശ്ശബ്ദവസന്തം' 50-ാം വാർഷികം മുൻനിർത്തി ഒരു വിചിന്തനം**

**"1963 വസന്തകാലത്ത് 'റേയ്ച്ചൽ കാഴ്സൺ' എഴുതിയ ആ ഗ്രന്ഥത്തിലെ എല്ലാവരികളും ഇന്നും അന്നത്തേതുപോലെ തന്നെ പ്രസക്തമായി നിലകൊള്ളാൻ കാരണം, ആത്യന്തികമായി മനുഷ്യന്റെ ഉപഭോഗസംസ്ക്കാരത്തിൽ ഒട്ടും മാറ്റം വന്നിട്ടില്ല എന്നതു തന്നെ."**

2012 സെപ്തംബർ 27 'നിശ്ശബ്ദവസന്ത'ത്തിന്റെ (silent spring) 50-ാംവാർഷികം ആചരിക്കുകയാണ്. 1963 വസന്തകാലത്ത് 'റേയ്ച്ചൽ കാഴ്സൺ' എഴുതിയ ആ ഗ്രന്ഥത്തിലെ എല്ലാവരികളും ഇന്നും അന്നത്തേതുപോലെ തന്നെ പ്രസക്തമായി നിലകൊള്ളാൻ കാരണം, ആത്യന്തികമായി മനുഷ്യന്റെ ഉപഭോഗസംസ്ക്കാരത്തിൽ ഒട്ടും മാറ്റം വന്നിട്ടില്ല എന്നതു തന്നെ. ആലംബമില്ലാത്ത ജനതയുടെ പ്രത്യേകിച്ച് സ്ത്രീജനങ്ങളുടെ പോരാട്ടങ്ങൾ ഭൂമുഖത്ത് എന്നും തുടർന്നുകൊണ്ടേയിരുന്നു. കൂടംകുളത്തെ ആണവവിരുദ്ധ പോരാട്ടങ്ങളുടെ നടുവിൽ നിന്നുകൊണ്ട് പോരാടുന്ന അമ്മമാരുടേയും പിഞ്ചുകുഞ്ഞുങ്ങളുടേയും പശ്ചാത്തലത്തിൽ നിന്നുകൊണ്ട് റേയ്ച്ചലിന്റെ ജീവിതത്തെ 'നിശ്ശബ്ദവസന്തത്തിലൂടെ' നോക്കിക്കാണുമ്പോൾ ഉടയാതെ നിൽക്കുന്ന പോരാട്ടങ്ങളുടെ കണ്ണാടിക്കാഴ്ചകൾ തന്ന് അത് എങ്ങനെനിലനിൽക്കുന്നു എന്നറിയാൻ കഴിയും.

ഡി.ഡി.റ്റി എന്ന മാരകകീടനാശിനിയിലൂടെ റോബിൻ പക്ഷികൾ തീർത്തും ഇല്ലാതാവുന്നതും വസന്തം മൂകമാവുന്നതും പ്രപഞ്ചത്തിലെ ഓരോ കണ്ണികളും എങ്ങനെപരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നും അതിലെ ഓരോ സൂക്ഷ്മകണികകളുടേയും നാശം മൊത്തം ഭൂമിയുടെ നാശത്തിന് എങ്ങനെവഴി തെളിയിക്കുന്നു എന്നും തന്റെ ഹൃദയസ്പൃക്കായ ഭാഷയിലൂടെ റെയ്ച്ചൽ തുറന്നുകാട്ടുകയാണ് ആ കൃതിയിലൂടെ. ഭരണകൂടത്തിന്റെ ഉരുക്കുമുഷ്ടികളിലൂടെ ഒതുക്കിയമർത്താൻ എത്രതന്നെ ശ്രമിച്ചിട്ടും റെയ്ച്ചൽ തന്റെ പ്രവർത്തനങ്ങളിലൂടെ ശക്തമായി മുന്നോട്ട് പോകുകയായിരുന്നു. തന്റെ ജോലി രാജിവെച്ച് കുടുംബത്തിലെ പ്രതിസന്ധികളെ തരണം ചെയ്ത് ഭരണകൂടത്തിൽ നിന്നും വിപണനമേഖലകളുടെ സങ്കീർണ്ണ തന്ത്രങ്ങളുടെ ചങ്ങലക്കെട്ടുകളിൽ നിന്നുമൊക്കെയുള്ള ആരോപണങ്ങളും, അടിച്ചമർത്തലുകളുമെല്ലാം നേരിട്ട് തന്റെ ജീവിതം തന്നെ തിന്മക്കെതിരെയുള്ള പോരാട്ടങ്ങൾക്കായി സമർപ്പിച്ച് അവസാനം അർബ്ബുദം ബാധിച്ച് മരിക്കുമ്പോൾ അവർ ഇങ്ങനെപറഞ്ഞു. 'എന്നെ നേരിട്ടറിയാവുന്ന എത്രയോ പേരുടെ മനസ്സിൽ ഞാൻ ജീവിക്കും എന്നു ചിന്തിക്കാൻ സുഖമുണ്ട്.

ഇന്ന്, കാസർകോട് 'എൻഡോസൾഫാൻ' എന്ന മാരകകീടനാശിനിയിലൂടെ ഇത്ര വർഷങ്ങൾക്കു ശേഷവും കീടനാശിനി ദുരന്തങ്ങൾ ആവർത്തിക്കപ്പെടുമ്പോൾ, വൈകല്യമനുഭവിക്കുന്ന മുതിർന്ന പെൺകുട്ടികളെ തുണയില്ലാതെ വീടുകളിലാക്കി സമരപ്പന്തലുകളിൽ തീ പുകയുന്ന മനസ്സോടെ, വെന്തെരിഞ്ഞിരിക്കുമ്പോൾ, ജീവിക്കാനുള്ള അവകാശത്തിനുവേണ്ടി, പ്രകൃതി നൽകുന്ന ശുദ്ധമായ ഭക്ഷണത്തിനുവേണ്ടി, കുടിക്കാനുള്ള ശുദ്ധജലത്തിനുവേണ്ടി, ശ്വസിക്കാനുള്ള പ്രാണവായുവിനു വേണ്ടി, കാലുറപ്പിക്കാനുള്ള മണ്ണിനുവേണ്ടി ഒന്നുമില്ലാത്തവന്റെ പോരാട്ടങ്ങൾ, ഒടുങ്ങാത്ത നിലവിളികളായിത്തുടരുന്നു. 'നിശ്ശബ്ദവസന്തങ്ങൾ' ഇവിടെ ഉണ്ടാക്കുന്നവർക്ക് പിടഞ്ഞമരുന്ന നിലവിളികളോ, വരും തലമുറകളുടെ 'അഷ്ട്രാവക്രജന്മ'ങ്ങളോ ഒന്നും ബാധകമല്ലതന്നെ.

റെയ്ച്ചൽ എഴുതും പോലെ 'കീടനാശിനികൾ കാരണമുണ്ടാകുന്ന വന്ധ്യതയും പ്രജനനത്തകർച്ചയും, പക്ഷികളെ മാത്രമല്ല മൊത്തം ജീവികളേയും മനുഷ്യനെയും ബാധിക്കുന്നു.' എന്നത് ഇപ്പോൾത്തന്നെകണ്ടുതുടങ്ങുന്നു എന്നതിനുദാഹരണമാണ്. 'ഇൻഫെർട്ടിലിറ്റി ക്ലിനിക്കിനുമുകളിൽ കാണപ്പെടുന്ന നീണ്ടക്യൂ'. വന്ധ്യമായിക്കൊണ്ടിരിക്കുന്ന രോഗാതുരമായ ഒരു തലമുറയെ സൃഷ്ടിച്ചെടുക്കുന്ന 'മരണക്കമ്പോളങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ് ആഗോള വിപണനതന്ത്രങ്ങളിലൂടെ ഗ്രാമമൂലകൾ പോലും. എല്ലാ ചങ്ങലക്കെട്ടുകളും കൈകാലുകളിലും മനസ്സിലുമായി ബന്ധിക്കപ്പെട്ട് വേട്ടയാടിക്കൊണ്ടുപോകുന്ന അടിമപ്പെട്ടികളടങ്ങുന്ന വലിയ കപ്പലുകൾക്കുള്ളിലൂടെ ഒഴുകപ്പോകുമ്പോളവനറിയുന്നില്ല മുന്നിലെ പഴത്തൊലിക്കു പിന്നാലെ നടന്നുപോകുന്ന അറവുശാലകളിലേക്കുള്ള ആട്ടിൻപറ്റങ്ങളായിത്തീരുകയാണ് തങ്ങളെന്ന്. ആ ചങ്ങലക്കെട്ടുകളും മുള്ളുവേലികളുമെല്ലാം പൊട്ടിച്ചെറിഞ്ഞ് തങ്ങളുടെ സ്വത്വം തിരിച്ചറിഞ്ഞ് മൂല്യവത്തായി ജീവിക്കുക എന്നത് ഓരോ സ്വതന്ത്രപൗരന്റേയും അവകാശം തന്നെ. അതിൽ നിന്ന് സ്ത്രീകൾ ഒരിക്കലും വേറിട്ടു നിൽക്കുന്നില്ല തന്നെ.

ഏറെ വിവാദങ്ങൾക്കും തർക്കങ്ങൾക്കും ശേഷം 1970ൽ നിരവധി രാജ്യങ്ങൾ ഡി.ഡി.റ്റി നിരോധിച്ചെങ്കിലും ഇന്ത്യയിൽ ഒരു കാലത്ത് കാർഷിക മേഖലയിൽ ഉപയോഗിച്ച ഈ മാരകമായ വിഷം പൂർണ്ണമായും നിരോധിക്കപ്പെട്ടിട്ടില്ലെന്നു മാത്രമല്ല, മാരകമായ എൻഡോസൾഫാനടക്കമുള്ള കീടനാശിനികൾ പല രീതിയിൽ പല രൂപത്തിൽ ഭക്ഷ്യവസ്തുക്കളിലൂടെയും ജലം, വായു, മണ്ണ് എന്നീ ഘടകങ്ങളിലൂടെയും മനുഷ്യനെകാർന്നു തിന്നുകൊണ്ടിരിക്കുന്നു. കുഞ്ഞുങ്ങളിൽ അടുത്തകാലത്തായി കൂടുതലായിക്കാണപ്പെടുന്നു എന്ന് സർവ്വേകളിലൂടെ തെളിയിക്കപ്പെട്ടു കഴിഞ്ഞ പ്രമേഹം, വൃക്കരോഗങ്ങളൊക്കെ ഇതിനുള്ള തെളിവുകളാണ്. മറ്റുരാജ്യങ്ങളിലേക്ക് കയറ്റി അയക്കുക വഴി, രോഗവിമുക്തിക്കപ്പുറം, രോഗാതുരമായ ഒരു സമൂഹത്തെ സൃഷ്ടിക്കാൻ കൂട്ടുനിൽക്കുന്ന കുറ്റകരമായ അനാസ്ഥ കൂടി ഇതിൽ നിലനിൽക്കപ്പെടുന്നു. ഭക്ഷ്യസ്വയംപര്യാപ്തതയിലേക്ക് ലോകത്തെ നയിക്കുക എന്ന യത്നത്തിന്റെ ഭാഗമായാണ് രാസകീടനാശിനികൾ കൂടുതലായി ഉപയോഗപ്പെടുന്നത് എന്ന് ഉല്പാദകർ അവകാശപ്പെടുമ്പോൾത്തന്നെ, അന്തകവിത്തുകൾ പുനരുല്പാദനത്തിന് ഉപയോഗ്യമാവാത്ത 'വിളകൾ' ഇവയൊക്കെയും വ്യാപകമായിക്കൊണ്ടിരിക്കുകയാണ്.

വിഷച്ചാലുകൾ ഭൂമിയിലാകമാനം ഒഴുകിവ്യാപിക്കുകയാണ്. ജലപ്രവാഹങ്ങളിലൂടെ, കാറ്റിലൂടെ, മഴയിലൂടെ, അന്തരീക്ഷത്തിലൂടെ ലോകം മുഴുവൻ വ്യാപിച്ച് ഭയാനകമായ നാശത്തിലേക്ക് അത് ഭൂമിയെ എത്തിച്ചുകൊണ്ടിരിക്കുന്നു. ഒരു പൂമ്പാറ്റയുടെ ചിറകടി അസ്വാഭാവികമായി നിലച്ചാൽ അതിന്റെ ഒടുങ്ങാത്ത അനുരണനങ്ങൾ ഭൂമിയിലാകമാനം പ്രകമ്പനം സൃഷ്ടിക്കും. അത്രമേൽ സുബന്ധിതമാണ്, സുദൃഢമാണ് പ്രകൃതിയിലെ ഓരോ ചങ്ങലക്കണ്ണിയും. മഞ്ഞുമേൽക്കൂരകൾ ഉരുകിപ്പോകുന്നതും കാലാവസ്ഥാവ്യതിയാനം മൂലം മാറിപ്പോകുന്ന മൺസൂണും കൂടിവരുന്ന ചൂടും വെള്ളപ്പൊക്കവും സുനാമികളും പേരറിയാത്ത കൊടുങ്കാറ്റുകളും ആപത്ക്കരമായിത്തീരുന്നത് ഈ ചങ്ങലക്കണ്ണികൾ ഇളകിയറ്റുപോകുന്നതു കൊണ്ടാണ്. അതിനുകാരണമോ മനുഷ്യന്റെ തീരാത്ത അത്യാഗ്രഹവും. ഇതിന്റെ ഭവിഷത്തുകൾ ഏറെ അനുഭവിക്കുന്നതാകട്ടെ, ഒരു തെറ്റും ചെയ്യാത്ത, ഭൂമിയിൽ ജീവിക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെടുന്നവരാണ്. അവരിലാകട്ടെ ഭൂരിഭാഗവും സ്ത്രീകളും കുട്ടികളുമാണ്.

1907-ൽ അമേരിക്കയിലെ പെൻസിൽ വാനിയയിൽ റോബർട്ട് കാഴ്സന്റേയും മറിയയുടെയും മകളായി ജനിച്ച റേയ്ച്ചൽ കാഴ്സൺ, പാരിസ്ഥിതികമായ ചുറ്റുപാടുകളെ നശിപ്പിക്കുക വഴി ഭൂമിയുടെ നിലനില്പിനുണ്ടാകുന്ന അപകടങ്ങൾ അരനൂറ്റാണ്ടിനുമുന്നേ തന്നെ ചൂണ്ടിക്കാട്ടി.

എൽമ് മരങ്ങളെ ബാധിച്ച 'ഡച്ച് എൽമ് രോഗം' പരത്തുന്ന 'എൽമ് ബാർക്ക് ബീറ്റിൽ' എന്ന വണ്ടിനെകൊല്ലാനായി മിച്ചിഗൺ സർവ്വകലാശാലയുടെ അതിവിശാലമായ കാമ്പസിലെ എൽമ് മരങ്ങളിൽ ഡി.ഡി.ടി തളിച്ചു തുടങ്ങിയതായിരുന്നു തുടക്കം. ഡി.ഡി.റ്റി തളിച്ചതിനുശേഷമുള്ള ഓരോ വസന്തകാലത്തും റോബിൻ പക്ഷികൾ ഭയാനകമായ തോതിൽ പിടഞ്ഞ് പിടഞ്ഞ് മരണത്തോടടുക്കുകയും മരിച്ചു വീഴുകയും ചെയ്യുന്ന കാഴ്ചയാണ്, വിശദമായ അന്വേഷണങ്ങളിലേക്ക് റേയ്ച്ചലിനേയും സംഘത്തേയും നയിച്ചത്. ഡി.ഡി.റ്റി വിഷബാധമൂലം ചത്തൊടുങ്ങിയ മണ്ണിരകളെ ഭക്ഷിച്ചതുകൊണ്ടാണ് റോബിനുകൾക്ക് അതിദാരുണമായ അന്ത്യം സംഭവിച്ചതെന്ന് പിന്നീട് തെളിയിക്കപ്പെട്ടു. ഇലകളിലൂടെ, കാറ്റിലൂടെ, കീടനാശിനികൾ മണ്ണിലെത്തുകയും മരവും മണ്ണും ജലവുമായി ബന്ധപ്പെട്ട എല്ലാ ജീവികളും ചത്തൊടുങ്ങുകയും ചെയ്തു. ദ്രവിക്കുന്ന എൽമ് മരങ്ങളുടെ ഇലകൾ ആഹരിക്കുന്ന മണ്ണിരകളിലൂടെ റോബിനുകൾ മരിച്ചുവീഴുകയും പ്രജനനത്തിന് തകരാറു സംഭവിച്ചവയും മുട്ടകൾ വിരിയാതെ വരുന്നവയും പറക്കാൻ കഴിയാത്തവയും വിറയലും വൈകല്യങ്ങളുമുള്ളവയുമായിത്തീർന്ന് മെല്ലെ മെല്ലെ ഒടുങ്ങിപ്പോകുകയും ചെയ്തു. ക്രമേണ അതിന്റെ പൂർണ്ണമായ നാശത്തിലേക്ക് വഴിതെളിക്കപ്പെടുകയും ചെയ്തു. എൻഡോസൾഫാൻ പോലുള്ള എല്ലാവിധ കീടനാശിനികളും ആണവനിലയങ്ങളിൽ ഉപയോഗിക്കുന്ന അതിമാരകമായ വിഷവസ്തുക്കളുമൊക്കെ എത്രയോ തലമുറകളിലേക്ക് വിസ്ഫോടനങ്ങളുടെ മാപിനികളായി തുടരും.

മനോഹരമായ സ്വർഗ്ഗതുല്യമായ ഒരു ഭൂമി ജീവജാലങ്ങൾക്കായി നൽകിയിട്ട്, ബൗദ്ധികതകൊണ്ട് അതിസമ്പന്നമായ മനുഷ്യൻ, തന്റെ അതിബൗദ്ധികത വിനാശകരമായ കാര്യങ്ങൾക്കുപയോഗിച്ച് മറ്റുള്ളവരുടെ ജീവിക്കാനുള്ള അവകാശത്തെ നിഷേധിക്കുമ്പോൾ 'ജൈവനീതി ഏതൊരു ജീവിയുടെയും ജീവാവകാശമാണ്' എന്ന് വീണ്ടും വീണ്ടും ഓർമ്മിപ്പിച്ചുകൊണ്ടിരിക്കയാണ് 'നിശ്ശബ്ദവസന്തം.'



ജ്യോതി നാരായണൻ

# ബി.ഒ.ടിക്കെതിരായ സമരം തുടരുന്നു

**ഇടപ്പള്ളി** മണ്ണുത്തി ബസ് റൂട്ടിൽ പാലിയേക്കരയിൽ റോഡിന് ബി.ഒ.ടി അടിസ്ഥാനത്തിൽ ടോൾ പിരിക്കുന്നതിനെതിരെയുള്ള സമരം 26-ാംദിവസവും തുടരുന്നു. പോലീസിന്റെ സഹായത്തോടെ ഗുരുവായൂർ ഇൻഫ്രാസ്ട്രെക്ചർ പ്രൈവറ്റ് ലിമിറ്റഡ് (GIPL) എന്ന കമ്പനി വൻതുക ടോൾ ഇനത്തിൽ പിരിക്കുന്നതിനെതിരെ നടത്തിവരുന്ന നിരാഹാരസമരം തുടരുകയാണ്. ഈ കരാറിനെതിരെ ശ്രീ.വി.എം.സുധീരൻ അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് ഒരു കത്ത് അയച്ചിരുന്നു. ഇതിനുപുറമെ മറ്റ് നിരവധി ആരോപണങ്ങളും ഉയർന്നുവന്നിട്ടുണ്ട്. GIPL എന്ന കമ്പനി ഉണ്ടായതു തന്നെ റോഡ് നിർമ്മാണത്തിനുള്ള ടെണ്ടർ വിളിച്ചതിനുശേഷമാണ്. മാത്രമല്ല, തൃശൂർ എക്സ്പ്രസ് പ്രൈവറ്റ് ലിമിറ്റഡ്, നോർത്ത് മലബാർ എക്സ്പ്രസ് പ്രൈവറ്റ് ലിമിറ്റഡ് തുടങ്ങിയ ബി.ഒ.പി അടിസ്ഥാനത്തിൽ ടെണ്ടർ നൽകിയ പല കമ്പനികളും ഒരേ മേൽവിലാസത്തിലും ഒരേ ഗ്രൂപ്പിന്റേയുമാണെന്ന ആരോപണവും ഉയർന്നുവന്നിട്ടുണ്ട്. കരാറിൽ പറഞ്ഞിരിക്കുന്ന പല ജോലികളും പൂർത്തിയാക്കാതെയാണ് പോലീസിന്റെ സഹായത്തോടെ ടോൾ പിരിക്കുന്നത്. കഴിഞ്ഞ ദിവസം ഇതിനെതിരെ DYFIയുടെ നേതൃത്വത്തിൽ ടോൾ കുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വഴി തടയൽ സമരം നടന്നിരുന്നു. GIPL മായി കരാർ ഒപ്പുവെച്ചത് എൽ.ഡി.എഫിന്റെ ഭരണകാലത്താണ്. പണിപൂർത്തിയാകാതെ സമരക്കാരെ അടിച്ചൊതുക്കി ടോൾ പിരിവ് ആരംഭിച്ചത് യു.ഡി.എഫിന്റെ ഭരണകാലത്താണ്. ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരുകൾ സാധാരണ ജനങ്ങളെ കൊള്ളയടിക്കാൻ കൂട്ടുനിൽക്കുന്നതിനെതിരെ ശക്തമായ പ്രതിഷേധം നിലനിൽക്കുന്നു. ഇതിനിടയിൽ ടോൾ പ്ലാസക്ക് സമാന്തരമായുണ്ടായിരുന്ന വഴിയടച്ചുകെട്ടുകയും ചെയ്തു, അടുത്ത മുപ്പതുവർഷത്തേക്ക് ഇതിനുസമാന്തരമായി റോഡ് വികസിപ്പിക്കുകയില്ലെന്നും കരാറിൽ ഒപ്പുവെച്ചിട്ടുണ്ടെന്നും വാർത്തകണ്ടു. വികസനത്തിന് ബി.ഒ.ടി കൂടിയേ മതിയാകൂ എന്ന് പറയുന്നവർ ഇത് ആരുടെ വികസനമാണെന്ന് തിരിച്ചറിയണം. ടോൾ നിരക്ക് കുറയ്ക്കാനല്ല നിലവിലുണ്ടായിരുന്ന പൊതുമുതൽ സ്വകാര്യമേഖലക്ക് കൊള്ളയടിക്കാൻ നല്കുന്നതിനെതിരെയാണ് സമരം. അതുകൊണ്ട് ബി.ഒ.ടിക്കെതിരെ പാലിയേക്കരയിൽ നടത്തിവരുന്ന സമരം കൂടുതൽ ശക്തമാക്കുമെന്ന് സമരസമിതി പ്രവർത്തകർ പറഞ്ഞു.



# നിനക്കെത്ര വയസ്സായി ?

ഗീതാമണി

പ്രണയിച്ചപ്പോൾ മാത്രം
കണ്ണിനെയും, മൂക്കിനെയുമവൻ
വർണ്ണനകൾ കൊണ്ടു നിറച്ചു
കാമകണ്ണെന്ന് വാക്കും മുറിച്ചു


പരിസരം മറന്നു ഞാനാ
കറുത്ത ഹൃദയത്തിൽ
പഴയ പ്രണയ കഥയുടെ
പുതിയ രൂപം വരച്ചു.

കണ്ണുകളുടെ കഥകളും
നെടുവീർപ്പുകൾ ചുകപ്പിച്ച
മൂക്കിന്റെ നിശ്വാസങ്ങളും
മഞ്ഞുമൂടി കിടന്നു.

ജനാലകൾക്കപ്പുറം
കഥപറയുന്ന വീഥികളിൽ
സ്വപ്നാടനം നടത്തവെ
അവന്റെ ബലിഷ്ഠ കരങ്ങൾ
മാറിടത്തിന്റെ അളവുകൾ തിരഞ്ഞു നോക്കി

ദുഃഖങ്ങളുറങ്ങുന്ന മാറിന്റെ വിടവുകൾ
സ്വപ്നങ്ങളുറങ്ങുന്ന രാജവീഥികൾ
ഞാനവനിൽ പടികളിറങ്ങി
ഠവലിയേറ്റത്തിരത്തിരകളിളകുമ്പോഴും
ചെവിയിലവൻ സ്വകാര്യം പറഞ്ഞു.
"നിനക്കെത്ര വയസ്സായി"
കാലങ്ങളുടെ പഴമ മണക്കുന്ന
ക്ഷേത്ര ഭാവങ്ങളിൽ
കണക്കുകൾ തീർത്തരിച്ച
സ്ത്രൈണ ഭാവങ്ങളുടെ
ഔദാര്യ നിമിഷത്തിൽ
ചവിട്ടിയരഞ്ഞു പോകാതെ
അഹന്തയുടെ കറുത്ത രോമങ്ങളുയർത്തി
ഇക്കിളിപ്പെടുത്തലിനെ
നീറ്റുന്ന ചൊറിയായി മാറ്റി
മന്ദ മിഴഞ്ഞു പോകുന്ന
കമ്പിളി പുഴുവായിരുന്നു നീ





ശോഭാ ജോഷി

ഉമ്മറത്തിണ്ണയിലെ
വലിയ കരിങ്കൽ തൂണിലേക്കുള്ള
എന്റെ ചായലിന്
ശില്പത്തിന്റെ
രചനാ ചാതുരിയുണ്ടെന്ന്
നിന്റെ ക്യാമറക്കണ്ണു പറഞ്ഞു,
കല്ലേത് എന്ന് നീ ക്ലിക്ക് ചെയ്തില്ല.

കാത്തിരുപ്പിൽ കല്ലിച്ചുപോയ
ജീവനെ നീ കണ്ടില്ല.

ഏകാന്ത രാത്രികളിൽ
മഴത്തുള്ളിക്ക് കല്ലിന്റെ കനമുണ്ടെന്ന്
ഞാനറിയുന്നു, ശില്പത്തിന്റെ ജീവനും.

കണ്ണടച്ച് ഫോക്കസ് ചെയ്താൽ
ശൂന്യതയിൽ നിന്നും
നിന്നെ രൂപപ്പെടുത്തുന്ന വിദ്യയും
ഇപ്പോൾ എനിക്ക് വശമായി.

സാവിത്രി രാജീവൻ

# പെൺകവിത :
# നിരൂപക - കവി സംവാദം

'അടുക്കള വിട്ടിറങ്ങിയാൽ
അവൾ നേരെ ഉടലിനകത്തെക്ക് കയറും
ഉടൽ വിട്ടിറങ്ങിയാലോ
നേരെ അടുക്കളക്കകത്തെക്കും

ഒരേ വട്ടത്തിൽ അവളുടെ കറക്കം!"

"മഹാഭാരത യുദ്ധം കാണാത്തതിനാൽ
അവൾക്കു
വില്ല് അമ്പുകളെക്കുറിച്ചും
വടി-വാളുകളെക്കുറിച്ചും
കബന്ധങ്ങളെക്കുറിച്ചും അറിയില്ല
കിളിപ്പാട്ടുകൾ കേട്ടു ശീലിക്കാത്തതിനാൽ
പഞ്ചവർണ്ണക്കിളികളെയും എഴുത്തച്ഛനേയു
മറിയില്ല
അമ്പലം ചുറ്റുന്നതു കൊണ്ടാവണം
കാളിയെ അറിയാം
പക്ഷെ, കഷ്ടം!
കാളിദാസനെയറിയില്ല"

"അമൂർത്താനന്ദവും
അഭൌമാനന്ദവും
എന്താണെന്ന് ചോദിച്ചാൽ...
ഹാ...
അത് ലിംഗാധിപന്മാർക്കേ
അറിയാവൂ എന്നും
തപസ്സും മോക്ഷവും
അവിഹിതമായ മോഹമല്ലേ എന്നും
ചൊല്ലി നാണിക്കും"

"കൂടെ ഓഷോ പോലും
അങ്ങനെയാണ് ഞങ്ങളെപ്പറ്റി പറഞ്ഞത്
എന്ന് ഓർമ്മിക്കും!"
"അതെയതെ!
അതിനിടയിൽ
വൃത്തത്തിലൊരു കുമ്മിയും
കഷ്ടിച്ചൊരു അവതാളച്ചവിട്ടും,
അതല്ലേ അവൾക്കു കവിത!
പാവം,
അതവൾ കുറിച്ചോട്ടെ, കണ്ണടച്ചേക്കുക!"

പി.ലിസ

# മഴ പറയുന്നത്

ഇനിയുമൊരുമിച്ചു പോകണം
ആരുമറിയാതെ...
കനൽക്കരങ്ങൾ കോർത്തുപിടിച്ച്...
വഴിയറിയാ ദിക്കുകളിലൂടെ
പേരറിയാ പൂക്കളുടെ സുഗന്ധമേറ്റ്
തൃഷ്ണകളുടെ പുഴ നീന്തി
രതി രഥ്യകളിലൂടെ
വാൽമഴയത്ത്
വിയർപ്പിന്റെ ചൂടറിയണം
കടലാകണം... നെഞ്ചിൽ
മഴക്കുളിരാകണം.. കാതിൽ
എനിയ്ക്ക്
നിന്റെ
പനിയാവണം...


ആർ.ശ്രീലതാ വർമ്മ

# ഭൂമിയൊന്നാകെ

വരകളിൽ നേര് കോറി
വർണങ്ങളിൽ നെഞ്ച് കീറിയവൾക്ക്
പൂർണചന്ദ്രന്റെ ചായത്തളിക
ഭൂമിയുടെ വർണാഭ
മരത്തിൽ മുന്തിരിവള്ളികളുടെ
ശില്പം മെനഞ്ഞവൾക്ക്
കാട്ടുചോലകളുടെ കിന്നാരവും
തെളിനിലാവിന്റെ ഊഞ്ഞാൽപ്പടിയും
കവിതയിൽ വേവും വേദനയും നിറച്ചവൾക്ക്
ജലഭിത്തികളുള്ള വിശ്രമമുറിയിൽ
ഇളംകാറ്റും, നറുംപാട്ടും
മഴയുടെ കാമമറിഞ്ഞവൾക്ക്
കൊടുങ്കാറ്റുകളെ തുടലിലിട്ടവൾക്ക്,
വേനലിന്റെ തീയുടുപ്പണിഞ്ഞവൾക്ക്
അസ്തമിക്കാത്ത നക്ഷത്രങ്ങളുടെ
പൂന്തോപ്പും, പുഴയോരവും.



# നിലക്കാത്ത സമര ആവേശമായി ഇനിയും മുന്നോട്ട്...



മാഗ്ളിൻ പീറ്റർ

**വലിയൊരു** സമൂഹത്തെ സംരക്ഷിക്കുവാൻ ഒരു കൂട്ടം മനുഷ്യർ നടത്തുന്ന സഹനസമരമാണ് കൂടംകുളത്ത് നടക്കുന്നത്. 1989ൽ ആരംഭിച്ച സമരത്തിന്റെ ഭാവി ഇപ്പോൾ ഒരു നിർണ്ണായക ഘട്ടത്തിലാണ്. ഇതിന്റെ അവസാനം എന്തെന്നറിയുവാൻ ഇന്ന് ലോകജനത ഉറ്റുനോക്കുകയാണ്. 1974ലെ പൊക്രാൻ പരീക്ഷണത്തിനുശേഷം താരാപൂർ ആണവനിലയത്തിൽ ഇന്ധനം നിറക്കാൻ അമേരിക്ക വിസമ്മതിച്ചപ്പോൾ 1979ൽ മൊറാർജി ദേശായിയുടെ ഭരണകാലത്ത് റഷ്യയുമായി ആണവനിലയങ്ങളെ സംബന്ധിച്ച് കൂട്ടായ ചർച്ചകൾ ആരംഭിച്ചു. 1987-ൽ മിക്കേൽ ഗോർബച്ചേവും രാജീവ്ഗാന്ധിയും തമ്മിൽ ഒപ്പിട്ട കരാറായിരുന്നു കൂടംകുളം ആണവനിലയം.

അറ്റോമിക് ജനറൽ റഗുലേറ്ററി ബോർഡിന്റെ മാനദണ്ഡങ്ങൾ പാലിക്കാതെയും വേണ്ടത്ര ഗൗരവത്തോടെ പാരിസ്ഥിതിക ആഘാത പഠനം നടത്താതെയുമാണ് ആണവനിലയം നിർമ്മിക്കുവാനുള്ള അനുവാദം നേടിയത്. അറ്റോമിക് ജനറൽ റഗുലേറ്ററി ബോർഡിന്റെ നിർദ്ദേശപ്രകാരം 1.5 കിലോമീറ്ററിൽ ജനവാസം പാടില്ല. 5 കിലോമീറ്ററിൽ ജനസാന്ദ്രത കുറവായിരിക്കണം. 16 കിലോമീറ്റർ ചുറ്റളവിൽ പതിനായിരത്തിൽ കുറഞ്ഞ ജനസാന്ദ്രതയേ പാടുള്ളൂ. എന്നാൽ കൂടംകുളത്തെ സ്ഥിതി മറ്റൊന്നാണ്. അരകിലോമീറ്ററിനുള്ളിൽ പതിനായിരത്തോളം ജനവും പതിനാറ് കിലോമീറ്ററിനുള്ളിൽ ഒരു ലക്ഷത്തോളം ജനവും തിങ്ങിതാമസിക്കുന്നു. അനുയോജ്യമായ പരിസ്ഥിതി ഇല്ലാതിരുന്നിട്ടും കള്ളത്തരത്തിലൂടെ ആണവനിലയം നിർമ്മിക്കുവാനുള്ള അനുവാദം നേടിയെടുത്ത നമ്മുടെ ഭരണാധികാരികളെക്കാൾ കുറ്റവാളികളാണോ കൂടംകുളത്തെ സമരക്കാർ?

കടലും തീരവും മണ്ണും സംരക്ഷിക്കുമെന്ന് ഉറച്ച തീരുമാനമെടുത്തു സഹനസമരം നടത്തുന്ന ഒരു ജനതയുടെ മേൽ ഭരണകൂടവും പോലീസും നടത്തുന്ന ഭീകരമായ തേർവാഴ്ച എത്രമാത്രം വിവരിക്കാൻ കഴിയും എന്ന് എനിക്കറിയില്ല.

1989 മുതൽ ഞാൻ ഈ സമര

**കൂടംകുളം ആണവനിലയത്തിൽ ഇന്ധനം നിറയ്ക്കുവാനുള്ള ഗവൺമെന്റ് നടപടി അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമാധാനപരമായി സമരം നടത്തിയ പതിനായിരത്തിലേറെ വരുന്ന സ്ത്രീകളും കുട്ടികളും തൊഴിലാളികളുമടങ്ങുന്ന പാവപ്പെട്ട ജനത്തെ 10,000 ത്തോളം വരുന്ന പോലീസു കാരെക്കൊണ്ട് ക്രൂരവും ജനാധിപത്യവിരുദ്ധമായ രീതിയിൽ തല്ലിച്ചതക്കുകയായിരുന്നു.**




ത്തോടൊപ്പം സഞ്ചരിക്കുകയും 1998 മുതൽ ഉദയനുമായി അടുത്തു പ്രവർത്തിക്കുകയും ചെയ്തു. സെപ്റ്റംബർ മാസം 10-ാം തീയതിയിലെ പോലീസ് നരയാട്ട് അറിഞ്ഞ് 12-ാംതീയതി മുതൽ 16 ദിവസം തുടർച്ചയായും പിന്നെ ആഴ്ചയിൽ മൂന്നും നാലും ദിവസവും എല്ലാ പ്രധാനസമരങ്ങളിലും പങ്കെടുത്ത എനിക്ക് ഇവിടുത്തെ അമ്മമാരുടെ പ്രശ്നം എന്റേതുമായി മാറി.

കൂടംകുളം ആണവനിലയത്തിൽ ഇന്ധനം നിറയ്ക്കുവാനുള്ള ഗവൺമെന്റ് നടപടി അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമാധാനപരമായി സമരം നടത്തിയ പതിനായിരത്തിലേറെ വരുന്ന സ്ത്രീകളും കുട്ടികളും തൊഴിലാളികളുമടങ്ങുന്ന പാവപ്പെട്ട ജനത്തെ 10,000ത്തോളം വരുന്ന പോലീസുകാരെക്കൊണ്ട് ക്രൂരവും ജനാധിപത്യവിരുദ്ധവുമായ രീതിയിൽ തല്ലിച്ചതയ്ക്കുകയായിരുന്നു. ലാത്തിച്ചാർജ്ജ്, കണ്ണീർവാതകപ്രയോഗം, റബർ ബുള്ളറ്റ് മുതലായ പോലീസ് മുറകൾ ഉപയോഗിച്ചിട്ടും അവയൊക്കെ സഹനത്തോടെ നേരിട്ട് സമരം വിജയിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മുന്നോട്ടു നീങ്ങിയ ജനക്കൂട്ടത്തിൽ നിന്നും 57പേരെ അറസ്റ്റു ചെയ്തു. ഏഴുമാസക്കാലമായി യുദ്ധ തടവുകാർക്ക് സമാനമായ സാഹചര്യത്തിൽ കഴിഞ്ഞിട്ടും പോലീസിനെ ആക്രമിക്കുകയോ സർക്കാർ വസ്തുവകകൾ നശിപ്പിക്കുകയോ ചെയ്തിട്ടില്ല. പോലീസിന്റെ തോക്കിനു മുന്നിൽ പോലും കൈകോർത്ത് തലതാഴ്ത്തി നിൽക്കുകയായിരുന്നു കൂടംകുളത്തെ സമരക്കാർ. അറസ്റ്റു ചെയ്യപ്പെട്ടവരിൽ 121, 124, 307 വകുപ്പുകൾ ചുമത്തി രാജ്യദ്രോഹികളുടെ പട്ടികയിൽ ഉൾപ്പെടുത്തി ജാമ്യം നിഷേധിക്കപ്പെട്ടു. ചോദ്യം ചെയ്യപ്പെടലിന്റെ പേരിൽ മണിക്കൂറോളമുള്ള പോലീസ് വാനിലെ.... 'ചോദ്യം' ചെയ്യൽ സ്ത്രീകളെ ശാരീരികമായി തളർത്തിയെങ്കിലും ഇവരുടെ മാനസിക വീര്യം കെടുത്താൻ ഒരു ശക്തിക്കും കഴിഞ്ഞിട്ടില്ല. സമരം വിജയിക്കാൻ ഏതറ്റംവരെ സഹിക്കാനും തയ്യാറാണെന്നു പറയുന്ന സമരനേതാക്കളുടെ ദൃഢമായ വാക്കുകൾ പലപ്പോഴും കടലിന്റെ മക്കളുടെ വിലാപങ്ങളായി മാറി.

2001 മാർച്ച് മാസം 31-ാം തീയതി കാലാവധി കഴിഞ്ഞ കണ്ണീർവാതകമായിരുന്നു സമാധാനപരമായി സമരം ചെയ്തവർക്ക് നേരെ തമിഴ്നാട് പോലീസ് പ്രയോഗിച്ചത്. 10 വർഷക്കാലം പഴക്കമുള്ള വിഷവാതക പ്രയോഗം സമരക്കാരുടെ മുഖവും ചുണ്ടും കരുവാളിച്ച് വികൃതമാക്കി. സ്ത്രീകളെയും കുട്ടികളെയും അധികമായി ബാധിച്ച് ചുണ്ടുകൾ പൊട്ടുകയും ആഴ്ചകളോളം ശരീരവേദനയും പനിയും ബാധിച്ച് അവശരാവുകയും ചെയ്തു. മാത്രമല്ല നിരവധി പേരുടെ കാഴ്ചക്ക് മങ്ങലേറ്റു. സമാധാനപരമായി സമരം ചെയ്തവരെ മാരകമായ വിഷം ഉപയോഗിച്ച് ഇഞ്ചിഞ്ചായി കൊല്ലാൻ ശ്രമിച്ച പോലീസുകാരേക്കാൾ ക്രിമിനലുകളാണോ കൂടംകുളത്തെ സമരക്കാർ?

നിരവധി സ്ത്രീകൾക്കും കുട്ടികൾക്കും ഗർഭിണികൾക്കും ഭീകരമായ രീതിയിൽ ലാത്തിയടി ഏൽക്കേണ്ടിവന്നു. വേണ്ടത്ര ചികിത്സാ സൗകര്യം ഇല്ലാത്തതും ഗ്രാമത്തിനു പുറത്തുപോകാൻ കഴിയാത്തതും കാരണം ദിവസങ്ങളോളം കഠിനമായ വേദനസഹിക്കുക മാത്രമേ ഇവർക്ക് നിവർത്തിയുണ്ടായിരുന്നുള്ളൂ.

ആണവനിലയത്തിന് സമീപം വരെയെത്തിയ സമരത്തെ തുടർന്നുള്ള പതിനഞ്ച് ദിവസങ്ങളിൽ പോലീസ് ഗ്രാമങ്ങളിൽ കയറി സ്ത്രീകളോടും കുട്ടികളോടും അപമര്യാദയായി പെരുമാറുകയും ശാരീരികമായി പീഡിപ്പിക്കുകയും വീടുകൾ തല്ലിത്തകർക്കുകയും വീട്ടുസാധനങ്ങൾ നശിപ്പിക്കുകയും 45 ബൈക്കുകൾ എടുത്തുകൊണ്ടുപോവുകയും 38 വള്ളങ്ങൾ തല്ലിത്തകർക്കുകയും വില കൊടുത്തു വാങ്ങിവെച്ച വെള്ളം തട്ടിത്തെറിപ്പിക്കുകയും പകരം മൂത്രം ഒഴിക്കുകയും ചെയ്തു. പോലീസിനെഭയന്ന് മറ്റ് ഗ്രാമങ്ങളിലും കാടുകളിലുമായി കഴിയുന്ന പുരു

ഷന്മാരെ തെരഞ്ഞ് വീടുകളിലെത്തിയ പോലീസുകാർ അവരുടെ കൂടെ കിടക്കാൻ ആവശ്യപ്പെടുകയും പ്രായമായ സ്ത്രീകളുടെ അടിവയറ്റിൽ ഇടിക്കുകയും ലാത്തി കൊണ്ട് അശ്ലീല ആംഗ്യങ്ങൾ കാണിക്കുകയും അസഭ്യം പറയുകയുമുണ്ടായി.

പോളിയോ ബാധിച്ച് അരയ്ക്ക് താഴെ തളർന്ന 25 വയസ്സുള്ള വിധവയായ ലവീനയും അധികം സംസാരിക്കാത്ത മകളും ഈ സമരത്തിന്റെ പങ്കാളികളായിരുന്നു. സെപ്റ്റംബർ പത്താംതീയതി ഉണ്ടായ സംഘർഷത്തിൽ തനിക്കു മുന്നാലെ ഓടിയ മകൾ വീട്ടിലില്ലെന്നു മനസ്സിലാക്കി മകളെ അന്വേഷിച്ച് പുറത്തിറങ്ങിയ ലവീനക്ക് പറയാനുള്ളത് കൂടെ കിടക്കാൻ ആവശ്യപ്പെട്ട പോലീസുകാരന്റെ കാലിൽ വീണുകേണപേക്ഷിച്ച് മാനംകാത്ത അനുഭവമാണ്.

ജയിലിൽ കഴിയുന്ന സേവ്യറമ്മയുടെ മാതാവ് 85 വയസ്സുള്ള മേരിയുടെ അടിവയറ്റിൽ കുത്തിപ്പിടിച്ച് നേതാക്കൾ എവിടെന്ന് ചോദിച്ച അനുഭവമാണ് ഈ അമ്മക്ക് പറയാനുള്ളത്. ഇത് ഒരൊറ്റപ്പെട്ട അനുഭവമല്ല. കൂടംകുളത്തെയും സമീപഗ്രാമങ്ങളിലെയും ആയിരക്കണക്കിനു സ്ത്രീകളുടെ അനുഭവങ്ങളായിരുന്നു. പോലീസിനെഭയന്ന് കഴിഞ്ഞ ഏഴ് മാസക്കാലമായി ഈ ഗ്രാമങ്ങളിലെ മുഴുവൻ ജനവും സമരപ്പന്തലിലാണു അന്തിയുറക്കം, പോലീസിന്റെ കിരാതമായ വേട്ടയാടൽ നേരിട്ടു കാണുകയും അനുഭവിക്കുകയും ചെയ്ത കുഞ്ഞുങ്ങൾ ഉറക്കത്തിൽ പോലും നിലവിളിച്ച് കരയും. ക്രമേണ അത് പന്തലിലെ മുഴുവൻ അമ്മമാരുടേയും കുട്ടികളുടേയും നിലവിളികളായി ഉയരും.

"കണ്ണേ നീ തൂങ്ക് നമുക്ക് ഒന്നുമേ ആവാത് കണ്ണേ" - ഈ വാക്കുകൾ സമരപന്തലിലെ താരാട്ടു പാട്ടായി മാറി.

കുടിവെള്ളം, യാത്രാസൗകര്യം, കറന്റ്, റേഷൻ മുതലായ അടിസ്ഥാനആവശ്യങ്ങൾ നിഷേധിച്ചുകൊണ്ട് സമരത്തിന്റെ വീര്യം കുറക്കാൻ തമിഴ്നാട് സർക്കാർ ശ്രമിച്ചപ്പോൾ കന്യാകുമാരി, തൂത്തുക്കുടി ജില്ലയിലെ മത്സ്യത്തൊഴിലാളികൾ ആവശ്യത്തിനു ഭക്ഷണ സാധനങ്ങളും കുടിവെള്ളവും കടൽമാർഗം എത്തിച്ച് സമരത്തിനു കരുത്തേകി. എന്നാലും മത്സ്യം ധാരാളമായി ഭക്ഷിച്ചിരുന്നവർക്ക് മത്സ്യവും പച്ചക്കറിയും പാലുമൊക്കെ നിഷേധിച്ചപ്പോൾ പ്രതിരോധശേഷി തീരെ കുറഞ്ഞു. സ്ത്രീകൾക്കും കുട്ടികൾക്കും വയറിളക്കവും ഛർദ്ദിയും പടർന്നു. അവശരായ സ്ത്രീകളെപ്പോലും ഗ്രാമത്തിനു പുറത്തുകൊണ്ടുപോയി ചികിത്സിക്കാൻ കഴിഞ്ഞില്ല. ഏഴ് മാസത്തിനുള്ളിൽ രണ്ടുമാസം പോലും തുടർച്ചയായി സ്കൂളുകൾ പ്രവർത്തിച്ചില്ല. സമരഭൂമിയിലെ കുട്ടികൾ എന്നപേരിൽ പല പരീക്ഷകളും നിഷേധിക്കപ്പെട്ടു.

> **ആണവനിലയം നിർമ്മിക്കാൻ 15,000 കോടി രൂപ ചെലവഴിച്ചതുമൂലം ഇത് പ്രവർത്തിക്കാതിരിക്കാൻ കഴിയില്ലെന്നു പറയുന്നവർ 2 ജി സ്പെക്ട്രത്തിന്റേയും കോമൺവെൽത്ത് ഗെയിംസിന്റേയും കൽക്കരിപ്പാടത്തിന്റേയും മറവിൽ കട്ടുമുടിച്ചത് ഇതിലും എത്രയോ വലുതായിരുന്നു.**

സമൃദ്ധമായ ഒരു കൃഷിയിടമായിരുന്നു കൂടംകുളത്തുണ്ടായിരുന്നത്. കടലയും പരിപ്പും പയറുമായിരുന്നു പ്രധാനകൃഷി. അച്ഛനപ്പൂപ്പന്മാരുടെ സ്ഥലം കൈമാറ്റം ചെയ്യപ്പെടാതെ മണ്ണിന്റെ എല്ലാപരിശുദ്ധിയും നില നിർത്തിക്കൊണ്ട് അച്ഛനും അമ്മയും സഹോദരങ്ങളും മക്കളും ചെറുമക്കളുമൊക്കെ ഒന്നിച്ചുകൃഷി ഇറക്കി ആവശ്യാനുസരണം പങ്കുവയ്ക്കുന്ന കൃഷിക്കാരായിരുന്നു കൂടംകുളത്തുകാർ. അത്യാഗ്രഹവും മത്സരവും ഇല്ലാത്തതിനാൽ നിയമപരമായി കൈമാറ്റം ചെയ്യപ്പെടേണ്ടി വന്നില്ല. ആയതിനാൽ ഇവരിൽ ഏറെപേർക്കും പ്രമാണങ്ങൾ ഉണ്ടായിരുന്നില്ല. സർക്കാർ ഈ ഭൂമി ഏറ്റെടുത്തപ്പോൾ ഒരു ഏക്കറിന് 2000 രൂപയും ഒരു തെങ്ങിന് 200 രൂപയും നൽകി. പ്രമാണമില്ലാത്ത നൂറുകണക്കിനു കുടുംബങ്ങൾക്ക് ഒരു രൂപപോലും ലഭിച്ചില്ല.

കന്യാകുമാരി മുതൽ തൂത്തുക്കുടിവരെയുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ മത്സ്യബന്ധനത്തിനായി ആശ്രയിച്ചിരുന്നത് കൂടംകുളത്തിന്റെ തീരക്കടലിനെആയിരുന്നു. പാരും, പവിഴപ്പുറ്റുകളുമടങ്ങിയ കടലായതുകൊണ്ട് 'കല്ലറാൾ' എന്നറിയപ്പെടുന്ന ഒരിനം വലിയ കൊഞ്ച് ലഭിക്കുമായിരുന്നു. മൂന്നുമാസക്കാലം താത്കാലിക ഷെഡുകൾ ഉണ്ടാക്കി താമസിച്ച് മത്സ്യബന്ധനം നടത്തുന്ന ആയിരക്കണക്കിനു കുടുംബങ്ങളുടെ വരുമാനമായിരുന്നു ആണവനിലയത്തോടെ നഷ്ടമായത്. പരിസ്ഥിതി ആഘാതപഠനം നടത്തി എന്ന് അവകാശപ്പെടുന്നവർ കടലിന്റേയും മണ്ണിന്റേയും പരിസ്ഥിതി പ്രശ്നങ്ങൾ മനസ്സിലാക്കാതിരിക്കുകയോ കണ്ടില്ലെന്നു നടിക്കുകയോ ചെയ്തു.

ആണവനിലയം നിർമ്മിക്കാൻ 15,000 കോടി രൂപ ചെലവഴിച്ചതുമൂലം ഇത് പ്രവർത്തിക്കാതിരിക്കാൻ കഴിയില്ലെന്നു പറയുന്നവർ 2 ജി സ്പെക്ട്രത്തിന്റേയും കോമൺവെൽത്ത് ഗെയിംസിന്റെയും കൽക്കരിപ്പാടത്തിന്റേയും മറവിൽ കട്ടുമുടിച്ചത് ഇതിലും എത്രയോ വലുതായിരുന്നു. സമരക്കാരെ നേരിടാൻ കൂടംകുളത്തും പരിസര പ്രദേശങ്ങളിലുമായി ഏർപ്പെടുത്തിയിരിക്കുന്ന പതിനായിരക്കണക്കിനു വരുന്ന സേനകൾക്ക് പ്രതിദിനം ചെലവഴിക്കേണ്ടിവരുന്നത് കോടികളാണ്.

സമരത്തിനു നേതൃത്വം കൊടുക്കുന്നവരുടെ പേരിൽ 400 കേസുകൾ ചുമത്തപ്പെട്ടു. കണ്ടാലറിയാവുന്ന നൂറുകണക്കിനു സമരക്കാരുടെ പേരിൽ 300ൽ ഏറെ കേസ്സു

കളും. ഇവരെല്ലാം തന്നെ ഇന്ത്യൻ ഭരണകൂടത്തിന്റെ കണ്ണിൽ രാജ്യദ്രോഹികളും കൊലപാതകികളുമായി. ഏഴ്മാസക്കാലം പുറം ലോകം എന്തെന്നറിയാതെ സ്വന്തം ഗ്രാമത്തിൽ യുദ്ധതടവുകാർക്ക് സമാനമായി ജീവിക്കുന്നവർക്ക് ബന്ധുമിത്രാദികളുടെ ആഘോഷങ്ങളിലോ ദുഃഖങ്ങളിലോ പങ്കെടുക്കാൻ ഗ്രാമത്തിനു പുറത്തേക്ക് പോകാൻ കഴിയില്ല. പുറംലോകത്തെ അറിയുന്നത് മാധ്യമങ്ങളിലൂടെയും സമരപന്തലിൽ വരുന്ന ആളുകളിൽ നിന്നും മാത്രം. ഏതു സമയത്തും തങ്ങളുടെ ഗ്രാമം പോലീസാൽ വേട്ടയാടപ്പെടുമെന്ന ഭയത്തിൽ രാത്രിയും പകലും ഉറ്റവർക്ക് കാവൽ നിൽക്കുന്ന യുവാക്കൾ. സ്വയം രക്ഷാർത്ഥം റോഡുകൾ മുറിച്ചും മുള്ളുവേലികൾ തീർത്തും ഭാവി തലമുറക്ക് എല്ലാ പരിശുദ്ധിയോടും കൂടി കടലും നിലവും കൈമാറുമെന്ന് ദൃഢപ്രതിജ്ഞ എടുത്ത ഈ കാവൽക്കാർ ഉറങ്ങിയിട്ട് ഏഴ് മാസമായി.


ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കിയ കുത്തംകുളി സ്വദേശി കിംഗ് എന്ന ചെറുപ്പക്കാരന് ഒരു പ്രണയമുണ്ടായി. കല്യാണം കഴിക്കുന്നതിന് വീട്ടുകാരുമായി ധാരണയും ഉണ്ടാക്കി. സമരത്തിന്റെ മൂന്നാംദിവസം ഗൾഫിലേക്കുള്ള വിസയും വന്നു. ഗൾഫിൽ നിന്നും കൈനിറയെ പണവുമായി തിരികെ വരുമ്പോൾ ആണവവികിരണം മൂലം രോഗം ബാധിച്ച കുടുംബക്കാരെ ചികിത്സിക്കാൻ തന്റെ കയ്യിൽ പണം തികയാതെ വന്നേക്കാം. അതുകൊണ്ട് രോഗം വരാത്ത സാഹചര്യം സൃഷ്ടിക്കുകയാണ് വേണ്ടത് എന്ന തിരിച്ചറിവ് സമരത്തിന്റെ മുന്നിൽ നിൽക്കുവാൻ അവനെ പ്രേരിപ്പിച്ചു. വിവാഹത്തിനു നിർബന്ധിച്ച കാമുകിയോടും വീട്ടുകാരോടും ഇപ്പോൾ വിവാഹത്തിനേക്കാൾ പ്രാധാന്യം സമരത്തിനാണെന്ന് പറഞ്ഞ കിംഗിനെപ്പോലുള്ള നിരവധി ചെറുപ്പക്കാർ ഈ ഗ്രാമങ്ങളിലുണ്ട്.

മർച്ചന്റ് നേവിയിൽ പ്രതിമാസം ഒരുലക്ഷത്തോളം രൂപ ശമ്പളമായി ലഭിച്ചു കൊണ്ടിരുന്ന മിൽട്ടണും ഭാര്യയും കൂടി ഒരു തീരുമാനമെടുത്തു. ശമ്പളത്തേക്കാൾ പ്രാധാന്യം ഭാവിതലമുറയെ സംരക്ഷിക്കുന്നതിനാണ്. മിൽട്ടൺ ജോലി രാജിവെച്ച് സമരത്തിന്റെ മുന്നണി പോരാളികളിൽ ഒരാളായി. ആരുപേക്ഷിച്ചാലും കടലമ്മ ഞങ്ങളെ പോറ്റും എന്ന ആത്മവിശ്വാസം ഇവരുടെ മുന്നിൽ മാസശമ്പളത്തേക്കാൾ എത്രയോ വലുതായിരുന്നു.

ഈ സമരഭൂമിയിൽ നമ്മളിൽ ആരെങ്കിലും ഒരാൾ അവശേഷിക്കുമെങ്കിൽ ആണവനിലയം പൂട്ടുംവരെ പോരാടണം. ഈ വാക്കുകൾ തന്റെ കുടുംബത്തോടു പറഞ്ഞിട്ടാണു സഹായം കടൽ സമരത്തിൽ പങ്കെടുക്കുകയും അപകടത്തിൽപ്പെട്ടു മരണമടയുകയും ചെയ്തത്.

പ്രിയപ്പെട്ട സഹായമേ, നിന്റെ നിശ്ചലമായ ശരീരത്തെ സാക്ഷി നിർത്തി നിന്റെ അവസാനവാക്കുകൾ ഞങ്ങൾ ഏറ്റുപറഞ്ഞുകൊണ്ട് ദൃഢപ്രതിജ്ഞ എടുക്കുന്നു. ഞങ്ങളിൽ ആരെങ്കിലും ഒരാൾ അവശേഷിക്കുന്നുവെങ്കിൽ ആണവനിലയം പൂട്ടും വരെ ഞങ്ങൾ ഈ പോരാട്ടം തുടരും.


വീട്ടകങ്ങളിലും
പൊതുഇടങ്ങളിലും
പെണ്ണിന്
വിവേചനമുണ്ടെന്ന്
തോന്നുന്നുവോ? എങ്കിൽ



ANWESHI

സമത്വം നിറഞ്ഞ
പെണ്ണിനെ
ആദരിക്കുന്ന
നല്ലൊരു നാളേക്കായി
നമുക്കൊരുമിക്കാം
അന്വേഷിയോടൊപ്പം
അണിചേരൂ....
അംഗത്വമെടുക്കൂ...




# അണുഗുണ്ട്
## ഇടപെടലിന്റെ തീവ്രരാഷ്ട്രീയം



അഖില മാണിക്കുട്ടി

**പരിസ്ഥിതിയോടും** മനുഷ്യചരിത്രത്തോടുമുള്ള ഒരു ദേശത്തിന്റെ നീതിപുലർത്തലാണ് ആണവനിലയത്തിനെതിരായ കൂടംകുളം സമരം. അത് നിലനിൽക്കുവാനും നിലനിർത്തുവാനും വേണ്ടിയുള്ള പോരാട്ടമാണ്; ചരിത്രദൗത്യമാണ്. പ്രകൃതിയുടേയും മനുഷ്യജീവിതത്തിന്റേയും മരുഭൂവൽക്കരണ പ്രക്രിയയെ ആവുന്നത്ര സുഗമമാക്കാനുള്ള കുറുക്കുവഴികൾ നിർമ്മിച്ചു കൊണ്ടിരിക്കുന്ന ഇന്ത്യയിലെ ഭരണകൂടം ചെർണോബ്ബും ഫുക്കിഷിമയും ഉയർത്തിയ, ഇനിയുമൊടുങ്ങിയിട്ടില്ലാത്ത നിലവിളികളെ വളരെ പൊളിറ്റിക്കലായിത്തന്നെ മറക്കുന്നു. ഇത്തരം രാഷ്ട്രീയ മറവികൾ ജീവിക്കാനുള്ള ജനതയുടെ അവകാശത്തിനെതിരായ യുദ്ധപ്രഖ്യാപനമാണ്. ആണവനിലയത്തിനെതിരെ ഭരണകൂടത്തിന്റെ ജനാധിപത്യവിരുദ്ധ നിലപാടുകൾക്കെതിരെ ഒരുദേശം നയിക്കുന്ന സമരജീവിതത്തെക്കുറിച്ച് മാധ്യമപ്രവർത്തകയായ മനില സി.മോഹൻ നിർമ്മിച്ച 'അണുഗുണ്ട്' എന്ന ഡോക്യുമെന്ററി കൃത്യതയോടെ സംസാരിക്കുന്നു. ആക്ടിവിസത്തിന്റെ തീവ്രരാഷ്ട്രീയമാണ് അത് സാധ്യമാക്കിയിരിക്കുന്നത്. വിപ്ലവമെന്ന പദത്തിന് അർത്ഥപരമായ പാപ്പരത്തം സംഭവിച്ചിട്ടില്ലെന്ന് കടൽത്തീരത്തെ സമരഭൂമിക ഉച്ചത്തിൽ വിളിച്ചു പറഞ്ഞു കൊണ്ടേയിരിക്കുമ്പോൾ, അതിനോടുള്ള കെല്പുറ്റ ഐക്യദാർഢ്യ പ്രഖ്യാപനമാണ് 'അണുഗുണ്ട്'.

കൂടംകുളം ഒരു പ്രാദേശികപ്രശ്നമല്ല. ആഗോളമായി ചിന്തിക്കുകയും പ്രാദേശികമായി ഇടപെടുകയും ചെയ്യുന്നതിന്റെ സമരസാക്ഷ്യമാണത്. "വേണ്ട വേണ്ട അണു ഉലൈ വേണ്ട... മൂട് മൂട് അണു ഉലൈമൂട്" എന്ന് നിത്യവും സമരപ്പന്തലിൽ ഉയർന്നു കേൾക്കുന്നു.

അത് ലോകത്താകമാനമുള്ള ആണവനിലയങ്ങൾക്കെതിരായ പോരാട്ടമുദ്രാവാക്യമാണ്. ഈയടുത്തകാലം വരെ കൂടംകുളം വിഷയത്തിൽ മാധ്യമങ്ങൾ ശ്രദ്ധാപൂർവ്വം പുലർത്തിപ്പോന്ന കുറ്റകരമായ മൗനത്തെ ഭേദിച്ചുയരാൻ അവയ്ക്കു സാധിച്ചത് 'സഹനസമരത്തിന്റെ തീവ്രത വെളിപ്പെടുത്തുന്നു.


കൂടംകുളം സമരത്തിന്റെ കെട്ടുറപ്പ് അമ്മമാരുടെ, സഹോദരിമാരുടെ ഉടലും ഉയിരും കൊടുത്തുള്ള സമരസന്നദ്ധതയാണ് എന്ന് അണുഗുണ്ട് സാക്ഷ്യപ്പെടുത്തുന്നു. ജീവിക്കാനുള്ള അവകാശത്തിനായി ഉച്ചത്തിലുച്ചത്തിൽ സംസാരിക്കുന്ന പെൺമുഖങ്ങൾ, വിദ്യാർത്ഥികൾ, സാധാരണക്കാർ... പ്രശ്നത്തെക്കുറിച്ച് പ്രത്യാഘാതങ്ങളെക്കുറിച്ച് അവർക്ക് അറിവുണ്ട്. 'ഉയിരിരുന്താതാനെപഠിക്കമുടിയും' എന്ന ചോദ്യം ആ അറിവിന്റെ വെളിച്ചത്തിൽ നിന്നാണ് രൂപപ്പെട്ടിട്ടുള്ളത്. ജയലളിതയും ഞങ്ങളെപ്പോലെ ഒരു പെണ്ണുതന്നെ. അവർ നല്ലൊരു അഭിനേത്രിയാണ് എന്ന ഉർസലിന്റെ വാക്കുകൾ വ്യക്തമാക്കുന്നത്. കൂടംകുളം സമരം കേവലമൊരു വൈകാരികാവേശമല്ല; മറിച്ച് ജനതയുടെ ബൗദ്ധിക ജാഗ്രതയുടെ ഫലമാണ് എന്നതാണ്.

സമരത്തിന് നേതൃത്വം കൊടുക്കുന്ന ഉദയകുമാറിന്റെ 'I am a leftist' എന്ന ഉറച്ച പ്രഖ്യാപനത്തോട് ചേർന്നുനിന്ന് വ്യവസ്ഥാപിത ഇടതുപക്ഷത്തിന്റെ പ്രയോഗകർത്താക്കളോട് ഉറച്ചു ചോദിക്കട്ടെ, നവ മുതലാളിത്തം സാധ്യമാക്കിയ പുതിയ വർഗ്ഗബന്ധങ്ങളിൽ എവിടെയാണു നിങ്ങൾ കൂടംകുളത്തെ സമരജീവിതത്തെ സ്ഥാനപ്പെടുത്തുന്നത്? അദ്ധ്വാനിക്കുന്ന അടിസ്ഥാനവർഗ്ഗത്തിന്റെ, അവർ ഉയിർ ചേർത്തുവെച്ച പരിസ്ഥിതിയുടെ നിലനിൽപ്പിനായുള്ള പോരാട്ടത്തെ എങ്ങനെയാണ് രേഖപ്പെടുത്തുന്നത്?

കൂടംകുളത്ത് നടക്കുന്ന വർഗ്ഗസമരത്തിനോട് എങ്ങനെയാണ് മുഖം തിരിക്കാനാവുന്നത്?

കൂടംകുളത്തിന്റെ ആണവഭീകരത വ്യക്തമാക്കുന്ന മറ്റൊരു ഡോക്യുമെന്ററിയാണ് ശ്രീമിത്ത് കുറ്റ്യാടിയുടെ 'ഗെറ്റ് അപ് സ്റ്റാൻഡ് അപ്'. സിഡികൾ ആവശ്യമുള്ളവർ സംഘടിതയുമായി ബന്ധപ്പെടുക.
ഫോൺ : 0495 2744370

# രാത്രിയിലെ പാട്ട്



ജഗതി.പി

**പനിക്കിടക്കയിൽ** സർവ്വവും തളർന്ന് ആഹാരമൊന്നും കഴിക്കാതെ മയങ്ങി കിടക്കുമ്പോഴാണ് പാട്ടു കേട്ടത്. രാത്രിയുടെ ഈ യാമത്തിൽ എവിടെ നിന്നാണീ പാട്ട്! അടുത്ത വീട്ടിലെ സ്കോർപ്പിയോയിൽ നിന്നായിരിക്കുമോ? ടാക്സിയായിട്ടോടുന്ന വണ്ടിയാണ്. ഉറങ്ങി കിടക്കുന്നവരെ മൈൻഡു ചെയ്യാതെ പാട്ടുവെച്ച്അവർവണ്ടി എടുക്കുമോ? ചില സമയങ്ങളിൽ അയൽപക്കക്കാരെ മൈൻഡു ചെയ്യാതെ വലിയ ശബ്ദത്തിൽ പാട്ടു വെക്കുക അവരുടെ ഒരു ഹോബിയാണ്. എങ്കിലും ഇത്ര വൈകിയ രാത്രി? അറിയാതെ ഓണായി പോയതായിരിക്കുമോ? അപ്പോഴേയ്ക്കും പാട്ടു നിന്നു. വീണ്ടും ഉറങ്ങാൻ ശ്രമിക്കുമ്പോൾ വീണ്ടും പാട്ട്. ചിന്തയ്ക്കൊരു 'ഡീവിയേഷൻ'. അത് പാട്ടല്ലായിരിക്കുമോ? പുള്ളിയുടെ പുതിയ മൊബൈബലിന്റെറിങ്ടോണായിരിക്കുമോ? ഹാളിൽ നിന്നായിരിക്കും. കുലുക്കി വിളിച്ചു. ഉണരുന്നില്ല. പാർട്ടി കിടന്നിട്ട് അധിക നേരമായില്ല. ശരിക്കു പറഞ്ഞാൽ പുള്ളി ഉറങ്ങാൻ വരുമ്പോൾ എന്റെ ഉറക്കം മുഴുവനായി നഷ്ടപ്പെട്ടതാണ്. ഇന്നലെ കിടക്കുമ്പോൾ കരുതിയത് രാത്രി കൂടാതെ നാളെ ഞായറാഴ്ച ഉറക്കം മുഴുവനായി തീരും വരെ ഉറങ്ങി തീർക്കണമെന്നാണ്.

പനിയും ക്ഷീണവും അകറ്റാൻ 'റെസ്റ്റ്' മസ്റ്റ് ആണെന്ന്ഡോക്ടർപറഞ്ഞതാണ്.എന്തുചെയ്യാം സാധിക്കുന്നില്ല. ഓരോരോ കാര്യമായി, മറ്റുള്ളവർക്കായി ഉഴിഞ്ഞു വച്ചതാണ്. സ്ത്രീ ശരീരമെന്നപ്പോഴാണ് തോന്നുക. മനസ്സിൽ ഒരു പരിപാടിയിടും വേറൊന്നുനടക്കും.കുഞ്ഞുങ്ങൾചെറുതായിരുന്നപ്പോൾ എത്ര നല്ലതായിരുന്നെന്ന് ഇപ്പോൾ തോന്നുന്നു. അന്ന് ഇവരൊന്നു വലുതായി എന്റെ സാരിത്തുമ്പിൽ നിന്നു പിടിവിട്ടിട്ടു വേണം നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കാൻ എന്നു കരുതിയിരുന്നു. നഷ്ടപ്പെട്ടതെല്ലാം നഷ്ടപ്പെട്ടതു തന്നെ. അല്ലെങ്കിൽ ലാഭവും നഷ്ടവും എന്നൊന്നില്ല. ഇപ്പോൾഎങ്ങനെയാണോഅങ്ങനെ.അക്കരെ പച്ചകളെപ്പറ്റി വെറുതേ മോഹിക്കരുത് എന്നൊക്കെ മനസ്സിനെബോധ്യപ്പെടുത്താൻ ഇപ്പോൾ കഴിയുന്നുണ്ട്. മനസ്സ് എപ്പോഴും നീറിനീറി നീറ്റുകക്കപോലെ പൊടിഞ്ഞിരിക്കുന്നു. പുറമെയുള്ള ചാരം ഒന്നു ഊതിക്കളഞ്ഞാൽ മതി. അത് ആ രൂപം വിട്ട് പൊടിയായി അല്ലെങ്കിൽ അരൂപിയായി ഭവിക്കും. ചിന്തകൾ കാടുകയറുകയാണ്. കിടക്കയിൽ ഉറക്കമില്ലാതെ കിടക്കുമ്പോൾ സംഭവിക്കുന്നതാണ് അതൊക്കെ.ഒന്നിൽപിടിച്ചുമറ്റൊന്ന്.



ചിന്തകൾക്കു ബ്രേക്കിട്ടുകൊണ്ട് വീണ്ടും പാട്ട്. ഇത് മൊബൈൽ തന്നെ.പെട്ടെന്ന്മനസ്സ്കുറെഅശുഭചിന്തകളിലേക്ക് ചാടി,ആർക്കെങ്കിലും എന്തെങ്കിലും അത്യാഹിതം, മരണം കാത്തു കഴിയുന്ന അമ്മ? വേഗം വിളിച്ചുണർത്തി എന്റെ മറുപാതിയെന്ന നാമത്തിനർഹനായവനെ. പാവം നൈറ്റ് ഡ്യൂട്ടി കഴിഞ്ഞു കിടക്കുകയാണ്. രാത്രിയുടെ മുക്കാൽ ഭാഗവും 'ഓൺ ഡ്യൂട്ടി' യിലാണ്. 'ഓൺലൈനി' ൽ തിളങ്ങുന്ന തേജസ്സോടു കൂടിയ ഒരു ചോക്കലൈറ്റ് ബേബിയെ ആകർഷിക്കാൻ അവനു കഴിഞ്ഞു. അതോടെഅവനാസൂര്യതേജസ്സിനു ചുറ്റും കറങ്ങുന്നഒരുഗ്രഹമായിമാറി.പാവങ്ങളായ ഞങ്ങൾ-ഞാനുംകുട്ടികളും- വെറും ഉപഗ്രഹങ്ങളായി അവനൊപ്പം കറങ്ങുകയല്ലാതെ എന്തുചെയ്യും. ഞങ്ങൾ ശരിക്കും വട്ടം കറങ്ങിപ്പോയി. ഞങ്ങൾക്ക് ഇതിൽ നിന്നും മോചനമില്ല. ആദ്യമാദ്യം തേങ്ങിയ മനസ്സ് യാഥാർത്ഥ്യംഅംഗീകരിച്ച് ഒതുങ്ങിവരുന്നു. എങ്കിലുംചിലനിമിഷങ്ങളിൽ ചിന്തകൾ കാടുകയറും. എന്റെ രക്തം ഞാനറിയാതെ തിളയ്ക്കും. തിളച്ചിട്ടെന്താ എന്റെ ഉറക്കം നഷ്ടപ്പെടുന്നതിൽ കവിഞ്ഞ് ഒന്നുംഉണ്ടാവില്ല.അവന്റെരക്തംതിളച്ചാൽചൂടുംപുകയുംആവിയുമേറ്റ് അയൽപക്കക്കാർ പോലും വാടിപ്പോകും. ഹൈപ്പർ ഒരു 11കെ.

വി.എയ്ക്കുമേലെയുണ്ടാവും.

ഫോണിൽ പോലീസാണ്, പരിചയക്കാരൻ. അദ്ദേഹത്തിന്റെ രാത്രി ഡ്യൂട്ടിക്കിടെ കണ്ട മോഷണത്തിന് എഫ്.ഐ.ആർ തയ്യാറാക്കാനുള്ള ശ്രമത്തിന്റെഭാഗമായി സ്ഥാപനമുടമയുടെ നമ്പറിനുള്ള അന്വേഷണത്തിലാണ്. നമ്പർ കിട്ടാൻ സാധ്യതയുണ്ടെന്ന് തോന്നുന്നവരെയൊക്കെ വിളിച്ചുകൊണ്ടിരിക്കുകയാണ്. പരോപകാരിയായ എന്റെ നല്ലപാതിയും നമ്പർ അന്വേഷണത്തിൽ കൂടി, ആരുടെയോ ഒക്കെ ഉറക്കത്തിലേക്കു കടന്നു കയറി. അവസാനം വിജയകരമായി പൂർത്തിയാക്കി തിരിച്ചു വന്നു കിടന്നപ്പോൾ സമയം നാലുമണി. ഇനി എങ്ങനെയുറങ്ങും. കിടന്നപാടെ ആളുറങ്ങി. ഇനി ഏഴുമണിയായിട്ടു നോക്കിയാൽ മതി. ഞായറാഴ്ച ആയതുകൊണ്ട് അത് എത്രവരെ വേണമെങ്കിലും നീളാം. ഞാൻ നാലുനാലരയ്ക്ക് എഴുന്നേൽക്കാറുണ്ട്. എഴുന്നേറ്റു ലൈറ്റിട്ട വഴിക്ക് ലാൻഡ് ഫോൺ ഒറ്റ ബെല്ലടിച്ചു നിന്നു. എടുക്കാൻ എത്തിയതാണ്. വീണ്ടും ബെല്ലടിക്കാൻ തുടങ്ങിയപ്പോൾ തന്നെ ചാടി എടുത്തു. എന്തിന് എല്ലാവരുടേയും ഉറക്കം കളയണം. ഫോണിൽ അപരിചിത സ്വരം, എന്നാൽപരിചിതഭാവത്തിൽപേരു വിളിച്ച്!

"വിമല ഒന്നു വീടിന്റെ പുറകിലെ ഡോർ തുറന്ന് ഇവിടേയ്ക്കു വരൂ. വേറെഎവിടേയ്ക്കുമല്ല, നിങ്ങളുടെ കോമ്പൗണ്ടിൽ തന്നെയുള്ള തറവാട്ടുവീട്ടിലേയ്ക്ക്."

വലിയ കോമ്പൗണ്ടിന്റെ ഒരറ്റത്ത് പുതിയ വീടും പുറകിൽ നടുവിലായി പഴയ തറവാടും. വഴിമൂടിയപോലെചേമ്പുംതൂപ്പുംകാടുപിടിച്ചുകിടന്നു.

"ആരാണ്?"

"ഞാനിവിടെവാടകക്കാരൻ"

അനിയനാണ് വാടകയ്ക്കു കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നത്. പുതിയ വാടകക്കാരനെപരിചയപ്പെട്ടിട്ടില്ലായിരുന്നു. ചെറുപ്പക്കാരാണ്. കല്യാണം കഴിഞ്ഞ് അധികമാവാത്തവരാണ്. ആദ്യപ്രസവം കഴിഞ്ഞു വന്നു, എന്നൊക്കെകേട്ടിരുന്നു. ശരികണ്ടു കളയാം. കയറി ചെന്നു. താടിയൊക്കെ വച്ച ഒരു ചെറുപ്പക്കാരൻ. എന്തോ ഒരാകർഷണം തോന്നുന്ന കണ്ണുകൾ.

"ഇരിക്കൂ" അയാൾപറഞ്ഞു.

മുമ്പിൽ കണ്ട വലിയ സോഫയിലേക്ക് ഇരുന്നു. അങ്ങു കുഴിഞ്ഞ് വീണു പോയീന്നു പറയാം. മലർന്നു കിടന്നപോലെയായി പോയി. ബദ്ധപ്പെട്ട് എഴുന്നേൽക്കാൻശ്രമിക്കുമ്പോൾ,

"ഞാൻവിനോദ്"

അവൻ കൈ നീട്ടി. എന്തോ ഒരു മാസ്മരികത ആ നോട്ടത്തിനും ചലനങ്ങൾക്കുമുണ്ട്. അറിയാതെ കൈയ്യിൽ പിടിച്ചു പോയി. പിടിച്ചെഴുന്നേൽപ്പിക്കാൻ അവന്റെ കരുത്ത്. ശരീരത്തിലൂടെ ഒരു വിദ്യുത് പ്രവാഹം കടന്നുപോയതുപോലെതോന്നി.

"വിമലാ, നോക്കൂ നിങ്ങൾ എന്നെ ഇതുവരെ കണ്ടിട്ടില്ലെന്ന് എനിക്കറിയാം. ഞാൻ ഇവിടെ ഇരുന്ന് സർവ്വവും കാണുകയും കേൾക്കുകയും ചെയ്യുന്നു. നിങ്ങളുടെവീട്ടിലെപ്രശ്നങ്ങൾഎല്ലാം എനിക്കറിയാം."

ഞാൻ ആകെ ഐസായി. എന്നെ ദിലീപ് ചീത്ത വിളിക്കുന്നത് മറ്റൊരാൾ കേട്ടു എന്നു റിപ്പോർട്ടു ചെയ്യുന്നത് ഇതാദ്യമാണ്. ചുറ്റുപാടുമുള്ളവർക്ക് നന്നായി കേൾക്കുന്ന വിധത്തിൽ തന്നെയാണ് ദീപു ആ പ്രയോഗങ്ങൾ നടത്താറെങ്കിലും നേരിട്ടു കാണുമ്പോൾ ആരും അതു പറയാറില്ല, ചോദിക്കാറില്ല. മക്കളുടെ നാണക്കേട് മറ്റുള്ളവർ കേൾക്കും എന്നതാണ്. അല്ലാതെ അമ്മയുടെ വിഷമം അല്ലേ അല്ല. അല്ലെങ്കിൽ തന്നെ കമ്പ്യൂട്ടർ, ടി.വി, മൊബൈൽ ഇവയുടെ വർണ്ണാഭമായ ലോകത്തു നിന്നു മുഖം തിരിച്ചു അമ്മയുടെ മുഖം കാണാനാർക്കാണുനേരം.

"ഞാൻ രാത്രി ഡ്യൂട്ടിക്കു പോകാൻ തയ്യാറെടുക്കുമ്പോൾ അല്ലെങ്കിൽ ഡ്യൂട്ടി കഴിഞ്ഞു വരുമ്പോൾ, അല്ലഎപ്പോഴൊക്കെയോ എല്ലാം ദിലീപിന്റെ അലർച്ച കേൾക്കാറുണ്ട്. അപ്പോഴൊക്കെ എനിക്കു നിങ്ങളെ പരിചയപ്പെടണമെന്നു തോന്നിയിട്ടുണ്ട്. ഇതെല്ലാം സഹിച്ചു കൂടെ കഴിയുന്ന നിങ്ങൾക്ക് അവാർഡ് തരണം." അയാൾ ഒറ്റശ്വാസത്തിൽ പറഞ്ഞുതീർത്തു.

വീണ്ടും ഇരിക്കാൻ തോന്നിയെങ്കിലും ഞാൻ വേണ്ടെന്നു വെച്ചു. നേരത്തെ പോലെ വീണു പോയാലോ. ഇതു മനസ്സിലാക്കി എന്നവണ്ണം അയാൾ എന്നോട് വീണ്ടും ഇരിക്കാൻ പറഞ്ഞു. സോഫയിൽ കൈവെച്ച് ശ്രദ്ധാപൂർവ്വംഇരുന്നു.

"എവിടെ നിങ്ങളുടെ ഭാര്യ"

"നിങ്ങളോടു പറയാമല്ലോ, നിങ്ങളെ ഞാൻ 'ഒബ്സെർവ്വു' ചെയ്തിൽ നിന്നും നിങ്ങൾക്ക് മറ്റുള്ളവരെ മനസ്സിലാക്കുന്ന നല്ല ഒരു ഹൃദയം ഉണ്ടെന്ന് എനിക്ക് മനസ്സിലായി."

ഞാൻ വീണ്ടും വല്ലാതെയായി. ഞാനറിയാതെ എന്നെ നിരീക്ഷിക്കുന്ന ഒരാൾ. രാത്രിയുടെ ഏതുയാമത്തിലും നടക്കുന്ന വഴക്കുകൾ സാക്ഷിയായി ദൈവത്തെപ്പോലെ ഒരാൾ. ഇയാളെ ദൈവം അയച്ചതായിരിക്കുമോ? ഏതുകാര്യത്തിനു പിന്നിലുംദൈവത്തിനു ഒരുഉദ്ദേശ്യമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. ചിലപ്പോഴിതുനമ്മൾ തിരിച്ചറിയുന്നു. അപ്പോൾ നമ്മൾ ഭാഗ്യത്തെക്കുറിച്ചു പറയുന്നു. ചിലപ്പോൾ തിരിച്ചറിയുന്നില്ല. അപ്പോൾ നമ്മൾ വിധിയെ പഴിക്കുന്നു.

"അവളെ ഞാനിവിടെ നിർത്താൻ ഉദ്ദേശിക്കുന്നില്ല. ഫാമിലിക്കേ വീടു കൊടുക്കൂ എന്നു പറഞ്ഞതിനാൽ അവളെ ഒന്നു കൊണ്ടു വന്നതാണ്. ഏതോ കമ്പനിയുടെ റെപ്രസന്റേറ്റീവ് ആണു ഞാനെന്നാണ് അവളും കുടുംബക്കാരും ധരിച്ചിരിക്കുന്നത്. സത്യത്തിൽ ഞാനൊരുകള്ളനാണ്."

"ങ്ടേ" ഞാൻചാടിഎഴുന്നേറ്റു.

"വിമലയുടെ ഭർത്താവ് അവിടെയിരുന്നു ഫോൺ ചെയ്തുകൊണ്ടിരുന്നത്. അങ്ങേ തലയ്ക്കലെ പോലീസ് പറഞ്ഞ കളവു നടത്തിയത് ഞാനാണ്. എല്ലാം കഴിഞ്ഞ് ഞാനിവിടെ വരുമ്പോഴാണ് ഫോൺ ബെല്ലടിക്കുന്നത്. ഞാൻ എല്ലാ കേട്ടു. സത്യത്തിൽ എനിക്ക് ചിരിവന്നു. ഈ പോലീസുകാരുടെ ഒരു ഗതികേടേ; ഞാൻ അത്യാവശ്യം ഡിഗ്രിയൊക്കെ കഴിഞ്ഞ്തൊഴിലന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്തിയ സത്യം ഇതാണ്- കേവലം ഒരു തൊഴിൽ

കിട്ടാനുള്ള വഴികളും അതു തരുന്ന സൗകര്യങ്ങളും 'അനലൈസ്സ്' ചെയ്ത് ഞാൻ ഒരു തീരുമാനത്തിലെത്തി. തൊഴിൽ കല്യാണം പോലെയാണ്. അന്തസ്സ്, പദവി, പണം ഒക്കെ തരും. എന്നാൽ പണം ആവശ്യത്തിനു കിട്ടി എന്നു വരില്ലെങ്കിലും കല്യാണത്തിൽ നിന്നു വ്യത്യസ്തമായി ജോലി കിട്ടുന്ന തത്ര എളുപ്പമല്ല. പലവാതിലുകളും മുട്ടുകയും കാണേണ്ട രീതിക്ക് കാണുകയും ഒക്കെ ചെയ്താൽ മാത്രമേ പലപ്പോഴും മുന്തിയ തൊഴിലുകൾ കിട്ടൂ. എന്നാൽ അതല്ലാതെയും കുറെ തൊഴിലുകളുണ്ട്. പല കമ്പനികളുടേയും റെപ്രസെന്റേറ്റീവ് ജോലികൾ, അതിലൊന്നാണ് എന്റേത്. മാർക്കറ്റിംങ് എക്സിക്യൂട്ടീവ് എന്ന സുന്ദരൻ പേരേ പുറത്തറിയൂ. ഞാൻ എക്സിക്യൂട്ടീവ് എന്ന ലേബൽ വെച്ച് ജീവിക്കാനും പണമുണ്ടാക്കാൻ പറ്റിയ വേറെ പണിക്കിറങ്ങാനും തീരുമാനിച്ചു. മുതൽ മുടക്കില്ലാത്ത പണി.തെളിച്ചുപറയാം."

വിനോദ് ഒന്നു ശ്വാസമെടുത്ത് വീണ്ടും പറയാൻ തുടങ്ങി. ഞാൻ രസംപിടിച്ച്കേൾക്കാനും.

"ഞാൻ- കമ്പനിയുടെ മാർക്കറ്റിംഗ് എക്സിക്യൂട്ടീവായാണ് അറിയപ്പെടുന്നതെങ്കിലും എനിക്ക് പണി രാത്രിയിൽ എല്ലാവരും ഉറങ്ങിയ ശേഷമാണ്. ഞാൻ കളവു നടത്തുന്നതിനെ ന്യായീകരിച്ചു പറയുകയല്ല. എങ്കിലും നമ്മൾ ചെയ്യുന്ന കാര്യങ്ങൾക്ക് നമ്മൾ ന്യായീകരണം കണ്ടെത്തിയല്ലേ മതിയാവൂ. മറ്റുള്ളവരുടെ കയ്യിൽ നിന്നും തട്ടിയെടുത്ത് കൂട്ടിവെച്ച പണംകണ്ടെത്തിഅത്അത്യാവശ്യക്കാർക്ക് എത്തിച്ചു കൊടുക്കുന്ന പണിയാണ് ഞാൻ ചെയ്യുന്നത്. കൂട്ടത്തിൽ എന്റെയാവശ്യത്തിന് ചെറിയ തുക എടുക്കാറുണ്ട്, കമ്മീഷൻപോലെ."

എനിക്കെന്തോ വിനോദിനെ ഭയക്കാൻ തോന്നിയില്ല. ഞാൻ വീണ്ടും മെല്ലെ സോഫായിൽ ഇരുന്നു. ലോകം മുഴുവൻ ഉറക്കത്തിലാണ്. ചിണുങ്ങി തുടങ്ങിയ മഴയ്ക്ക് ഒരു ഗൗരവം വെച്ചു. വിനോദും ഗൗരവത്തോടെ ലൈഫിനെക്കുറിച്ച് പറയുകയാണ്. സ്വന്തം കാര്യം മാത്രമല്ല അതിൽ ചുറ്റുപാടുമുള്ള ജീവിതമുണ്ട്. മറ്റുള്ളവരുടെ നൊമ്പരങ്ങളെ തിരിച്ചറിയുന്ന ഒരു മനസ്സ്, ലോകത്തിൽ അപൂർവ്വമായി മാത്രം കാണാൻ കിട്ടുന്നത് ഞാൻ വിനോദിൽ കണ്ടു. മഴയിലൂടെ അലിഞ്ഞലിഞ്ഞ് വിനോദിന്റെ ആർദ്രമായ മനസ്സ് തുറന്ന് വരുന്നത് ഞാൻ കണ്ടു. എന്നിൽ എന്തൊക്കെ വികാരങ്ങളാണ് ഉണരുന്നതെന്ന് എനിക്ക് വേർതിരിച്ചു പറയാൻ വയ്യ. ഇതാ ഞാനൊരു ദൈവപുത്രനെ കണ്ടെന്നു വേണമെങ്കിൽ പറയാം. വിനോദിന്റെ കഥ കേട്ടാൽ ചിലരെങ്കിലും കായംകുളം കൊച്ചുണ്ണി എന്നു പറയും. കൊച്ചുണ്ണി കക്കുന്നത് പാവങ്ങളെ ഊട്ടാനാണെന്ന് കുഞ്ഞുന്നാളിൽ കേട്ട കഥകളിലുണ്ട്. ശരിയോ? തെറ്റോ? ഇവിടെ ഇതാ ഒരാൾ പുതിയ കാലത്തിന്റെ സമസ്യകൾ പൂരിപ്പിക്കാൻ കള്ളനായി അവതരിച്ചിരിക്കുന്നു. വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ - നമ്മുടെ ശ്രദ്ധയും പരിചരണവും ആവശ്യമായ സ്ഥലങ്ങൾ, ഇവിടെയൊക്ക പേരു പറയാൻ ആഗ്രഹിക്കാത്ത ഒരാൾ എന്ന ലേബലിൽ വിനോദ് കൊടുക്കുന്ന പണത്തിനു കണക്കുണ്ടാവാം, ഇല്ലായിരിക്കാം. എന്തായാലും ഒരുപാടു പാവങ്ങളുടെ കണ്ണീരൊപ്പുന്ന കൈകളാണ് എന്റെ മുന്നിലിരിക്കുന്നതെന്ന് മനസ്സു പറയുന്നു. വിനോദ് എഴുന്നേറ്റ് സോഫയിൽ എന്റെ കൂടെയിരുന്നു. ഞാൻ അറിയാതെ തന്നെ ആ തോളിലേയ്ക്കു ചാഞ്ഞു. പൊട്ടിപ്പൊട്ടി കരഞ്ഞു. വിനോദിന്റെ കൈകൾ എന്നെ ചുറ്റി. അണപൊട്ടിയ കണ്ണുനീരിനെ തുടച്ചുകൊണ്ടേയിരുന്നു. വളരെ നാളായി കെട്ടിക്കിടന്ന ദുഷിച്ച ജലമൊക്കെ ഒഴുക്കി വിട്ട് നിർമ്മലമായ ഹൃദയത്തോടെ, കൃതജ്ഞതയോടെ ഞാൻ തിരികെ വീട്ടിലേക്കു നടന്നു. മഴ പെയ്തുതോർന്ന് ഒരു കുളിർകാറ്റ് എന്നെ ചുറ്റി തഴുകി കടന്നുപോയി. എന്റെ ചുണ്ടിൽ ഒരു മൂളിപ്പാട്ടു വന്നു പറന്നിരുന്നു. ഞാൻ ഭാരമില്ലാത്തവളായി. എനിക്കു കുട്ടികളുടെയും ഭർത്താവിന്റെയും കാര്യങ്ങളോർമ്മ വന്നു. വിളിച്ചുണർത്തണം. പഠിക്കണം, ട്യൂഷനു പോകണം, ഭക്ഷണം പാകം ചെയ്യണം, മറ്റു വീട്ടുകാര്യങ്ങൾ നോക്കണം. ങാ, ഞായറാഴ്ചയാണ്. ഓഫീസിലേക്കു പോകേണ്ടെങ്കിലും വേറെ ഒരുപാട്കാര്യങ്ങളുണ്ട്. ഇതെല്ലാം ഒന്നിനു പുറകേ ഒന്നായി എന്റെ മനസ്സിലേക്കോടി വന്നു. പക്ഷെ എന്റെ ഭാരമിറക്കിവെച്ച മനസ്സ് എനിക്ക് ധൈര്യം തന്നു. ഒരു പൂമ്പാറ്റയുടെ ലാഘവത്തോടെ ഞാൻ പറന്നു നടന്ന് എന്റെ ഉത്തരവാദിത്തങ്ങളിലേക്കിറങ്ങി.

## പ്രിയ വായനക്കാരോട്

***സംഘടിതയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ, കഥ, കവിത മുതലായവയെക്കുറിച്ച് നിങ്ങൾക്കുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്ഷണിക്കുന്നു. സഹകരിക്കുമല്ലോ.***




എഡിറ്റർ

റിപ്പോർട്ട്

# വൈവാഹികപരമായ സ്വത്തുക്കളുടെ മേലുള്ള അവകാശങ്ങളെ സംബന്ധിച്ചുള്ള ഏകദിനശില്പശാല





**അഡ്വ.സന്ധ്യാരാജു**
ഹ്യൂമൻ റൈറ്റ്സ് ലോ നെറ്റ്‌വർക്ക്
എറണാകുളം


**വിവാഹത്തിനു** ശേഷമുള്ള വസ്തുക്കളുടെ മേലുള്ള അവകാശങ്ങളെ കുറിച്ച് ധാരാളം ചർച്ചകളും സംവാദങ്ങളും ഉണ്ടായിട്ടുണ്ട്. ഇത് ഒരു നവീനസങ്കല്പമാണ്. നീതിന്യായ വ്യവസ്ഥയിൽ ഇതിനെക്കുറിച്ച് ഒന്നും തന്നെ പ്രതിപാദിച്ചിട്ടില്ല. ഇന്ന് നിലവിലുള്ള പല സ്വകാര്യ നിയമങ്ങളിലും ഈ കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നില്ലെങ്കിലും, പിന്തുടർച്ചാവകാശപ്രകാരമോ, പാരമ്പര്യമായോ ഒരു വ്യക്തിക്കു ലഭിക്കുന്ന വസ്തുവിന്റെ മേലുള്ള അവകാശത്തെക്കുറിച്ച് പറയുന്നുണ്ട്. ഇസ്ലാമികവിശ്വാസം ഒഴികെ മറ്റു മതവിശ്വാസങ്ങളിൽ എല്ലാം വിവാഹം പരിശുദ്ധമായ ആചാരമാണ്. ആയതിനാൽ വിവാഹമോചനം മറ്റു മത വിശ്വാസങ്ങൾ പ്രോത്സാഹിപ്പിക്കുന്നില്ല. അതിനാൽ തന്നെ വിവാഹ മോചനത്തിനു ശേഷമുള്ള വസ്തുവിന്റെ ഭാഗം വയ്പിനെക്കുറിച്ച് ഒന്നും തന്നെ പറയുന്നില്ല.

വ്യവസായവൽക്കരണത്തിന്റെ പ്രഭാവം മൂലം വിവാഹബന്ധങ്ങൾ കൂടുതൽ തകരുവാൻ തുടങ്ങി. സ്വത്ത് ഭാഗം വയ്ക്കുന്നതിൽ കൂടുതൽ പ്രാതിനിധ്യം വന്നു തുടങ്ങി. പ്രധാനമായും സ്ത്രീകൾ കുടുംബിനികൾ ആയിരുന്നതിനാൽ അവരുടെ അധ്വാനം അന്നദാതാവിന്റെയത്രയും പരിഗണിക്കപ്പെടുന്നില്ല. സ്ത്രീകളുടെ ദൈനംദിനചിലവുകൾ തുച്ഛവും അവൾ ചെയ്യുന്ന ജോലി വ്യർത്ഥവുമാണ്. സ്ത്രീകളുടെ ദൈനംദിനാവശ്യങ്ങൾക്കനുസരിച്ച് ജീവനാംശം നൽകുന്നുണ്ടെങ്കിലും ഗാർഹിക മേഖലയിൽ സ്ത്രീ ചെയ്യുന്ന സംഭാവനകൾ വസ്തുക്കളുടെ അവകാശവുമായി തുലനം ചെയ്യുന്നില്ല. വൈവാഹികസ്വത്തവകാശങ്ങളെക്കുറിച്ചുള്ള നിയമങ്ങൾ ഉണ്ടാക്കുവാൻ പല ശുപാർശകളും വനിതാസംഘടനകളിൽ നിന്നും ലോ കമ്മീഷൻ ഓഫ് ഇന്ത്യയിൽ നിന്നും നൽകപ്പെട്ടിട്ടുണ്ട്. ആദ്യമായി ഒരു കരടുരേഖ രൂപപ്പെടുത്തിയത് മഹാരാഷ്ട്രയിലാണ്.

> **വ്യവസായവൽക്കരണത്തിന്റെ പ്രഭാവം മൂലം വിവാഹബന്ധങ്ങൾ കൂടുതൽ തകരുവാൻ തുടങ്ങി. സ്വത്ത് ഭാഗം വയ്ക്കുന്നതിൽ കൂടുതൽ പ്രാതിനിധ്യം വന്നു തുടങ്ങി.**

ഈ സന്ദർഭത്തിൽ, ഹ്യൂമൻ റൈറ്റ്സ് ലോ നെറ്റ്‌വർക്ക് കേരള ശാഖയുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല ഏകദിനശില്പശാല രണ്ടായിരത്തിപന്ത്രണ്ടാമാണ്ട് സെപ്റ്റംബർ 8-ാംതീയ്യതി എറണാകുളം ആശിർഭവനിൽ വെച്ച് നടത്തുകയുണ്ടായി. ഇതിനോടനുബന്ധിച്ച് ചർച്ചകളും സംവാദങ്ങളും നടത്തപ്പെട്ടു. വിവാഹമോചനത്തിനു ശേഷം സ്വത്ത് തുല്യമായി ഭാഗിക്കുവാൻ കഴിയുന്ന രീതിയിലുള്ള ഒരു കരടുരേഖ രൂപപ്പെടുത്തുവാനുള്ള ചർച്ചയും നടന്നു. സ്ത്രീ സംഘടനകളും, അഭിഭാഷകരും, സാമൂഹ്യപ്രവർത്തകരും, സ്ത്രീ ശക്തീകരണത്തിനായി പ്രവർത്തിക്കുന്ന മറ്റിതര സംഘടനകളും ഈ ചർച്ചയിൽ പങ്കെടുത്തു.

ശ്രീമതി പ്രിറ്റി റേച്ചൽ കോശി സ്വാഗതം ആശംസിച്ചു. വൈവാഹികസ്വത്തവകാശങ്ങളെ കുറിച്ചുള്ള ആമുഖം ഹ്യൂമൻ റൈറ്റ്സ് ലോ നെറ്റ്‌വർക്ക് (HRLN) ഡയറക്ടറായ അഡ്വ.സന്ധ്യാരാജു പറയുകയുണ്ടായി. കേരള വനിതാ കമ്മീഷൻ അംഗമായ ഡോ.പ്രമീളാ ദേവി ശില്പശാലയിൽ അധ്യക്ഷത വഹിച്ചു. കേരള സർവ്വകലാശാല അസി. പ്രൊഫസറായ ശ്രീമതി സിന്ധു തുളസീധരൻ. വൈവാഹിക സ്വത്തവകാശങ്ങളെക്കുറിച്ചുള്ള നിയമ വശങ്ങൾ സംസാരിച്ചു. വയനാട് HRLNന്റെ കോ-ഓഡിനേറ്ററായ അഡ്വ. മരിയയും കൾച്ചറൽ അക്കാഡമി ഫോർ പീസിന്റെ ചെയർ പേഴ്സൺ ശ്രീമതി ബീനാ സെബാസ്റ്റ്യനും ശില്പശാലയിൽ പ്രസംഗിക്കുകയുണ്ടായി. എല്ലാവരും പൊതുവായി വൈവാഹിക സ്വത്തവകാശങ്ങൾക്കു വേണ്ടി പുതിയ ഒരു നിയമം അത്യാവശ്യമാണെന്ന് ഏകസ്വരത്തിൽ അഭിപ്രായപ്പെട്ടു. വുമൺസ് ചോയ്സ്, എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി, കേരള മഹിളാ സമഖ്യ എന്നീ സ്ത്രീ സംഘടനകളും സാമൂഹ്യപ്രവർത്തകരായ, രേഖാരാജ്, ജ്യോതിനാരായണൻ, അന്വേഷി പ്രസിഡണ്ട് കെ.അജിത, ഗവ.ലോ.കോളേജ് അസി.പ്രൊഫസർ ടി.ജി.അജിത, HRLN തിരുവനന്തപുരം ശാഖ കോ-ഓർഡിനേറ്റർ അഡ്വ.സന്ധ്യ. ജെ, അഡ്വ.രാജശ്രീ ആലപ്പുഴ എന്നിവരും ശില്പശാലയിൽ പങ്കെടുത്തു.



**ഇക്കഴിഞ്ഞ** ഒക്ടോബർ എട്ടാം തിയ്യതി സംഘടിതയുടെ വെബ് സൈറ്റ് **www.sanghaditha.com** ഉത്ഘാടനം ചെയ്തു. കോഴിക്കോട് പ്രസ് ക്ലബ്ബിൽ നടന്ന ലളിതമായ ചടങ്ങിൽ പ്രശസ്ത സിനിമാതാരം റിമാകല്ലിങ്കൽ ആണ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത്. കെ.അജിത (മാനേജിംഗ് എഡിറ്റർ സംഘടിത), പ്രൊഫ.ബിന്ദു ആമാട്ട് (പത്രാധിപ സമിതി), ബേബി മുല്ലശ്ശേരി, ശ്രീജ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു സംസാരിച്ചു.

---

## സെക്രട്ടറിയേറ്റ് മാർച്ച്

**കൂടംകുളം** ആണവനിലയം കേരളത്തിന് സുരക്ഷാഭീഷണിയാണെന്ന് കേരള നിയമസഭ പ്രമേയം പാസ്സാക്കണമെന്ന് ആവശ്യപ്പെട്ട് 2012 ഒക്ടോബർ 29 ന് കൂടംകുളം ആണവനിലയ വിരുദ്ധസമര ഐക്യദാർഢ്യ സമിതിയുടെ നേതൃത്വത്തിൽ സെക്രട്ടേറിയേറ്റ് മാർച്ച് നടത്തി. കൂടംകുളം നിലയം എത്രയും പെട്ടെന്ന് കമ്മീഷൻ ചെയ്യാനുള്ള സർക്കാരിന്റെ നീക്കത്തിനെതിരെ, ഒക്ടോബർ 29 ന് ചെന്നൈ നിയമസഭാ മന്ദിരം സമരക്കാർ വളയുന്നതിന് ഐക്യദാർഢ്യം എന്ന നിലയിലാണ് കേരളത്തിൽ മാർച്ച് സംഘടിപ്പിച്ചത്. പാളയം രക്തസാക്ഷിമണ്ഡപത്തിൽ നിന്നാരംഭിച്ച മാർച്ച് സെക്രട്ടേറിയേറ്റ് കവാടത്തിൽ പോലീസ് തടഞ്ഞു. തുടർന്ന് നടന്ന പൊതുസമ്മേളനം ആർ.എസ്.പി. നേതാവ് ചന്ദ്രചൂഡൻ ഉദ്ഘാടനം ചെയ്തു. സുഗതകുമാരി ടീച്ചർ, കെ.അജിത, ആർച്ച് ബിഷപ്പ് സൂസപാക്യം, പാളയം ജുമാ മസജിദ് ഇമാം, സുബ്രഹ്മണ്യൻ, ടി.പീറ്റർ, വിഘ്നേഷ്, രാജൻ തുടങ്ങിയവർ പങ്കെടുത്തു.





# പുസ്തകപരിചയം

## ആദ്യത്തെ പത്ത്

**നിർമ്മല**
**പ്രണത ബുക്സ്**
**വില : 35.00**

നിർമ്മലയുടെ കഥകൾ വീടുകളെക്കുറിച്ചും അവിടെ പാർക്കുന്ന മനസ്സുകളെക്കുറിച്ചും ഉപാധികളും കെട്ടുപാടുകളുമില്ലാതെ സംസാരിക്കുന്നു. പാർക്കുന്ന ഇടം, അത് ചതുരത്തിലോ ത്രികോണത്തിലോ ആയാലും നിർമ്മലയുടെ കഥാപാത്രങ്ങൾ ലോകത്തിന്റെ വിഹ്വലതയെക്കുറിച്ചും വേഗങ്ങളെക്കുറിച്ചും ബോധമുള്ളവർ തന്നെ





## അൻവർ നസീറിന്റെ ചരിത്രപുസ്തകം

**അംബുജം കടമ്പൂര്**
**കൈരളി ബുക്സ്**
**വില : 60 രൂപ**


അംബുജം കടമ്പൂരിന്റെ കഥകൾ ഒറ്റസ്നാപ്പിൽ ഒപ്പിയെടുത്ത ചിത്രങ്ങൾ പോലെയാണ്. അധികം വാചാലയാവാതെ കഥാകാരി ഒരുപാട് മുഹൂർത്തങ്ങൾ നമുക്ക് വാങ്മയ ചിത്രങ്ങളാക്കിതരുന്നു. കഥപറച്ചിലിന്റെ രീതികൊണ്ട് വ്യത്യസ്തതപുലർത്തുന്ന കഥകളുടെ സമാഹാരം

## അഴകില്ലാത്തവയെല്ലാം

അനിത തമ്പി
കറന്റ് ബുക്സ്, തൃശൂർ വില : 40 രൂപ



നിന്നോട് സംസാരിച്ചു കൊണ്ട്
ഞാൻ കടലിനു മീതെ നടക്കുകയായിരുന്നു...
തിരകൾ
എന്റെ കാലടികളെ ഇക്കിളിയാക്കി
കാറ്റ് ഉടലിനെപായ്മരമാക്കി
വിശ്വസിക്കൂ എന്ന് പറഞ്ഞ്
ഞാൻ തിരിഞ്ഞു നോക്കുമ്പോൾ
നീയില്ല.
കണ്ണെത്തുന്നിടത്തെങ്ങും കരയില്ല,
കര തേടുന്ന കടൽക്കാക്കകളുമില്ല
അങ്ങനെയാണ്
ഇത്രമേൽ ആഴത്തിൽ
ഞാൻ
ഒറ്റയ്ക്കായത്






Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O), Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara